മാസിക
# സുന്നത്ത്

**2025 മെയ്**
1446 ദുൽഖഅ്ദ
പുസ്തകം 48/ ലക്കം 03
വില 18



Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
sunnethcirculation@gmail.com






**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari


**മുഖക്കുറി**

## തുടർപഠനം തെരഞ്ഞെടുക്കുമ്പോൾ

അവധിക്കാലമാണ്. വാർഷിക പരീക്ഷയുടെ റിസൾട്ടുകൾ വരാനിരിക്കുന്നു. വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്ന സമയമാണിത്. വിദ്യാർത്ഥികളുടെ അഭിരുചിക്കും ധാർമികവും വൈജ്ഞാനികവുമായ പുരോഗതിക്കും അനുയോജ്യമായ തുടർപഠന മേഖലകൾ തെരഞ്ഞെടുക്കാൻ രക്ഷിതാക്കളും അധ്യാപകരും ശ്രദ്ധിക്കണം. അമിതസ്വാതന്ത്ര്യവും വൈകാരികമായ ആസ്വാദനങ്ങളുമാകരുത് തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം. അവ വൈജ്ഞാനികമായ പുരോഗതി കൈവരിക്കാൻ സഹായിക്കില്ലെന്നു മാത്രമല്ല; ലഹരിയുടെയും അധാർമികമായ കൂട്ടുകെട്ടുകളുടെയും കെണിയിലേക്ക് കുട്ടികളെ കൊണ്ടെത്തിക്കുകയും ചെയ്യും. ധാർമികമായ ചുറ്റുപാടുകളും ശാന്തമായ പഠനാന്തരീക്ഷവുമുള്ള കലാലയങ്ങളാണ് തെരഞ്ഞെടുക്കേണ്ടത്. പെൺകുട്ടികൾക്ക് മതചിട്ടയോടെ ഐച്ഛികമായ തുടർപഠനം നൽകുന്ന സ്ഥാപനങ്ങൾ നിരവധിയുണ്ട്.

ധാർമികചിട്ടയും സുരക്ഷയും സ്വകാര്യതയുമെല്ലാം പരിഗണിച്ച് മക്കൾക്ക് അനുയോജ്യമായ ക്യാമ്പസുകൾ തെരഞ്ഞെടുക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. ലഹരിയും അവിശുദ്ധ കൂട്ടുകെട്ടുകളും വിദ്യാർത്ഥികളുടെ ജീവൻ തന്നെ അപകടത്തിലാക്കുന്ന കാലമാണിത്. എത്ര പണം നൽകിയാലും മോചനം ലഭിക്കാത്ത വിധം അവർ കുരുക്കുകളിൽ അകപ്പെട്ടുപോകും. തുടക്കത്തിൽ തന്നെ സൂക്ഷിച്ചില്ലെങ്കിൽ ദുഃഖിക്കേണ്ടി വരുമെന്ന് സാരം.

● എഡിറ്റർ


കവർസ്റ്റോറി

## ചൂരൽമലയിലെ അതിജീവന കഥകൾ

○ അബ്ദുല്ല ചെമ്പ്ര

കേരളം കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നായിരുന്നു ചൂരൽമലയിലെ ഉരുൾപൊട്ടൽ. പ്രതീക്ഷയുടെ ചിറകിലേറി പുതിയ പുലരികളെ സ്വപ്നം കാണുകയാണവർ. ചൂരൽമലയുടെ അതിജീവനത്തിന്റെ വർത്തമാനങ്ങൾ.

06



കവർസ്റ്റോറി

## കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗം

○ അനസ് ബുഖാരി

പുതിയകാലത്ത് വിദ്യാർത്ഥികളെ പൂർണമായും ഇന്റർനെറ്റിൽ നിന്ന് അകറ്റി നിർത്താൻ കഴിയില്ല. സുതാര്യവും സുരക്ഷിതവുമായ ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ച് രക്ഷിതാക്കൾ മക്കളെ ബോധവാന്മാരാക്കണം.

12



കവർസ്റ്റോറി

## ശ്രദ്ധയോടെ വേണം പാരന്റിംഗ്

○ ഡോ. നൂറുദ്ദീൻ റാസി

സാങ്കേതികവിദ്യയും സ്മാർട്ട് ഡിവൈസുകളും വ്യാപകമായി ഉപയോഗിക്കുന്ന കാലത്ത് രക്ഷാകർതൃത്വം ശ്രമകരമായ ദൗത്യമാണ്. മക്കളുടെ മാനസികമായ പെരുമാറ്റങ്ങൾ രക്ഷിതാക്കൾ കൃത്യമായി നിരീക്ഷിക്കണം.

15






18

### കുട്ടികളിൽ സഹാനുഭൂതി വളർത്താം


ജാശിർ കുന്നളം

### യുവത്വം വസന്തകാലം

സിയാദ് സഖാഫി പാറന്നൂർ



22



26

### തവക്കുൽ പൊരുളും പ്രയോഗവും

സൈനുദ്ദീൻ ശാമിൽ ഇർഫാനി

05 തസ്കിയ
30 ശാഫിഈ ഫിഖ്ഹ്
35 ഹനഫീ ഫിഖ്ഹ്

നോവൽ 37
ചരിത്രാഖ്യായിക 40
തീരം 50

29 **സ്വർഗം നിഷിദ്ധമായ മൂന്ന് വിഭാഗങ്ങൾ**
ശാമിൽ ഹൈസൈനാർ കാരികുളം

30 **പ്രസവം: വീട്ടിലും ഹോസ്പിറ്റലിലും**
ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

33 **ഉള്ഹിയ്യത്തിൽ ശ്രദ്ധിക്കാൻ**
സ്വലാഹ് ബുഖാരി കരിപ്പമണ്ണ

43 **അഹ്ലുസ്സുന്നയുടെ ആദർശഭംഗി**
റൈഹാൻ എ. കരീം

46 **പൊരുതാം ലഹരിക്കെതിരെ**
സുലൈമാൻ സഖാഫി കുഞ്ഞുകുളം

തസ്കിയ

# രക്തസാക്ഷികളുടെ പുണ്യം നേടാം

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'അല്ലാഹുവിനു ചില ദാസന്മാരുണ്ട്. രക്തസാക്ഷിത്വം നൽകാതെ അവരെ അവൻ തടഞ്ഞുവെക്കും, സൽകർമ്മങ്ങളിലായി അവർക്ക് ആയുസ്സ് നീട്ടിക്കൊടുക്കും, അവരുടെ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തിക്കൊടുക്കും, അവർക്ക് ക്ഷേമസമ്പന്നമായ ജീവിതം നൽകും. ഒടുവിൽ സ്വസ്ഥമായി വിരിപ്പിൽ കിടക്കവേ അവരുടെ ആത്മാക്കളെ അവൻ പിടിച്ചെടുക്കും. അവർക്ക് രക്തസാക്ഷികളുടെ പ്രതിഫലമാണവൻ നൽകുക.' (ഇമാം ത്വബ്റാനി)

രക്തസാക്ഷികളുടെ പ്രതിഫലം അതിമഹത്താണ്. മരണപ്പെട്ടാൽ നേരെ സ്വർഗത്തിൽ പോകുന്നവരാണവർ. എന്നാൽ, ശത്രുക്കളുമായി ഏറ്റുമുട്ടി ജീവൻ സമർപ്പിക്കാതെ പ്രയാസങ്ങളൊന്നുമില്ലാത്ത ജീവിതം നയിച്ച്, സ്വസ്ഥമായി വിരിപ്പിൽ കിടന്നു മരണം വരിക്കുന്ന ചിലർക്കും ഈ രക്തസാക്ഷികളുടെ പ്രതിഫലം ലഭിക്കുമെന്നോ?

അതേ, ആയുസ്സ് എന്ന മഹത്തായ അനുഗ്രഹം അല്ലാഹുവിന്റെ മാർഗത്തിലായി വേണ്ടവിധം വിനിയോഗിക്കുന്നവർക്കാണ് ഈ പ്രതിഫലം ലഭിക്കുക. നമുക്ക് എത്ര കാലം ജീവിക്കാൻ കഴിയും? ഒരാൾക്കും അത് നിശ്ചയമില്ല. അല്ലാഹുവിന്റെ നിശ്ചയമാണത്. ചിലർക്കവൻ ആയുസ്സ് നീട്ടിക്കൊടുക്കുന്നു. ചിലരെ നേരത്തെ തന്നെ തിരിച്ചു വിളിക്കുന്നു. എങ്ങനെയായാലും, കിട്ടിയ സമയം വേണ്ടവിധം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നാണ് നോട്ടം.

നമുക്കറിയാമല്ലോ, തിരുനബി(സ)യുടെ ഈ വചനം: 'നാലു കാര്യങ്ങളെക്കുറിച്ച് ചോദിക്കപ്പെടാതെ അന്ത്യനാളിൽ ഒരാളുടെയും പാദങ്ങൾ മുന്നോട്ടു ചലിപ്പിക്കാനാവില്ല. തന്റെ ആയുഷ്കാലം എങ്ങനെ കഴിച്ചുകൂട്ടി? യൗവനകാലം എങ്ങനെ വിനിയോഗിച്ചു? സമ്പത്ത് എങ്ങനെ സമ്പാദിച്ചു? എങ്ങനെ ചെലവഴിച്ചു? ഇവയാണ് ആ നാലു കാര്യങ്ങൾ.'

ഒന്ന് ചിന്തിച്ചു നോക്കുക: നാം ഇപ്പോൾ ജീവിച്ചിരിക്കുന്നു. അടുത്ത നിമിഷം നമ്മുടെ അവസ്ഥ എങ്ങനെയായിരിക്കും എന്നറിയില്ല. നമ്മുടെ ഈ നിമിഷം എങ്ങനെ കടന്നുപോകുന്നു? അല്ലാഹുവിനെക്കുറിച്ച് ചിന്തയുണ്ടോ? അവൻ നടത്തുന്ന വിചാരണയെക്കുറിച്ചു വിചാരമുണ്ടോ? നന്മകൾ പ്രവർത്തിക്കുന്നുണ്ടോ? നന്മ വിചാരങ്ങൾ മനസ്സിലുണ്ടോ? എങ്കിൽ നമുക്കു നേരിയൊരു ആശ്വാസത്തിന് വകയുണ്ട്. പക്ഷേ, നമ്മുടെ അവസ്ഥയെന്താണ്? വിനോദങ്ങളാണ് നമുക്ക് പ്രധാനം. മനസ്സിനെ സുഖിപ്പിക്കുന്ന, ശരീരത്തെ സുഖിപ്പിക്കുന്ന വിനോദങ്ങൾ! കയ്യിൽനിന്നു നിലത്തുവെക്കാൻ മടിക്കുന്ന സ്മാർട്ട്ഫോണിൽ മണിക്കൂറുകളാണ് ചെലവഴിക്കുന്നത്. മറ്റുപല വിനോദങ്ങൾക്കുമായി നമ്മുടെ സമയം മാത്രമല്ല, പണവും ദുർവിനിയോഗം നടത്തുന്നു. അങ്ങനെ ആയുസ്സിൽ നല്ലൊരു ഭാഗം വെറുതെ കടന്നുപോകുന്നു. അങ്ങനെയത് നമുക്കു വിനയായിത്തീരുന്നു. എന്തു മറുപടിയാണ് മഹ്ശറിൽ പ്രസ്തുത ചോദ്യങ്ങൾക്ക് നാം നൽകുക? അല്പമൊന്നു ചിന്തിച്ചിരുന്നെങ്കിൽ രക്തസാക്ഷിയുടെ പ്രതിഫലം നമുക്ക് കൈവരിക്കാമായിരുന്നില്ലേ? വിശ്വാസികൾ ജാഗ്രത പൂണ്ടേ പറ്റൂ.

കവർസ്റ്റോറി

അബ്ദുല്ല ചെമ്പ്ര, ശാകിർ കൂരാട്

# ചൂരൽമല: അതിജീവനത്തിന്റെ വർത്തമാനങ്ങൾ

ചെറിയപെരുന്നാളിന്റെ ആരവങ്ങളടങ്ങുമ്പോഴാണ് ചൂരൽമലയിലേക്കൊരു യാത്ര പോയത്. ഒറ്റരാത്രികൊണ്ട് സർവ്വവും നഷ്ടപ്പെട്ട ഒരു ജനത മരണക്കയത്തിൽ നിന്ന് ജീവിതവെളിച്ചത്തിലേക്ക് തിരിച്ചുകയറുന്നതിന്റെ അതിജീവനകഥകൾ അറിയുകയായിരുന്നു ലക്ഷ്യം. കഴിഞ്ഞ വർഷത്തെ പെരുന്നാൾദിനത്തിൽ എല്ലാവരും ഒരുമിച്ചിരുന്ന് വർത്തമാനങ്ങൾ പറഞ്ഞ് വിഭവങ്ങൾ വിളമ്പി ആഘോഷിച്ചത് അവരുടെ ഓർമകളിൽ മായാതെ കിടപ്പുണ്ട്. ഉരുൾ ഉയിരുകവർന്ന പ്രിയപ്പെട്ടവരുടെ ഖബറുകൾക്കരികിലെത്തി അവർ പ്രാർത്ഥന നടത്തുന്ന വൈകാരിക രംഗം സോഷ്യൽമീഡിയയിൽ പലരും പങ്കുവെച്ചിരുന്നു. നാടും നാട്ടുകാരും വീടും വീട്ടുകാരുമെല്ലാം നഷ്ടപ്പെട്ട ഒരു ജനതയുടെ ഈ പെരുന്നാൾ എങ്ങനെയായിരിക്കും?

പള്ളിപ്പുറം റെയിൽവേ സ്റ്റേഷനിൽ നിന്ന് അതിരാവിലെ പുറപ്പെട്ട് കോഴിക്കോടുനിന്ന് ബസ്സ് കയറി ഞങ്ങൾ കല്പറ്റയിൽ ഇറങ്ങിയപ്പോഴേക്കും ചൂരൽമലയിലേക്കുള്ള കെ.എസ്.ആർ.ടി.സി ബസ് തൊട്ടരികിലൂടെ കടന്നുപോയി. രണ്ടുമണിക്കൂർ കഴിഞ്ഞാണത്രെ അടുത്ത ബസ്സ്. മേപ്പാടിയിലേക്കുള്ള ബസ് കയറിയാൽ അവിടെ നിന്ന് ഷെയർ ടാക്സി ജീപ്പുകൾ കിട്ടുമെന്നറിഞ്ഞപ്പോൾ അങ്ങനെയാകാമെന്നു വെച്ചു. മേപ്പാടിയിൽ ബസ്സിറങ്ങി ചൂരൽമലയിലേക്കുള്ള ജീപ്പിൽ കയറി.

## ഉസ്താദ് പറഞ്ഞ കഥ

ജീപ്പിൽ ഒരു ഉസ്താദുമുണ്ടായിരുന്നു. ഉസ്താദിനോട് വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. അദ്ദേഹം പറഞ്ഞുതുടങ്ങി: ''ദുരന്തത്തിൽ എന്റെ വീടിനും കാര്യമായ കേടുപാടുകൾ പറ്റി. താമസയോഗ്യമല്ലാത്തതിനാൽ ഇപ്പോൾ കൽപ്പറ്റയിലാണ് താമസം. ചൂരൽമലയിലേക്ക് ജുമുഅ നിസ്കരിക്കാൻ പോവുകയാണ്. ചൂരൽമലക്കടുത്തുള്ള ഒരു പള്ളിയിലായിരുന്നു സേവനം ചെയ്തിരുന്നത്. ഇപ്പോൾ ജോലിയില്ല. വല്ലപ്പോഴും കൂലിപ്പണിക്കു പോയി ചെറുതെന്തെങ്കിലും സമ്പാദിക്കും.''

വയനാടിന്റെ ഗ്രാമപാതകളിലൂടെ ജീപ്പ് മുന്നോട്ടുനീങ്ങി. പെരുന്നാൾ അവധിയും സ്കൂൾ വെക്കേഷനും ഒരുമിച്ചു വന്നതിനാൽ വയനാട്ടിൽ ഒരുപാട് വിനോദ സഞ്ചാരികളുണ്ട്. ചൂരൽമല - മുണ്ടക്കൈ ദുരന്തത്തിനു ശേഷം വയനാട് വീണ്ടും സജീവമാവുകയാണ്. തേയിലത്തോട്ടങ്ങൾക്കു നടുവിൽ പലയിടത്തും വിനോദസഞ്ചാരികളെ ആകർഷിക്കാൻ സിപ്ലൈനും ട്രക്കിംഗും ഗ്ലാസ് ബ്രിഡ്ജുമെല്ലാം ഒരുക്കിയിട്ടുണ്ട്.

ഉസ്താദ് തുടർന്നു: ''ദുരന്തം കുടുംബത്തെ നേരിട്ട് ബാധിച്ചില്ലെങ്കിലും അന്നത്തെ കുലുക്കത്തിൽ വീടിന്റെ മേൽക്കൂര തകർന്നു വീണിരുന്നു. ചൂരൽമലയിൽ പുതിയവീടിന്റെ പണി നടക്കുന്നതിനിടെയാണ് ദുരന്തമുണ്ടായത്. ആ വീട് ആർക്കെങ്കിലും വിൽക്കണം. ഇനിയവിടെ താമസിക്കാൻ കഴിയില്ല. അങ്ങോട്ട് പോകാൻ മനസ്സ് പാകപ്പെടുന്നില്ല. മനസ്സ് നിറയെ വേദനയാണ്. എനിക്ക് ഒരു സ്ട്രോക്ക് കഴിഞ്ഞതാണ്. വലിയ സങ്കടങ്ങളൊന്നും താങ്ങാൻ കഴിയില്ല. ചൂരൽമലയിലെ ദുരന്തഭൂമി നേരിട്ടുകാണുമ്പോൾ നിങ്ങൾക്കുമത് മനസ്സിലാകും.''

ജൂലൈ 30ന്റെ നടുക്കുന്ന ഓർമ്മകളിൽ നിന്ന് അവരിപ്പോഴും മോചിതരായിട്ടില്ലെന്ന് ഉസ്താദിന്റെ വാക്കുകളിൽ നിന്നു വ്യക്തമാണ്. പ്രതീക്ഷകളോടെ പുതിയൊരു ജീവിതം കെട്ടിപ്പടുക്കുകയാണവർ. യാത്രയ്ക്കിടയിൽ തേയിലത്തോട്ടങ്ങളുടെയും മരങ്ങളുടെയുമിടയിൽ അകലെ



വിജനമായ ഒരിടം കാണിച്ച് ഉസ്താദ് പറഞ്ഞു: ''ആ കാണുന്ന പ്രദേശത്താണ് ചൂരൽമലദുരന്തത്തിൽ മരണപ്പെട്ടവരെ മറവുചെയ്തിരിക്കുന്നത്, പുത്തുമലയാണത്.''

പുത്തുമലക്കുമുണ്ട് ഒരു ഉരുൾദുരന്തത്തിന്റെ കഥപറയാൻ; 2019ൽ ഒത്തിരിപേരുടെ ജീവനെടുത്ത വയനാട്ടിലെ മറ്റൊരു ഉരുൾപൊട്ടലുണ്ടായ പ്രദേശമാണത്. ചൂരൽമല – മുണ്ടക്കൈ ദുരന്തവുമായിത്താരതമ്യം ചെയ്യുമ്പോൾ അപായത്തിന്റെ തോത് അല്പം കുറവാണെന്നു മാത്രം. പുത്തുമലയിൽ കല്ലും മണ്ണും മലവെള്ളവുമടങ്ങുന്ന ഉരുൾപ്രവാഹം പുഴയിലൂടെ കരകവിഞ്ഞുവന്നപ്പോൾ ചൂരൽമലയിൽ പുഴയും കരയുമറിയാത്തൊരു കടൽ രൂപപ്പെടുകയായിരുന്നു.

## തകർന്നു വീണ സ്വപ്നങ്ങൾ

ചൂരൽമലയിലെത്തി. അടുത്തുള്ള പള്ളിയും മദ്റസയും പരിസരപ്രദേശങ്ങളും ചുറ്റിക്കണ്ടു. വലിയൊരു അങ്ങാടി മുഴുക്കെ നിശ്ചലമായിരിക്കുന്നു. മേപ്പാടി കഴിഞ്ഞാൽ പ്രദേശത്തെ തരക്കേടില്ലാത്ത അങ്ങാടിയായിരുന്നത്രെ ചൂരൽമല. സൂപ്പർമാർക്കറ്റുകളും മറ്റു സൗകര്യങ്ങളുമെല്ലാം ചൂരൽമലയിലുണ്ടായിരുന്നു.

ടൗണിന്റെ പുറകുവശത്ത് പൂർണവും ഭാഗികവുമായി തകർന്ന അനേകം വീടുകൾ. ഞങ്ങൾ ആ ഭാഗത്തേക്കിറങ്ങി. വീടുകളുടെ ഉൾവശത്ത് മണ്ണടിഞ്ഞുകൂടിയിട്ടുണ്ട്. ചിലത് ജനാല വരെ, ചിലത് മേൽക്കൂരവരെ, ചില വീടുകൾ പൂർണ്ണമായും മണ്ണുമൂടിയിരിക്കുന്നു. പാത്രങ്ങളും അവശിഷ്ടങ്ങളും ചളി പുരണ്ട് ചിതറിക്കിടക്കുന്നു. മരണപ്പെട്ടുപോയവരുടെ ഫ്രെയിം ചെയ്ത

**വയനാടിന്റെ ഗ്രാമപാതകളിലൂടെ ജീപ്പ് മുന്നോട്ടുനീങ്ങി. പെരുന്നാൾ അവധിയും സ്കൂൾ വെക്കേഷനും ഒരുമിച്ചു വന്നതിനാൽ വയനാട്ടിൽ ഒരുപാട് വിനോദസഞ്ചാരികളുണ്ട്. ചൂരൽമല ദുരന്തത്തിനു ശേഷം വയനാട് വീണ്ടും സജീവമാവുകയാണ്. തേയിലത്തോട്ടങ്ങൾക്കു നടുവിൽ പലയിടത്തും വിനോദസഞ്ചാരികളെ ആകർഷിക്കാൻ സിപ്പ്ലൈനും ട്രക്കിംഗും ഗ്ലാസ്ബ്രിഡ്ജുമെല്ലാം ഒരുക്കിയിട്ടുണ്ട്.**



വീടുകളുടെ ഉൾവശത്ത് മണ്ണടിഞ്ഞുകൂടിയിട്ടുണ്ട്. ചിലത് ജനാല വരെ, ചിലത് മേൽക്കൂര വരെ, ചില വീടുകൾ പൂർണ്ണമായും മണ്ണുമൂടിയിരിക്കുന്നു. പാത്രങ്ങളും അവശിഷ്ടങ്ങളും ചളി പുരണ്ട് ചിതറിക്കിടക്കുന്നു. മരണപ്പെട്ടു പോയവരുടെ ഫ്രെയിം ചെയ്ത ഫോട്ടോകൾ നിർവികാരതയോടെ ഞങ്ങളെ നോക്കുന്ന പോലെ തോന്നി.

ഫോട്ടോകൾ നിർവികാരതയോടെ ഞങ്ങളെ നോക്കുന്ന പോലെ തോന്നി. ഉരുൾജലമൊഴുകിയ ഭാഗത്ത് ഒരു തെളിനീരരുവി രൂപപ്പെട്ടിട്ടുണ്ട്. ചുറ്റും ചെറുതും വലുതുമായ പാറക്കഷ്ണങ്ങൾ. അപ്പുറത്തേക്ക് കടന്നപ്പോൾ ചുറ്റും നിറം മങ്ങിയ വീടുകൾ. വിജനമൂകമായിക്കിടക്കുന്ന ആ വീട്ടുമുറ്റങ്ങൾ കണ്ടാലറിയാം അവിടെയിപ്പോഴാരും താമസിക്കുന്നില്ലെന്ന്. തൊട്ടടുത്ത് കടപുഴകിയ മരങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. ഒരു കെട്ടിടത്തിനു മുൻവശത്ത് കുറെ ഫയലുകളും രജിസ്റ്ററുകളും കിടക്കുന്നു. ഒരു കൗതുകത്തിന് തുറന്നു വായിച്ചു നോക്കി. ഏതോ ആപ്പീസിന്റെ വരവുചെലവുകൾ രേഖപ്പെടുത്തിയ കടലാസുകളാണ്.

തിരിച്ചുനടക്കുമ്പോൾ രണ്ടു പോലീസുകാർ കൈ കൊട്ടി വിളിച്ചു. 'എന്താണിവിടെ?, എവിടെ നിന്നു വരുന്നു?, നിങ്ങളുടെ ഐ .ഡി കാർഡ് കാണിക്കൂ, ആരോട് ചോദിച്ചിട്ടാണിങ്ങോട്ടു കയറിയത്?' ഗൗരവത്തോടെയാണ് ചോദ്യങ്ങൾ. പേരുവിവരങ്ങളും വരവിന്റെ ഉദ്ദേശ്യവും പറഞ്ഞപ്പോൾ അവർ വാണിംഗ് നൽകി: 'ആഴമുള്ള കിണറുകളും കുഴികളുമൊക്കെയുള്ള സ്ഥലമാണിത്. ഇതിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നത് അപകടമാണ്. നാട്ടുകാരോട് ചോദിച്ചാലറിയാം ദുരന്തത്തിന്റെയും അതിജീവനത്തിന്റെയും കഥകൾ.' അല്പനേരം കുശലം പറഞ്ഞ് പോലീസുകാർ ക്യാമ്പ് ചെയ്യുന്ന തൊട്ടടുത്തുള്ള വീട്ടിലേക്കു നടന്നു.

## പ്രതീക്ഷകൾ, പ്രാർത്ഥനകൾ

ളുഹർ ബാങ്ക് വിളിക്കാറായപ്പോൾ ജുമുഅ നിസ്കാരത്തിനായി പള്ളിയിലേക്ക് നീങ്ങി. സമ്പന്നമായ മഹല്ലായിരുന്നു ചൂരൽമല. പള്ളിയുടെ കീഴിൽ ഒരുപാട് വാടകക്കെട്ടിടങ്ങൾ ചൂരൽമലയിലുണ്ടായിരുന്നു. അതിൽ നിന്നെല്ലാം പള്ളിക്ക് തരക്കേടില്ലാത്ത വരുമാനവുണ്ടായിരുന്നു. ഇപ്പോൾ എല്ലാം നിലച്ച മട്ടാണ്. ഒന്നോ രണ്ടോ കടകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ദുരന്തത്തിന്റെ ആഘാതത്തിൽ നാടും വീടുമുപേക്ഷിച്ച് ഓടിപ്പോയവരാണ് മിക്കവരും. മേപ്പാടിയിലും കൽപ്പറ്റയിലും താമസിക്കുന്നവരെല്ലാം വെള്ളിയാഴ്ച ജുമുഅ നിസ്കാരത്തിനായി ചൂരൽമലയിലെ പള്ളിയിലെത്തും. പള്ളിയിലെ ഉസ്താദിനെയും പരിസരത്ത് താമസിക്കുന്ന കുറച്ചാളുകളെയും കണ്ട് സൗഹൃദബന്ധങ്ങൾ പുതുക്കും. ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്ന പ്രിയപ്പെട്ടവർക്ക് പ്രാർത്ഥിച്ച് അവർ താമസസ്ഥലത്തേക്ക് മടങ്ങും.

എല്ലാം നഷ്ടപ്പെട്ടവർ പൂജ്യത്തിൽ നിന്ന് വീണ്ടും ജീവിതം പുനരാരംഭിക്കുന്ന കാഴ്ച കാണാം ചൂരൽമലയിൽ. പ്രതീക്ഷയോടെ സഹകരിച്ചും അധ്വാനിച്ചും ജീവിതം കരുപ്പിടിപ്പിക്കാനുള്ള തീവ്രയജ്ഞത്തിലാണവർ. പലർക്കും പലതും നഷ്ടപ്പെട്ടു. സന്നദ്ധസംഘടനകളുടെ സഹായങ്ങൾ പലർക്കും ലഭിച്ചിട്ടുണ്ട്. ഓട്ടോ തൊഴിലാളികൾ പുതിയ ഓട്ടോകളുമായി അങ്ങാടികളിലുണ്ട്. കച്ചവടം നടത്തിയിരുന്നവർക്ക് പുതിയ കടകൾ തുടങ്ങാനുള്ള സഹായങ്ങൾ പലരും ചെയ്തുകൊടുത്തിരിക്കുന്നു. നഷ്ടപ്പെട്ടതിനെക്കുറിച്ചാലോചിച്ച് നിരാശയുടെ നീർക്കയങ്ങളിലേക്ക് ഊളിയിടാൻ നൂറുനൂറു കാരണങ്ങളുണ്ടാകുമ്പോഴും പുത്തൻ പ്രതീക്ഷകളുടെ ചിറകുകളിലേറി ജീവിതത്തെ തുന്നിച്ചേർക്കുകയാണവർ.



## പടച്ചറബ്ബുണ്ടല്ലോ, വഴിയുണ്ടാകും

ജുമുഅനിസ്കാരത്തിനു ശേഷം പള്ളിയിലെ ഉസ്താദിനോടും അവിടെയുണ്ടായിരുന്നവരോടും സംസാരിച്ചു. ആ രാത്രിയുടെ നടുക്കുന്ന ഓർമകൾ ഭീതിയോടെ അവർ വിവരിച്ചു. 'മരണത്തെ മുന്നിൽ കണ്ടു. ഉറക്കെ ശഹാദത്ത് ചൊല്ലി തേയിലത്തോട്ടത്തിന്റെ ഉയരങ്ങളിലേക്കും കുന്നുകളിലേക്കും ഓടിക്കയറി. ഉരുൾപൊട്ടൽ ചൂരൽമലയിൽ അപൂർവ്വമല്ല. ഇടയ്ക്കിടെ സംഭവിക്കാറുണ്ട്. എന്നാൽ, ഒറ്റരാത്രികൊണ്ട് കാര്യങ്ങൾ ഇങ്ങനെ കീഴ്മേൽമറിയുമെന്ന് സ്വപ്നത്തിൽപോലും നിനച്ചിരുന്നില്ല.

**വിനോദസഞ്ചാരികളുടെ വരവിന്റെ കാര്യത്തിൽ ചൂരൽമലനിവാസികൾ ഭിന്നാഭിപ്രായക്കാരാണ്. ചൂരൽമലയെ ഒരു ഡിസാസ്റ്റർ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനോട് നാട്ടുകാർക്ക് ഒട്ടും താല്പര്യമില്ല. സന്ദർശകരെ നിയന്ത്രിക്കാൻ കൂടുതൽ പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. മനുഷ്യർ ഈ ദുരന്തഭൂമി കണ്ട് പാഠമുൾക്കൊള്ളട്ടെ എന്നു ചിന്തിക്കുന്നവരുമുണ്ട് കൂട്ടത്തിൽ.**



ഞാൻ 40 വർഷം കൊണ്ട് സമ്പാദിച്ചതെല്ലാം ഒറ്റരാത്രികൊണ്ട് ഇല്ലാതായി. ഇപ്പോൾ പൂജ്യത്തിൽ നിന്ന് തുടങ്ങുകയാണ്. എല്ലാം ശരിയാകും. വഴികൾ കാണാതിരിക്കില്ല, പടച്ച റബ്ബുണ്ടല്ലോ.' ഒരു സഹോദരന്റെ വാക്കുകൾ.

## സഞ്ചാരികൾ വരണം. പക്ഷേ,

ചൂരൽമലയുടെ അടുത്താണ് സൂചിപ്പാറ വെള്ളച്ചാട്ടവും തൊള്ളായിരംകണ്ടി ട്രക്കിംഗും ഗ്ലാസ്ബ്രിഡ്ജുമെല്ലാമുള്ളത്. അവിടേക്കു വരുന്ന പല സഞ്ചാരികളും ചൂരൽമലയും കണ്ടാണ് മടങ്ങുന്നത്. ചൂരൽമല കാണാൻ വേണ്ടി മാത്രം വരുന്നവരുമുണ്ട്. ടൂറിസ്റ്റ്ബസുകളിലും ട്രാവലറുകളിലും കാറുകളിലുമായി ആളുകൾ വന്നിറങ്ങുന്നു. ബെയ്‌ലി പാലം വരെ നടന്നു കാണാൻ മാത്രമാണ് അനുമതിയുള്ളത്. അവിടെ രണ്ടു പൊലീസുകാർ കാവലിരിക്കുന്നുണ്ട്. വിനോദസഞ്ചാരികളുടെ വരവിന്റെ കാര്യത്തിൽ ചൂരൽമലനിവാസികൾ ഭിന്നാഭിപ്രായക്കാരാണ്. ചൂരൽമലയെ ഒരു ഡിസാസ്റ്റർ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനോട് നാട്ടുകാർക്ക് ഒട്ടും താല്പര്യമില്ല. സന്ദർശകരുടെ വരവ് നിയന്ത്രിക്കണമെന്ന നാട്ടുകാരുടെ പരാതി പരിഗണിച്ച് കൂടുതൽ പോലീസുകാരെ ചൂരൽമലയിൽ നിയോഗിച്ചിട്ടുണ്ട്.

മനുഷ്യർ ഈ ദുരന്തഭൂമി കണ്ട് പാഠമുൾക്കൊള്ളട്ടെ എന്നു ചിന്തിക്കുന്നവരുമുണ്ട് കൂട്ടത്തിൽ. വിനോദസഞ്ചാരികൾ വന്നുതുടങ്ങിയാലേ ജീവിതനിലവാരം മെച്ചപ്പെടൂ എന്നു പറയുന്നവരുമുണ്ട്. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ അത്രമേൽ പ്രയാസപ്പെടുന്നവരാണ് ഇടത്തരം കച്ചവടക്കാർ. ചൂരൽമല ടൗണിൽ ചായക്കട നടത്തുന്ന ഒരു സഹോദരനെ പരിചയപ്പെട്ടു: ''നാട്ടുകാർ ആരുമില്ലാതെ വിഭവങ്ങൾ ആരു വാങ്ങിക്കാനാണ്? രാവിലെ തയ്യാറാക്കി കൊണ്ടുവന്ന പലഹാരങ്ങളാണിത്. ഇപ്പോൾ വൈകുന്നേരമായി. ഇതൊന്നും ഇതുവരെ ചെലവായിട്ടില്ല.''

ഗ്ലാസിലേക്ക് ചൂടുള്ള ചായ പകർന്ന് അയാൾ തുടർന്നു: ''ദുരന്തഫലങ്ങൾ കൂടുതൽ ബാധിച്ചത് ഞങ്ങളെപ്പോലുള്ള കച്ചവടക്കാരെയാണ്. ദുരന്തം നേരിട്ടു ബാധിച്ച പലർക്കും വീടുകളും സൗകര്യങ്ങളുമായി. ഭാവിയിൽ അവ ലഭിക്കുമെന്ന ഉറപ്പെങ്കിലും കിട്ടി. അതുവരെ സുരക്ഷിതരായി താമസിക്കാൻ സംവിധാനങ്ങളുണ്ടായി. എന്നാൽ, അങ്ങാടിയിൽ കച്ചവടം ചെയ്തിരുന്നവരുടെ ജീവിതോപാധികളും ഉപജീവനമാർഗങ്ങളും നിലച്ചു. ദുരന്തത്തിന്റെ പേരിൽ ഒരാനുകൂല്യവും ലഭിച്ചില്ല. ഉരുൾപൊട്ടിയ ഭാഗങ്ങളിലൂടെ മഴക്കാലത്ത് മലവെള്ളം വന്നാൽ ഞങ്ങളുടെ ജീവിതം പാടെ അവതാളത്തിലാകും. എല്ലാം നല്ലതിനാകുമെന്ന ഒരു പ്രതീക്ഷയുടെ പുറത്താണീ അധ്വാനമെല്ലാം.''

കടയുടെ മുൻവശത്തു നിൽക്കുന്ന ഒരു യുവാവിനെ ചൂണ്ടി ചായക്കടക്കാരൻ പറഞ്ഞു: ''ഇപ്പോൾ ഇവിടെ ഞങ്ങളൊക്കെത്തന്നെയുള്ളൂ, അവൻ എല്ലാ ദിവസവും മൃഗങ്ങൾക്ക് തീറ്റ കൊടുക്കാൻ ഇവിടെ വരും. കുറച്ചു നേരം കഴിഞ്ഞാൽ മടങ്ങും. ഈ പ്രദേശത്തൊന്നും താമസിക്കാൻ ജനങ്ങൾക്ക് സർക്കാറിന്റെ അനുമതിയില്ല. സർവ്വേലൈൻ വരച്ചുകഴിഞ്ഞു. അങ്ങാടിയിലെ കടകളിലേക്ക് വൈദ്യുതി കണക്ഷനില്ല. ഇത് പള്ളിയുടെ കെട്ടിടമായതിനാൽ തൽക്കാലം പള്ളിയിൽ നിന്ന് വൈദ്യുതി എടുത്തിരിക്കുകയാണ്.''



താമസിച്ചിരുന്ന വീട്, കൂടെയുണ്ടായിരുന്ന കൂട്ടുകാർ, ഉല്ലസിച്ചുനടന്ന കളിയിടങ്ങൾ, സൊറ പറഞ്ഞിരുന്ന പീടിക വരാന്തകൾ... എല്ലാം ഒറ്റ ദിവസം കൊണ്ട് ഓർമയായി മാറി. ഇപ്പോഴും ഞാൻ പ്രതീക്ഷയോടെ ആഗ്രഹിക്കും; ഒരു പ്രഭാതത്തിൽ വീണ്ടും പഴയ ചൂരിൽമലയിലായി ഉണരാൻ കഴിഞ്ഞെങ്കിലെന്ന്.

## ഒടുവിലെ കാഴ്ചകൾ

ദിവസവും മൃഗങ്ങളെ പരിപാലിക്കാനെത്തുന്ന യുവാവ് എന്നു കേട്ടപ്പോൾ ഞങ്ങൾക്ക് കൗതുകമായി. ആ യുവാവിനെ പരിചയപ്പെട്ടു. ദുരന്തത്തിൽ ചെറിയച്ഛനും വല്യച്ഛനുമടക്കം ഒരു ഡസനോളം പേർ കുടുംബത്തിൽ നിന്ന് നഷ്ടപ്പെട്ട ചെറുപ്പക്കാരൻ. അദ്ദേഹം സംസാരിച്ചു തുടങ്ങി: 'ജൂലൈ 30നു മുമ്പുള്ള ദിവസങ്ങളിൽ ചൂരൽമലയിൽ കനത്ത മഴയായിരുന്നു. ഒരാഴ്ചയോളം നീണ്ടുനിന്ന പെരുമഴ. ദുരന്തത്തിന്റെ രണ്ടുമൂന്നു ദിവസം മുമ്പ് മലമുകളിൽ കാടിനോട് ചേർന്നുള്ള ഒരു റിസോർട്ടിലായിരുന്നു ഞാൻ. അതിഥികളുള്ള സമയമായതിനാൽ അവിടെ നിൽക്കൽ അനിവാര്യമായിരുന്നു. രാത്രി പെരുമഴ പെയ്തു. പിറകുവശത്തെ മലമുകളിൽ നിന്ന് ഉരുൾപൊട്ടുന്ന വലിയ ശബ്ദം കേട്ടു. ഞാൻ താഴെയുള്ള റിസോർട്ടിലേക്കു പോയി. നേരം പുലരുവോളം അവിടെയുള്ളവർക്ക് കാവലിരുന്നു. ഞാൻ താമസിച്ചിരുന്ന ഭാഗമെല്ലാം ഉരുൾപൊട്ടി ഒലിച്ചുപോയെന്നാണ് വീട്ടുകാർ വിചാരിച്ചത്. നെറ്റ്‌വർക്ക് കണക്ഷനില്ലാത്തതിനാൽ ആരോടും ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. അടുത്ത ദിവസം ഞാൻ വീട്ടിലെത്തിയപ്പോഴാണ് എല്ലാവർക്കും സമാധാനമായത്. എല്ലാവരും വന്ന് വിവരങ്ങളന്വേഷിച്ചു. അന്നാണ് അവസാനമായി ഞാൻ ചെറിയച്ഛനെ കാണുന്നത്. എനിക്കെന്തെങ്കിലും സംഭവിച്ചോ എന്നു ചോദിച്ചുകൊണ്ടാണ് ചെറിയച്ഛൻ കയറിവന്നത്. ഞങ്ങൾക്കെന്തു സംഭവിച്ചാലും ഓടിയെത്താറുണ്ടായിരുന്നത് ചെറിയച്ഛനും വലിയച്ഛനുമെല്ലാമായിരുന്നു. ചെറിയച്ഛൻ അച്ഛനുമായി അവസാനമായി സംസാരിച്ചതും അന്നാണ്. ശാരീരികമായി പ്രയാസമനുഭവിക്കുന്ന അച്ഛനുമൊത്ത് ഏറെനേരം ചെലവഴിച്ച് മൂന്നൂറ് രൂപയും നൽകിയാണ് വലിയച്ഛൻ പോയത്. അത് അവസാന കണ്ടുമുട്ടലായിരിക്കുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.'

ഒരു നെടുവീർപ്പോടെ അയാൾ തുടർന്നു: 'ദുരന്തം നടന്ന രാത്രി മൂന്നുതവണയാണ് ഉരുൾപൊട്ടിയത്. ഭീകരമായ ശബ്ദമായിരുന്നു. ആദ്യ പൊട്ടലിൽ തന്നെ ഞങ്ങളാകെ ഞെട്ടി. രണ്ടാമത്തെ പൊട്ടലിൽ വീട് വിട്ടിറങ്ങി മലമുകളിലേക്കോടി. അതിശക്തമായി മൂന്നാമതും പൊട്ടി. നേരം പുലർന്നപ്പോഴേക്കും നാടും വീടും നഗരവും അങ്ങാടിയുമെല്ലാം ഒരു മരുഭൂമി പോലെയായിക്കഴിഞ്ഞിരുന്നു. ചെറിയച്ഛന്റെയും വലിയച്ഛന്റെയും കുടുംബം എവിടെയെങ്കിലുമൊക്കെ ജീവനോടെ ബാക്കിയുണ്ടാകുമെന്ന പ്രതീക്ഷ നേരം പുലർന്നപ്പോഴേക്കും ഇല്ലാതായി. താമസിച്ചിരുന്ന വീട്, കൂടെയുണ്ടായിരുന്ന കൂട്ടുകാർ, ഞങ്ങൾ ഉല്ലസിച്ചുനടന്ന കളിയിടങ്ങൾ, സൊറ പറഞ്ഞിരുന്ന പീടിക വരാന്തകൾ... എല്ലാം ഒറ്റ ദിവസം കൊണ്ട് ഓർമയായി മാറി. ഇപ്പോഴും ഞാൻ പ്രതീക്ഷയോടെ ആഗ്രഹിക്കും; ഈ സംഭവങ്ങളെല്ലാം ഒരു സ്വപ്നമായയിരുന്നെങ്കിലെന്ന്, ഒരു പ്രഭാതത്തിൽ വീണ്ടും പഴയ ചൂരിൽമലയിലായി ഉണരാൻ കഴിഞ്ഞെങ്കിലെന്ന്.'

## സഹജീവികൾ

'ദുരന്തമുണ്ടായതിൽ പിന്നെ ഇവിടം വിട്ടുപോയതാണ്. കുറെ നാളുകൾ ഇങ്ങോട്ട് തിരിഞ്ഞു നോക്കിയതേയില്ല. ഏറെ നാളുകൾക്കു ശേഷമാണ് വീണ്ടും വന്നത്. ചൂരൽമലയിലേക്കും മുണ്ടക്കൈയിലേക്കും വരുമ്പോഴെല്ലാം ഭീകരമായ ഓർമകൾ മനസ്സിൽ വന്നു മൂടും. ഇവിടെ വന്നപ്പോഴാണ് ദുരന്തത്തെ അതിജയിച്ച ഒരുപാട് പൂച്ചകളും പട്ടികളും പക്ഷിമൃഗാദികളും ഭക്ഷണം കിട്ടാതെ അലഞ്ഞു നടക്കുന്നതു കണ്ടത്. മൃഗസ്നേഹിയായ എനിക്കത് കണ്ടുനിൽക്കാൻ കഴിഞ്ഞില്ല. അന്നുമുതൽ അവയ്ക്കിത്തിരി ഭക്ഷണവുമായി

പ്രതീക്ഷയുടെ ചിറകിലേറി പരീക്ഷണത്തിന്റെ വറചട്ടിയിൽ നിന്ന് കരകയറാൻ അധ്വാനിക്കുകയാണവർ. നിരാശയുടെ നിഴലിലും അവർ പ്രതീക്ഷയുടെ പുലരികളെക്കുറിച്ച് സംസാരിക്കുന്നു. ദുരന്തസ്മരണകൾ മനസ്സിനെ കീറിമുറിക്കുമ്പോഴും വരാനിരിക്കുന്ന വസന്തങ്ങളെ സ്വപ്നം കാണുന്നു.

എല്ലാ ദിവസവും ഇപ്പോൾ താമസിക്കുന്ന കമ്പളക്കാട് നിന്ന് ചൂരൽമലയിലേക്ക് വണ്ടികയറും. ദുരന്തത്തിനു മുമ്പ് ജോലി ചെയ്തു കിട്ടിയ അല്പം സേവിങ്സുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ അവർക്കുള്ള തീറ്റ സംഘടിപ്പിക്കുന്നു. പലരും വിചാരിക്കുന്നത് എനിക്കിതിനായി ധാരാളം ഫണ്ട് ലഭിക്കുന്നുണ്ടെന്നാണ്. ചിലരെങ്കിലും മുഖത്തു നോക്കി അങ്ങനെ പറയുകയും ചെയ്തു. ആ സമയങ്ങളിലെല്ലാം മനസ്സ് വല്ലാതെ നോവാറുണ്ട്. എല്ലാം നഷ്ടപ്പെട്ടതിന്റെ നിരാശ കനംകുത്തി നിൽക്കുന്ന ഹൃദയത്തിൽ മിണ്ടാപ്രാണികളെക്കുറിച്ച് ആലോചിക്കുമ്പോഴുണ്ടാകുന്ന വേദനകളിൽ നിന്നാണ് ഞാനിത് ചെയ്യുന്നത്. അല്ലാതെ ആരും ഒന്നും തന്നിട്ടില്ല. ഏകദേശം 20,000 രൂപയോളം ഞാൻ ഈ സമയമാകുമ്പോഴേക്കും ഇതിനു വേണ്ടി ചെലവഴിച്ചിട്ടുണ്ടാകും. അവയോട് കാണിക്കുന്ന കാരുണ്യം കാരണം ദൈവം പുണ്യം നൽകുമെന്ന പ്രതീക്ഷയല്ലാതെ മറ്റൊന്നുമില്ല. എത്രനാൾ ഇനിയിത് തുടരാനാകുമെന്നതിലും ആശങ്കകളുണ്ട്. എങ്കിലും, അവ പട്ടിണി കിടക്കുന്നത് എനിക്ക് നോക്കിനിൽക്കാൻ കഴിയില്ല.'

ചൂരൽമലയിലെ മതസൗഹാർദ്ദത്തെക്കുറിച്ചും ആ ഹൈന്ദവ സഹോദരൻ വാചാലനായി. നബിദിനത്തിന് മധുരം വിളമ്പുന്ന വല്യച്ഛന്റെ ചിത്രവും അമ്പലത്തിലെ അന്നദാനത്തിന് ഭക്ഷണം വിളമ്പാൻ നിൽക്കുന്ന മുസ്ലിം സഹോദരന്റെ ചിത്രവും കാണിച്ചുതന്നു. ചൂരൽമലയിലെ ജനങ്ങളുടെ മതസൗഹാർദ്ദത്തിന്റെ ആഴമറിയാൻ ആ രണ്ടു ചിത്രങ്ങൾ മതിയായിരുന്നു.

## വിദ്യാലയങ്ങൾ

അസ്ർ നിസ്കാരം കഴിഞ്ഞ് പള്ളിയോടു ചേർന്നുള്ള തേയിലത്തോട്ടത്തിലൂടെ നടന്നു. ഉയരത്തിൽ നിന്നു നോക്കിയാൽ മലയുടെ വിദൂരദൃശ്യം കാണാം. ആ കാഴ്ചയിൽ നിന്ന് ദുരന്തത്തിന്റെ വ്യാപ്തി മനസ്സിലാക്കാം. കാഴ്ചകൾ കണ്ടു താഴെയിറങ്ങിയപ്പോഴാണ് തൊള്ളായിരംകണ്ടിയിൽ ട്രക്കിംഗ് ജീപ്പോടിക്കുന്ന ഒരു യുവാവിനെ പരിചയപ്പെട്ടത്. ദുരന്തത്തെക്കുറിച്ചും ദുരന്താനന്തര ജീവിതത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. വെള്ളവസ്ത്രവും തലപ്പാവും ധരിച്ച ഞങ്ങളെ കണ്ടപ്പോൾ പലർക്കും കൗതുകം. ബെയ്‌ലിപാലം കടന്ന് അട്ടമലയിലേക്ക് പോകുംവഴി ഒരു ദർസുണ്ടെന്നും അവിടെ ഇതുപോലെ ശുഭ്രവസ്ത്രധാരികളായ ഒത്തിരി പേരുണ്ടെന്നും ജീപ്പ് ഡ്രൈവറായ ആ ചെറുപ്പക്കാരൻ പറഞ്ഞു.

'ബെയ്‌ലി പാലത്തിനരികിൽ നിന്ന് തകർന്നടിഞ്ഞ ദുരന്തഭൂമിയും സ്കൂളുമെല്ലാം വ്യക്തമായി കാണാം. അവിടെയുണ്ടായിരുന്ന കുട്ടികളെല്ലാമിപ്പോൾ മേപ്പാടിയിലെ സ്കൂളിലേക്കാണ് പോകുന്നത്. പ്രദേശത്തുള്ള മദ്റസകളിൽ മുന്നൂറോളം വിദ്യാർത്ഥികളുണ്ടായിരുന്നു. ഇപ്പോഴതിന്റെ നേർപകുതിയേ കാണൂ.' അദ്ദേഹം പറഞ്ഞുനിർത്തി. ഇനി വരുമ്പോൾ വിളിക്കണമെന്നും കാണണമെന്നുമൊക്കെ പ്രത്യേകം പറഞ്ഞ് ആ ചെറുപ്പക്കാരൻ ഞങ്ങളെ യാത്രയാക്കി. അപ്പോഴാണ് കൽപ്പറ്റയിലേക്കുള്ള കെ.എസ്.ആർ.ടി.സി ബസ്സ് മുന്നിൽ വന്നുനിന്നത്. സീറ്റുകളധികവും ശൂന്യമാണ്. സന്ധ്യ മയങ്ങിത്തുടങ്ങിയിരിക്കുന്നു.

## ക്ഷമിക്കുന്നവർക്ക് സുവിശേഷം

'ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക' (അൽബഖറ 155) എന്ന ഖുർആൻ വചനമായിരുന്നു മടക്കയാത്രയിൽ മനസ്സിൽ നിറയെ. ഒറ്റരാത്രികൊണ്ട് സർവ്വവും നഷ്ടപ്പെട്ട മനുഷ്യർ. അല്ലാഹുവിലുള്ള പ്രതീക്ഷയുടെ ചിറകിലേറി പരീക്ഷണത്തിന്റെ വറചട്ടിയിൽ നിന്ന് കരകയറാൻ അധ്വാനിക്കുകയാണവർ. നിരാശയുടെ നിഴലിലും അവർ പ്രതീക്ഷയുടെ പുലരികളെക്കുറിച്ച് സംസാരിക്കുന്നു. ദുരന്തസ്മരണകൾ മനസ്സിനെ കീറിമുറിക്കുമ്പോഴും വരാനിരിക്കുന്ന വസന്തങ്ങളെ സ്വപ്നം കാണുന്നു. ആ മനുഷ്യരുടെ ക്ഷമയും മനസ്സിന്റെ കെൽപും എത്രയായിരിക്കും! കുത്തിയൊലിക്കുന്ന ആ ഉരുൾജലത്തിലേക്കെടുത്തുചാടി ജീവിതം അവസാനിപ്പിക്കാൻ കൊതിച്ചവരും ഇന്ന് അതിജീവനത്തിന്റെ മധുരമാസ്വദിക്കുന്നു.

വിശ്വാസികൾക്ക് ഇഹലോകത്തെ ദുരിതങ്ങൾ പരലോകത്ത് പാരിതോഷികങ്ങളാകും. വിചാരണവേളയിൽ എല്ലാവരും ചകിതരായി നിൽക്കുമ്പോൾ ഒരുകൂട്ടം മനുഷ്യർ പറുദീസകളിലേക്ക് പാഞ്ഞടുക്കുന്നതിനെക്കുറിച്ച് പ്രവാചകരുടെ ഹദീസുകളിൽ പറയുന്നുണ്ട്. ഇഹലോകത്ത് നേരിട്ട ദുരിതങ്ങൾ ക്ഷമയോടെ മറികടന്നവരാണവർ. ഞങ്ങൾക്കും ഇഹലോകത്ത് ദുരിതങ്ങളുണ്ടായിരുന്നെങ്കിലെന്ന് ദുനിയാവിൽ സുഖജീവിതം നയിച്ചവർ അപ്പോൾ അവരെ നോക്കി ഖേദത്തോടെ ചിന്തിക്കുമെന്ന് മുത്തുനബി(സ) പറഞ്ഞിട്ടുണ്ടല്ലോ.

കവർസ്റ്റോറി

അനസ് ബുഖാരി ആമപ്പൊയിൽ

# ഇന്റർനെറ്റും കുട്ടികളും



ഇന്റർനെറ്റ് വളരെ ആകർഷകമായ ഒരു തുരുത്താണ്. ഉപയോക്താക്കളുടെ സുരക്ഷിതത്വത്തിനുള്ള നിർദ്ദേശങ്ങൾ കൈമാറാൻ ഇന്റർനെറ്റിന് കഴിയണമെന്നില്ല. ഇന്റർനെറ്റിനെ സംബന്ധിച്ചുള്ള ചില അടിസ്ഥാനകാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കേണ്ടത് രക്ഷിതാക്കളുടെ ബാധ്യതയാണ്. ഓൺലൈൻ ഇടപാടുകളും സേർച്ചുകളും സോഷ്യൽമീഡിയ പോസ്റ്റുകളും കമന്റുകളുമെല്ലാം റെക്കോർഡ് ചെയ്യപ്പെടുമെന്നും ഈ വിവരങ്ങൾ വെച്ച് നമ്മെ നിരന്തരം നിരീക്ഷിക്കാൻ സൈബർലോകത്ത് ചൂഷകസംഘങ്ങൾ കഴിയുന്നുണ്ടെന്നും അവരെ ബോധ്യപ്പെടുത്തണം. ഭയപ്പെടുത്തുകയല്ല മറിച്ച്, ഓൺലൈൻലോകത്തിനു പിന്നിലെ യാഥാർത്ഥ്യങ്ങൾ അവർക്ക് സ്നേഹപൂർവം മനസ്സിലാക്കിക്കൊടുക്കുകയാണ് വേണ്ടത്.

ഹാനികരമായ ഉള്ളടക്കങ്ങളും തെറ്റായ വിവരങ്ങളും ഇന്റർനെറ്റിൽ സുലഭമാണ്. അതിനാൽ, കുട്ടികളുടെ ഓൺലൈൻ ഉപയോഗം സുരക്ഷിതമാക്കാൻ കൃത്യമായ ആസൂത്രണം ആവശ്യമാണ്. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന മേഖലയാണ് ഇന്റർനെറ്റ്. ഓൺലൈൻ ഉപയോഗത്തെക്കുറിച്ച് മക്കൾക്ക് കൃത്യമായ ധാരണയുണ്ടെന്നു ധരിക്കുന്നവരാണ് മിക്ക രക്ഷിതാക്കളും. എന്നാൽ, സൈബർകുറ്റകൃത്യങ്ങളും അപകടങ്ങളും ദിനംപ്രതി ഉയർന്നുവരുന്ന സാഹചര്യത്തിൽ നമ്മുടെ ചിന്തകൾക്കപ്പുറമാണ് കാര്യങ്ങളുടെ കിടപ്പ്.

## നല്ല കരാറുകൾ

ഇന്റർനെറ്റ് ഉപയോഗത്തിൽ കുട്ടികളുമായി സ്നേഹത്തോടെ ചില കരാറുകൾ രൂപപ്പെടുത്താം. ഒരു ദിവസം ഇത്ര സമയം മാത്രമേ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളൂ, ഇത്ര ഡാറ്റ മാത്രമേ യൂസ് ചെയ്യാൻ പാടുള്ളൂ, ചാറ്റ്ലിസ്റ്റിലുള്ള മുഴുവൻ ആളുകളെയും പരിചയപ്പെടുത്തണം തുടങ്ങിയ നിബന്ധനകൾ വെച്ച് കുട്ടികൾക്ക് സ്മാർട്ട് ഡിവൈസുകൾ നൽകാം. കുട്ടികളുടെ ഓൺലൈൻ ഇടപെടലുകൾ സുതാര്യമാക്കാൻ ഇതുവഴി നമുക്ക് കഴിയും. കുട്ടികൾ ഓൺലൈനിൽ ആരോടാണ് സംവദിക്കുന്നതെന്നും അവർ എന്തെല്ലാം ഉള്ളടക്കങ്ങളാണ് കാണുന്നതെന്നും മാതാപിതാക്കൾ അറിഞ്ഞിരിക്കണം.

നല്ല രീതിയിൽ ഇന്റർനെറ്റുമായി ഇടപഴകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. യഥാർത്ഥ

ലോകത്ത് അവർ നേരിടുന്നപോലെ സൈബറിടങ്ങളിൽ എന്തെങ്കിലും പ്രയാസങ്ങൾ നേരിടുകയാണെങ്കിൽ, അത് തരണം ചെയ്യാൻ രക്ഷിതാക്കൾ കൂടെയുണ്ടാകുമെന്ന് അവരെ ബോധ്യപ്പെടുത്തണം. കുട്ടികളുടെ സുരക്ഷ മുന്നിൽകണ്ട് രക്ഷിതാക്കൾ ബോധപൂർവം പ്രവർത്തിക്കണം.

## ഒരുമിച്ചാകാം ഉപയോഗം

ഇന്റർനെറ്റ് ഉപയോഗം സുരക്ഷിതമാക്കാനുള്ള ഏറ്റവും നല്ല മാർഗം കുട്ടികൾക്കൊപ്പം രക്ഷിതാക്കളും ഓൺലൈനിടങ്ങളിൽ പ്രവേശിക്കുക എന്നതാണ്. കുടുംബാംഗങ്ങളെ വിളിക്കുകയോ ഒരുമിച്ച് വീഡിയോകൾ കാണുകയോ പുതിയ അറിവുകൾ പഠിക്കുകയോ ചെയ്യാം. സുരക്ഷിതമായ അന്തരീക്ഷത്തിൽ ഇന്റർനെറ്റ് ഉപയോഗിക്കാൻ ഈ പ്രവർത്തനങ്ങൾ കുട്ടികളെ സഹായിക്കും. നിശ്ചിത സമയം മാത്രം വീട്ടിലെ വൈഫൈ ഉപയോഗപ്പെടുത്തുന്ന സാഹചര്യം സൃഷ്ടിക്കുകയാണെങ്കിൽ ഒരു പരിധിവരെ കുട്ടികൾ അമിതമായി ഇന്റർനെറ്റിൽ സമയം പാഴാക്കുന്നത് ഒഴിവാക്കാൻ കഴിയും.

തെറ്റായ വിവരങ്ങൾ, സുരക്ഷിതമല്ലാത്ത വെബ്സൈറ്റുകൾ, അനുചിതമായ ഉള്ളടക്കങ്ങൾ തുടങ്ങിയവ എങ്ങനെ തിരിച്ചറിയാമെന്ന് രക്ഷിതാക്കൾ കുട്ടികളെ പഠിപ്പിക്കേണ്ടത് അനിവാര്യമാണ്.

## സംരക്ഷണത്തിന് സോഫ്റ്റ്‌വെയർ

ഓൺലൈനിൽ സമയം ചെലവഴിക്കുമ്പോൾ കുട്ടികൾ അപകടത്തിൽപ്പെടാതിരിക്കാൻ രക്ഷിതാക്കൾക്ക് ഉപയോഗിക്കാവുന്ന നിരവധി ടൂളുകളുണ്ട്. കുട്ടികൾ ഉപയോഗിക്കുന്ന ഡിവൈസുകളിൽ സുരക്ഷാസോഫ്റ്റ്‌വെയർ ആക്ടീവാണെന്ന് രക്ഷിതാക്കൾ ഉറപ്പാക്കണം. അവർ ഓൺലൈനിൽ കുഴപ്പത്തിലകപ്പെടുന്നത് ഒരു പരിധി വരെ തടയാൻ ഇതുവഴി സാധിക്കും. ഡിവൈസുകളിലെ സ്വകാര്യത ഉയർന്നതലത്തിലാണുള്ളതെന്നും വിവരങ്ങൾ ഷെയർ ചെയ്യപ്പെടുന്നില്ലെന്നും ഉറപ്പാക്കണം.



**ഓൺലൈനിൽ സമയം ചെലവഴിക്കുമ്പോൾ കുട്ടികൾ അപകടത്തിൽപെടാതിരിക്കാൻ രക്ഷിതാക്കൾക്ക് ഉപയോഗിക്കാവുന്ന നിരവധി ടൂളുകളുണ്ട്. കുട്ടികൾ ഉപയോഗിക്കുന്ന ഡിവൈസുകളിൽ സുരക്ഷാസോഫ്റ്റ്‌വെയർ ആക്ടീവാണെന്ന് രക്ഷിതാക്കൾ ഉറപ്പാക്കണം. അവർ ഓൺലൈനിൽ കുഴപ്പത്തിലകപ്പെടുന്നത് ഒരുപരിധി വരെ തടയാൻ ഇതുവഴി സാധിക്കും.**

ഇന്റർനെറ്റ് സുരക്ഷാ സോഫ്റ്റ്‌വെയറിനായി വിശ്വസനീയമായ ഉറവിടങ്ങൾ മാത്രം ഉപയോഗിക്കുക, അപ്ഡേറ്റുകൾ കാരണമോ മറ്റോ ഉപകരണത്തിന്റെ സ്വകാര്യതാ ക്രമീകരണങ്ങൾ മാറ്റിയിട്ടില്ലെന്ന് പതിവായി പരിശോധിക്കണം. ഈ സുരക്ഷാ ക്രമീകരണങ്ങൾ ശ്രദ്ധിച്ചാൽ നമ്മുടെ കുഞ്ഞിന് സുരക്ഷിതമായ രീതിയിൽ ഇന്റർനെറ്റ് ഉപയോഗിക്കാൻ കഴിയും. ചുരുക്കത്തിൽ രക്ഷിതാക്കൾക്ക് തികഞ്ഞ ഇന്റർനെറ്റ് സാക്ഷരതയും മക്കളുടെ കാര്യത്തിൽ പഴുതടച്ച നിരീക്ഷണവും അനിവാര്യമാണ്.

## രക്ഷിതാക്കൾ മാതൃകയാകണം

നിയമങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തിയതുകൊണ്ടു മാത്രം കുട്ടികളുടെ സ്ക്രീൻ ഉപയോഗം കുറയ്ക്കാൻ കഴിയില്ല. രക്ഷിതാക്കൾ സ്ക്രീൻ ഉപയോഗത്തിൽ മക്കൾക്ക് മാതൃകയാവണം. കുട്ടികൾക്കു മാത്രമല്ല, മുതിർന്നവർക്കും ഇന്റർനെറ്റ് ഇന്നൊരു അപകടകരമായ മേഖലയാണല്ലോ. കൃത്യമായ നിയന്ത്രണവും ജാഗ്രതയുമില്ലെങ്കിൽ വ്യാജ ഇടപാടുകളിലും സൈബർ കുറ്റകൃത്യങ്ങളിലും ഉൾപ്പെടാനുള്ള സാധ്യത ഏറെയാണ്. പരിധികളില്ലാത്ത ഇന്റർനെറ്റ് ഉപയോഗം ശാരീരികവും മാന

സികവുമായ രോഗങ്ങൾക്കും കാരണമായേക്കാം. സ്ക്രീൻ ടൈം പരമാവധി കുറയ്ക്കാനും ഫാമിലി ടൈം വർദ്ധിപ്പിക്കാനുമാണ് രക്ഷിതാക്കൾ ശ്രമിക്കേണ്ടത്.

## ഉപയോഗിക്കട്ടെ, ജാഗ്രതയോടെ

ഓൺലൈൻലോകത്തുണ്ടായേക്കാവുന്ന അപകടങ്ങൾ ഭയന്ന് കുട്ടികളുടെ എല്ലാ ഇന്റർനെറ്റ് ഉപയോഗവും അവസാനിപ്പിക്കേണ്ടതില്ല. പഠനാവശ്യത്തിനല്ലെങ്കിലും കുട്ടികളുടെ സൗഹൃദങ്ങളും ആശയവിനിമയങ്ങളും ഓൺലൈനിലിന്ന് സജീവമാണല്ലോ. പൂർണമായും ഓൺലൈനിൽ നിന്ന് മാറ്റിനിർത്തുന്നത് ഇക്കാലത്ത് കുട്ടികളെ ഒറ്റപ്പെടുത്തുന്നതിനു സമാനമാകും. അതുകൊണ്ട് ആരോഗ്യകരമായ സൗഹൃദസംഭാഷണങ്ങൾക്കും ബന്ധങ്ങൾക്കും രക്ഷിതാക്കൾ തടസ്സം നിൽക്കരുത്. ഇന്റർനെറ്റ് വിനോദത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും സർഗാത്മകതയുടെയും ഉറവിടമാണെന്ന ബോധം രക്ഷിതാക്കൾക്കുണ്ടാകണം. ഇന്റർനെറ്റിനെ പൂർണമായി പഴിക്കുന്നതിനു പകരം സർഗാത്മകമായി അതിനെ ഉപയോഗിക്കുകയാണ് വേണ്ടത്. മക്കളുടെ ആരോഗ്യകരമായ ഇന്റർനെറ്റ് ഉപയോഗത്തിന് പിന്തുണ നൽകിയാൽ സ്വകാര്യമായി ഓൺലൈനിൽ ചെയ്യുന്ന കാര്യങ്ങളും കാണുന്ന ഉള്ളടക്കങ്ങളും രക്ഷിതാക്കളെ അറിയിക്കാൻ അവർ താത്പര്യം കാണിക്കും.

## ബാലൻസിംഗ് പ്രധാനം

ഓൺലൈൻ, ഓഫ്‌ലൈൻ സമയങ്ങൾ എങ്ങനെ സന്തുലിതമാക്കാമെന്ന് രക്ഷിതാക്കൾ കുട്ടികളെ പഠിപ്പിക്കണം. ഇതെങ്ങനെ സാധ്യമാകുമെന്നതിനെക്കുറിച്ച് കൃത്യമായ ധാരണയില്ലാത്തതാണ് യുവതലമുറ ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നം. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ എന്നപോലെ നേരിട്ട് കാണുമ്പോഴും ആളുകളോട് സംസാരിക്കാനും ആശയവിനിമയം നടത്താനും കുട്ടികൾക്ക് പരിശീലനം നൽകണം. വീഡിയോ ഗെയിമുകൾക്കു പുറമെ കൂട്ടുകാരോടൊപ്പമുള്ള ഔട്ട് ഡോർ ഗെയിമുകളിലും കായിക പരിശീലനങ്ങളിലും പങ്കെടുക്കാൻ കുട്ടികളെ രക്ഷിതാക്കൾ പ്രോത്സാഹിപ്പിക്കണം. പരിക്കുകൾ പറ്റാനിടയില്ലാത്ത ചെറിയ ഔട്ട്ഡോർ ഗെയിമുകളിൽ കുട്ടികൾക്കൊപ്പം രക്ഷിതാക്കൾക്കും പങ്കുചേരാം. ശാരീരികവും മാനസികവുമായ ആരോഗ്യം അതുവഴി നേടിയെടുക്കാൻ സാധിക്കും. ഭൂഷണമല്ലാത്ത കൂട്ടുകെട്ടുകളിൽ മക്കൾ അകപ്പെടുന്നത് ഒരു പരിധിവരെ തടയാനും വീട്ടുമുറ്റത്തോ പരിസരങ്ങളിലോ ഉള്ള ഇത്തരം ഗെയിമുകൾ സഹായിക്കും.

**കൃത്യമായ നിയന്ത്രണവും ജാഗ്രതയുമില്ലെങ്കിൽ വ്യാജ ഇടപാടുകളിലും സൈബർ കുറ്റകൃത്യങ്ങളിലും ഉൾപ്പെടാനുള്ള സാധ്യത ഏറെയാണ്. പരിധികളില്ലാത്ത ഇന്റർനെറ്റ് ഉപയോഗം ശാരീരികവും മാനസികവുമായ രോഗങ്ങൾക്കും കാരണമായേക്കാം. സ്ക്രീൻ ടൈം പരമാവധി കുറയ്ക്കാനും ഫാമിലി ടൈം വർദ്ധിപ്പിക്കാനുമാണ് രക്ഷിതാക്കൾ ശ്രമിക്കേണ്ടത്.**



കവർസ്റ്റോറി

**ഡോ. നൂറുദ്ദീൻ റാസി**
കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്, കേരള ഹെൽത്ത് സർവീസസ്

# രക്ഷാകർതൃത്വം ഉത്തരവാദിത്തമാണ്



ആവശ്യമായ പരിചരണവും സംരക്ഷണവും നൽകി കുട്ടികളെ വളർത്തിയെടുക്കുന്നതിനെയാണ് രക്ഷാകർതൃത്വം എന്ന് പൊതുവിൽ പറയാറുള്ളത്. മക്കളെ സാമൂഹ്യബോധമുള്ളവരാക്കി വളർത്തുന്നതിൽ മാതാപിതാക്കൾക്ക് വലിയ പങ്കുണ്ടെന്നത് മനുഷ്യപുരോഗമനത്തെക്കുറിച്ച് കാലങ്ങളായുള്ള ഗവേഷണങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും അംഗീകരിക്കപ്പെട്ടതാണ്. മക്കളുടെ നേട്ടങ്ങളെ രക്ഷിതാക്കളുടെ നേട്ടമായും മക്കളുടെ കുറവുകളെ രക്ഷിതാക്കളുടെ കുറവായും വിലയിരുത്തുന്നത് സ്വാഭാവികം തന്നെ.

അമേരിക്കൻ സൈക്കോളജിസ്റ്റ് മാർക്ക് ബോൺസ്റ്റെയിൻ കുറിച്ചിട്ടത് കാണാം: ‘കുട്ടികളുടെ വിജയത്തിന്റെ പ്രധാന കാരണം മാതാപിതാക്കൾ തന്നെയാണ്.’

മക്കൾക്ക് വളരാനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തതുകൊണ്ടു മാത്രം രക്ഷിതാവിന്റെ കടമ തീരുന്നില്ല. മക്കളുടെ ജീവിതം ചൂഷണങ്ങളിൽ നിന്നും മൂല്യച്യുതികളിൽ നിന്നും സംരക്ഷിക്കപ്പെടണമെന്ന് ഓരോ രക്ഷിതാവിനും ശാഠ്യമുണ്ടാകണം.

പുതിയകാല വിദ്യാർത്ഥികളെ പലതരത്തിലുള്ള പ്രതിസന്ധികളാണ് നിരന്തരം വരിഞ്ഞുമുറുക്കിക്കൊണ്ടിരിക്കുന്നത്. ബാഹ്യമായ സ്വാധീനങ്ങൾക്കു പുറമെ വീട്ടുകാരുടെ സമീപനത്തിലുള്ള പ്രശ്നങ്ങൾ, തെറ്റായ സൗഹൃദങ്ങൾ, പാരന്റിംഗിലുള്ള അശ്രദ്ധ തുടങ്ങിയ കാരണങ്ങളാൽ നശിച്ചുകൊണ്ടിരിക്കുന്നത് ഒരു തലമുറയാണ്. അതുവഴി സമൂഹത്തിനും രാജ്യത്തിനും വലിയ നഷ്ടമാണ് സംഭവിക്കാനിരിക്കുന്നത്.

## നല്ല സുഹൃത്താകാം

ബാഹ്യമായി പ്രശ്നങ്ങളൊന്നുമില്ലാത്ത കുടുംബത്തിലെ കുട്ടികൾ പോലും വീടിനകത്തും സുഹൃത്തുക്കൾക്കിടയിലും ഇത്തരം പ്രതിസന്ധികളിൽ അകപ്പെടുന്നുണ്ടെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളിൽ ഫോൺ അഡിക്ഷൻ കാരണമായി കലശലായ പേടി, ഉൽക്കണ്ഠ രോഗം (Anxiety Desorder) തുടങ്ങിയ പ്രശ്നങ്ങളുണ്ടാവുകയും മുറിക്കുള്ളിൽ ഒതുങ്ങിക്കൂടുകയും ചെയ്യുന്ന ഒരു പ്രത്യേക അവസ്ഥ ഇന്ന് കാണപ്പെടുന്നുണ്ട്.

ഒരു കുട്ടിയുടെ പെരുമാറ്റത്തിൽ അസ്വസ്ഥരായ മാതാപിതാക്കൾ പരിഹാരം തേടി എന്നെ സമീപിച്ചു. വിശദമായ അന്വേഷണത്തിലാണ് കുട്ടിയുടെ മാനസികസംഘർഷത്തിനു കാരണം ഫോൺ അഡിക്ഷനാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. മക്കളെ ഫോൺ അഡിക്ടുകളാക്കി മാറ്റുന്നതിൽ വീട്ടുകാർക്ക് ചെറുതല്ലാത്ത പങ്കുണ്ട്. പ്രത്യേക പ്രശ്നങ്ങളൊന്നുമില്ലെങ്കിലും, വീടകം ശാന്തമാണെങ്കിലും പരസ്പരം അടുത്തിടപഴകുന്ന, സംസാരി

ക്കുന്ന, വീട്ടുകാര്യങ്ങളും ഭാവിപദ്ധതികളും കൂടിയിരുന്ന് ചർച്ച ചെയ്യുന്ന ശീലം ഈ കുട്ടിയുടെ മാതാപിതാക്കൾക്കുണ്ടായിരുന്നില്ല. ഇങ്ങനെ വരണ്ട ഗൃഹാന്തരീക്ഷമാണ് ഈ കുഞ്ഞിനെയും ബാധിച്ചത്.

മാതാപിതാക്കൾ തമ്മിലുള്ള സംസാരം കുറയുകയും മക്കൾക്ക് മാതാപിതാക്കളുമായി മനസ്സു തുറന്ന് സംസാരിക്കാനുള്ള ഇടങ്ങൾ ഇല്ലാതാവുകയും ചെയ്യുമ്പോൾ മക്കളിൽ വിരക്തിയും നിരാശയും രൂപപ്പെടാനുള്ള സാധ്യത ഏറെയാണ്.

ഉപ്പ വീട്ടിലേക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങിക്കൊണ്ടുവരുന്നു. ഉമ്മ അത് പാകം ചെയ്തു വിളമ്പിക്കൊടുക്കുന്നു, മക്കൾ അത് കഴിച്ച് സ്വന്തം ജീവിതതാളങ്ങളിൽ മുഴുകുന്നു. വല്ലാത്തൊരു ഒറ്റപ്പെടലാണ് അതുവഴി നാം അനുഭവിക്കുന്നത്. റോബോട്ടിക് ലൈഫ് പോലെ പ്രത്യേകിച്ച് പരസ്പരബന്ധങ്ങളൊന്നുമില്ലാതെ ഒഴുകിപ്പോകുന്ന ജീവിതം.

മനസ്സിൽ സമ്മിശ്ര വികാരങ്ങളുണ്ടാവുകയും പ്രത്യേകിച്ച് ഒന്നിനോടും പ്രതികരിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് 'ഇമോഷണൽ ബ്ലൻഡിംഗ്.' ഈ അവസ്ഥയെ മറി കടക്കാൻ കുട്ടികൾ സ്വയം കണ്ടെത്തുന്ന മാർഗ്ഗങ്ങളിലൊന്നാണ് സ്ക്രീൻ അഡിക്ഷൻ.

ലഹരി പോലെ ജീവിതത്തെ താറുമാറാക്കുന്ന സ്ക്രീൻഅഡിക്ഷനും വില്ലൻ തന്നെയാണ്. സൗഹൃദങ്ങൾ ഇല്ലാതാകുമ്പോൾ ഫോണിലേക്ക് ഒതുങ്ങിക്കൂടുക സ്വാഭാവികമാണ്. എന്നാൽ, ഇത്തരത്തിലുള്ള ഫോൺ ഉപയോഗം പതിയെ അഡിക്ഷനിലേക്ക് വഴിമാറുന്നതാണ് അപകടം.

മാതാപിതാക്കൾക്കിടയിൽ അറ്റാച്ച്മെന്റ് ഉണ്ടാവുകയും മാതാപിതാക്കളും കുട്ടികളും തമ്മിൽ അടുത്ത ബന്ധം രൂപപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ കുട്ടികളിൽ നിന്ന് മറ്റുള്ളവരോടും ഇത്തരത്തിലുള്ള സമീപനങ്ങൾ പ്രതീക്ഷിക്കേണ്ടതുള്ളൂ.

മറ്റു സമ്മർദ്ദങ്ങളൊന്നുമില്ലാതിരുന്നിട്ടും മാതാപിതാക്കളിൽ നിന്ന് ലഭിക്കേണ്ട സ്നേഹവും പരിഗണനയും ലഭിക്കാത്തതിന്റെ പേരിൽ കുട്ടി അവന്റേതായ ലോകത്തേക്ക് ചുരുങ്ങുന്നതാണ് അനുഭവം. മാതാപിതാക്കളുടെ സൗഹൃദപരവും ബുദ്ധിപൂർവ്വകവുമായ ഇടപെടലുകളാണിവിടെ അനിവാര്യം.

## സൗഹൃദങ്ങളെ നിരീക്ഷിക്കുക

കുട്ടികളുടെ സ്വഭാവം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഘടകങ്ങളിൽ ആദ്യത്തേത് വീടും രണ്ടാമത്തേത് സൗഹൃദവലയവുമാണ്. വീട്ടിൽ നല്ല ചിട്ടയിൽ വളർന്നതാണെങ്കിൽ പോലും സൗഹൃദങ്ങൾ വഴി താളം തെറ്റിയ ജീവിതങ്ങളും നമ്മുടെ മുമ്പിലുണ്ട്.

നോമ്പുതുറക്ക് കൂട്ടുകാരുമൊത്ത് സംഗമിച്ചപ്പോൾ ആൺ സുഹൃത്ത് നൽകിയ ലഹരിയിൽ തുടങ്ങിയ ഒരു പെൺകുട്ടിയുടെ ലഹരി ഉപയോഗം പിന്നീടവളുടെ ജീവിതം തന്നെ തകർത്ത സംഭവമോർക്കുന്നു. ആ പെൺകുട്ടി പിന്നീട് നോമ്പുപേക്ഷിച്ച് ലഹരി ഉപയോഗിക്കാൻ നിർബന്ധിതയാകുന്ന അവസ്ഥയുണ്ടായി. ആദ്യ ഉപയോഗത്തിനും അഡിക്ഷനുമിടയിൽ ഒരു മാസത്തെ ദൈർഘ്യം പോലുമുണ്ടായിരുന്നില്ലെന്ന് സാരം.

കുട്ടികളുടെ സൗഹൃദത്തെ രക്ഷിതാക്കൾ നന്നായറിയണം. അവരുടെ സൗഹൃദങ്ങളെക്കുറിച്ച് ബോധപൂർവ്വം പഠിക്കാൻ ശ്രമിക്കണം. കൂട്ടുകാർ ആരെല്ലാമെന്നും അവരുടെ സ്വഭാവം,



ഉപ്പ വീട്ടിലേക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങിക്കൊണ്ടുവരുന്നു. ഉമ്മ അത് പാകം ചെയ്തു വിളമ്പിക്കൊടുക്കുന്നു, മക്കൾ അത് കഴിച്ച് സ്വന്തം ജീവിതതാളങ്ങളിൽ മുഴുകുന്നു. വല്ലാത്തൊരു ഒറ്റപ്പെടലാണ് അതുവഴി നാം അനുഭവിക്കുന്നത്. റോബോട്ടിക് ലൈഫ് പോലെ പ്രത്യേകിച്ച് പരസ്പരബന്ധങ്ങളൊന്നുമില്ലാതെ ഒഴുകിപ്പോകുന്ന ജീവിതം.

## ജാഗ്രത വേണം

വീട്ടിലിരുന്ന് നന്നായി പഠിക്കുന്ന, പരീക്ഷകളിൽ ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടി പ്ലസ്ടു കഴിഞ്ഞ് പഠനത്തിൽ പിന്നോട്ടടിക്കുന്നത് രക്ഷിതാക്കളുടെ ശ്രദ്ധയിൽപ്പെട്ടു. പഠനാവശ്യങ്ങൾക്കു വേണ്ടി ഉപയോഗിച്ചുകൊണ്ടിരുന്ന ഫോണാണ് ഇവിടെ വില്ലനായത്. നന്നായി പഠിക്കുന്നുണ്ടല്ലോ എന്ന ധാരണയിൽ മാതാപിതാക്കൾ അത് വേണ്ടത്ര ശ്രദ്ധിച്ചില്ല.

രക്ഷിതാക്കളുടെ ഈ അശ്രദ്ധ കുട്ടിയെ പതിയെ സ്ക്രീൻഅഡിക്ഷനിലേക്കും പിന്നീട് പോൺ അഡിക്ഷനിലേക്കും എത്തിക്കുകയായിരുന്നു. പിന്നീടവൻ കടുത്ത മാനസിക രോഗിയാവുകയും കാണുന്നതിനോടെല്ലാം ആസക്തി തോന്നുന്ന (Sexual Obsession) അവസ്ഥയിലെത്തുകയും ചെയ്തു. മാതാപിതാക്കളോട് പോലും ലൈംഗികാസക്തി തോന്നുന്ന മാനസികാവസ്ഥയിലേക്ക് അവനെത്തി.

ഇവിടെ കുട്ടിപോലും അറിയാതെയാണ് അഥവാ ബോധപൂർവ്വമല്ലാതെയാണ് അവന്റെ ജീവിതം അവതാളത്തിലായത്. മാതാപിതാക്കൾ അതീവ ജാഗ്രത പാലിക്കണമെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

മക്കളോട് തുറന്നു സംസാരിക്കാനുള്ള സമയം കണ്ടെത്തിയേ തീരൂ! മക്കളെ കേൾക്കാൻ തയ്യാറാവണം. ചെറിയ പ്രായം മുതൽ അവരുടെ കഥപറച്ചിലുകളും തമാശയും കേട്ട് അവരുടെ ഉത്തമ സുഹൃത്തായി മാറണം. അവർ ഒരിക്കലും, താൻ ഒറ്റപ്പെട്ടു എന്ന തോന്നലിലേക്ക് എത്തിപ്പെടാതിരിക്കാൻ നല്ല ശ്രദ്ധ വേണം.

അങ്ങനെയാകുമ്പോൾ കുട്ടികൾക്ക് അവരുടെ സംശയങ്ങളും ആഗ്രഹങ്ങളും വികാരങ്ങളും പ്രകടിപ്പിക്കാനും തുറന്നുപറയാനുമുള്ള ഇടമായിരിക്കും രക്ഷിതാക്കളുടെ സാന്നിധ്യം. എന്നാൽ കുട്ടിയുമായുള്ള അമിത സൗഹൃദം ശാസിക്കാനും തിരുത്താനുമുള്ള അവസരങ്ങൾ ഇല്ലാതാക്കുന്ന തരത്തിലാകരുത്. പരമാവധി ആധികാരികതയും ഉത്തരവാദിത്തവുമുള്ള രക്ഷാകർതൃത്വം (Authoritative Parenting) ഉണ്ടാക്കാൻ ശ്രദ്ധിക്കുക.

പാരന്റിംഗ് ശൈലികളെക്കുറിച്ച് ഗഹനമായ പഠനം നടത്തിയ പ്രമുഖ സൈക്യാട്രിസ്റ്റ് ഡയാന ബൗമ്രിന്ദ് പറയുന്നു: 'ഉത്തരവാദിത്വമുള്ള രക്ഷാകർതൃത്വം മികച്ച കുട്ടികളെ വാർത്തെടുക്കുന്നു. അവരിൽ നല്ല റിസൾട്ട് കാണാൻ കഴിയുന്നു. അതേസമയം അവഗണനാ സ്വഭാവമുള്ള രക്ഷാകർതൃത്വം (Rejecting Parenting) പുലർത്തുന്നവരുടെ മക്കൾ വളരെ മോശം പ്രകടനമാണ് കാഴ്ചവെക്കുന്നത്. പഠനത്തിൽ മാത്രമല്ല, മറ്റുള്ളവരോടുള്ള പെരുമാറ്റത്തിലും സ്വഭാവത്തിലുമൊക്കെ ഇത് നിഴലിക്കും.'

ജീവിതസാഹചര്യം, വീട്ടിലും പൊതുഇടങ്ങളിലുമുള്ള പെരുമാറ്റം തുടങ്ങിയവയെല്ലാം എങ്ങനെയാണെന്നും അറിഞ്ഞിരിക്കണം. സൗഹൃദങ്ങളാണ് പുതിയ പല വഴികളെക്കുറിച്ചും മക്കൾക്ക് അറിവ് നൽകുന്നത്. പുതിയ അനുഭവങ്ങളുടെ പങ്കുവെപ്പുകളാണല്ലോ പല അരുതായ്മകൾക്കും പ്രേരണ നൽകുന്നത്. അത്തരം അശ്രദ്ധകളിൽ കുട്ടികൾ ചെന്നു വീഴാതിരിക്കാൻ രക്ഷിതാക്കൾ ജാഗ്രത കാണിക്കണം.

## പരിഹാരമാകണം

കുട്ടികൾ പ്രശ്നങ്ങളിൽ അകപ്പെടാതിരിക്കാനും പ്രശ്നങ്ങളിൽ പെട്ടുപോയവരെ തിരിച്ചെത്തിക്കാനും മുൻപന്തിയിൽ നിൽക്കേണ്ടത് രക്ഷിതാക്കൾ തന്നെയാണ്. അവർക്കത് മറ്റുള്ളവരെക്കാൾ ഫലപ്രദമായി ചെയ്യാൻ കഴിയുമെന്നതാണ് കാരണം. ബുദ്ധിപരവും സൗഹൃദപരവുമായ സമീപനങ്ങളാണതിനു വേണ്ടത്. സൗഹൃദപരമായ കുടുംബാന്തരീക്ഷം ഉണ്ടാക്കിയെടുക്കുന്നതിന് മികച്ച മാതൃകയാണ് തിരുനബി(സ). മക്കളുടെ മുഖത്തുനോക്കി വാത്സല്യപൂർവ്വം സംസാരിക്കുക, ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുക, കുട്ടികൾ പറയുന്നത് ക്ഷമയോടെ കേട്ടിരിക്കുക തുടങ്ങിയവ തിരുചര്യകളിൽ പെട്ടതാണ്.

ലഹരിക്കടിമപ്പെട്ട കുട്ടികളിൽ മുൻകോപവും ദേഷ്യവും കണ്ടുവരുന്നു. മക്കളുടെ ഇത്തരം പെരുമാറ്റങ്ങൾ രക്ഷിതാക്കളിലും സമാന വികാരങ്ങളുണ്ടാക്കുമെങ്കിലും അതിനനുസൃതമായി തിരിച്ചടിക്കുന്നത് പ്രശ്നങ്ങൾ കൂടുതൽ വഷളാക്കാനേ സഹായിക്കൂ. മക്കൾക്ക് ഉൾക്കൊള്ളാനും പ്രായോഗികമാക്കാനും കഴിയുന്ന രീതിയിലുള്ള പരിഹാരമാർഗങ്ങളാണ് രക്ഷിതാക്കൾ സ്വീകരിക്കേണ്ടത്.

കുട്ടിക്കാലം മുതൽ പ്രായപൂർത്തിയാകുന്നതു വരെ കുട്ടിയുടെ ശാരീരികവും വൈകാരികവും സാമൂഹികവും ബൗദ്ധികവുമായ വികാസത്തെ പ്രോത്സാഹിപ്പിക്കുകയും പിന്തുണക്കുകയും ചെയ്യുന്ന പ്രക്രിയയാണല്ലോ പാരന്റിംഗ്. അങ്ങനെയാകുമ്പോഴേ രക്ഷിതാവിനെക്കൊണ്ട് മക്കൾക്കും മക്കളെക്കൊണ്ട് രക്ഷിതാക്കൾക്കും സമൂഹത്തിനും പ്രയോജനമുണ്ടാകൂ.

കവർസ്റ്റോറി

ജാശിർ കുന്നളം

# കുട്ടികളിൽ സഹാനുഭൂതി വളർത്താം




മറ്റുള്ളവരുടെ വികാരങ്ങളും മാനസികാവസ്ഥയും തിരിച്ചറിയാനും അതിനനുസരിച്ച് സ്വന്തം പെരുമാറ്റവും ജീവിതശീലങ്ങളും ക്രമീകരിക്കാനുമുള്ള ശേഷിയാണ് സഹാനുഭൂതി. മക്കളിൽ നന്നേ ചെറുപ്പത്തിൽ രക്ഷിതാക്കൾ ഈ ശേഷി സന്നിവേശിപ്പിക്കാൻ ശ്രമിക്കണം. എത്രമേൽ സഹജീവികളിലേക്കിറങ്ങുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തിയുടെ സാമൂഹ്യബോധം കണക്കാക്കുന്നത്. കുട്ടികൾ നിർബന്ധമായും കൈവരിച്ചിരിക്കേണ്ട ജീവിതനൈപുണികളുടെ ലിസ്റ്റിൽ സഹാനുഭൂതിക്ക് ലോകാരോഗ്യ സംഘടന പ്രഥമസ്ഥാനമാണ് നൽകിയിരിക്കുന്നത്. ഇളം പ്രായത്തിൽ തന്നെ സഹാനുഭൂതിയുടെ വിത്തുകൾ മനസ്സിൽ പാകലാണ് അതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം. ഈ ശേഷി വ്യക്തിയിൽ സ്വയം വളരില്ല. ഇതരകഴിവുകൾ പോലെ ഇതിനെയും പരിപോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും വേണം. കുട്ടികൾക്ക് മികച്ച വിദ്യാഭാസം നൽകിയാൽ മാത്രം മതിയാവില്ല, വ്യത്യസ്ത വീക്ഷണങ്ങൾ മനസ്സിലാക്കാനും മറ്റുള്ളവരുടെ വികാരങ്ങൾ ഉൾക്കൊള്ളാനും വ്യക്തിപരമായ ഉത്തരവാദിത്തം ഏറ്റെടുക്കാനും അവരെ സഹായിക്കുകയും വേണം. കുട്ടികളിൽ ദയയും സഹാനുഭൂതിയും വളരാൻ സഹായിക്കുന്ന ചില ഘടകങ്ങൾ പരിചയപ്പെടാം:

## മക്കൾക്കൊരു കണ്ണാടിയാകാം

രക്ഷിതാക്കൾ കുട്ടികളുടെ കണ്ണാടിയാണ്. മാതാപിതാക്കളുടെ ശീലങ്ങളാണവരിൽ പ്രതിഫലിക്കുക. അവർ അന്യരോട് ദയയും ആർദ്രതയും സ്നേഹവുമുള്ളവരാകുമ്പോൾ മാത്രമേ ആ സ്വഭാവഗുണങ്ങൾ മക്കളിൽ പ്രതിഫലിക്കുകയുള്ളൂ. സഹാനുഭൂതി കുട്ടികൾക്ക് അനുഭവങ്ങളിലൂടെ പഠിപ്പിച്ചുകൊടുക്കണം. ഉദാഹരണമായി, മക്കളോടൊപ്പം ഒരു ഊട്ടുപുരയിലെത്തി ഭക്ഷണം ഓർഡർ ചെയ്തുവെന്നു കരുതുക. ഏറെ കഴിഞ്ഞിട്ടും ഭക്ഷണം വരുന്നില്ല. അപ്പോൾ നിങ്ങൾ അസ്വസ്ഥനായി അധികൃതരോട് കയർക്കുന്നതിനു പകരം മക്കളോട് 'അവർ തിരക്കിലായിരിക്കും. നമുക്ക് കുറച്ചുനേരം കൂടി കാത്തിരിക്കാം' എന്നിങ്ങനെ പറയുക. ഇങ്ങനെ പെരുമാറുന്നത് സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനും ക്ഷമാശീലമുള്ളവരാകാനും കുട്ടികളെ സഹായിക്കുന്നു. എല്ലാവരെക്കുറിച്ചും നല്ല അഭിപ്രായങ്ങളും അനുകമ്പ നിറഞ്ഞ വാക്കുകളും കുട്ടികൾക്ക് പകർന്ന് കൊടുക്കണം. തിരുദൂതർ(സ) പഠിപ്പിക്കുന്നു: 'നിങ്ങൾ എല്ലാവരെക്കുറിച്ചും നല്ലതുമാത്രം ചിന്തിക്കുക.' (ഇബ്നുമാജ) ഉമറുബ്നു അബ്ദുൽഅസീസ്(റ) പറഞ്ഞു: 'ഒരു വിശ്വാസിയുടെ വാക്കിനെ നന്മയായി വ്യാഖ്യാനിക്കാൻ പഴുതുണ്ടെങ്കിൽ അതിനെ തിന്മയുടെ മേൽ ചുമത്തരുത്.'

മനസ്സിൽ രൂപപ്പെടുന്ന നിരാശ, ദുഃഖം, ആവേശം, നിസ്സഹായത തുടങ്ങിയ മുഴുവൻ വൈകാരിക നിമിഷങ്ങളെയും കൃത്യമായി മനസ്സിലാക്കാനും അവയെ തിരിച്ചറിയാനും വ്യത്യസ്തമായ വൈകാരികതലങ്ങൾ മക്കളെ പഠിപ്പിക്കാനും രക്ഷിതാക്കൾക്കു കഴിയണം. അതിന് കുട്ടികളോട് അടുത്തിടപഴകുകയും അവരുടെ വൈകാരികത മനസ്സിലാക്കി ഉള്ളുതുറന്ന് സംവദിക്കാൻ പ്രോത്സാഹിപ്പിക്കുകയും വേണം.



## മറ്റുള്ളവരുടെ കണ്ണിലൂടെ കാണാം

മറ്റുള്ളവരുടെ സ്ഥാനത്തിരുന്ന് സ്വയം സങ്കൽപ്പിക്കാൻ മക്കളെ പഠിപ്പിക്കണം. വിവിധ സാഹചര്യങ്ങളിൽ അവരുടെ വികാര-വിചാരങ്ങളും അനുഭവങ്ങളും എങ്ങനെയായിരിക്കുമെന്ന് ഊഹിക്കാൻ പ്രേരിപ്പിക്കണം. അതുമുഖേന കൂടുതൽ വിശാലമായ കാഴ്ചപ്പാടോടെ ലോകത്തെ നോക്കിക്കാണാനും, മറ്റുള്ളവരുടെ ദുരിതങ്ങളിൽ പങ്കുചേരാനും, സഹാനുഭൂതിയുള്ളവരായി മാറാനും കുട്ടികൾക്കു സാധിക്കും. ഓരോ അനുഭവവും മറ്റൊരാളുടെ വീക്ഷണത്തിൽ എങ്ങനെയായിരിക്കുമെന്ന് ചിന്തിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണ്. ആൽഫ്രഡ് ആഡ്‌ലർ പറയുന്നു: ‘മറ്റുള്ളവരുടെ കണ്ണുകൾകൊണ്ട് കാണുക, മറ്റുള്ളവരുടെ ചെവികൾ കൊണ്ട് കേൾക്കുക, മറ്റുള്ളവരുടെ ഹൃദയം കൊണ്ട് അനുഭവിക്കുക എന്നിവയാണ് സഹാനുഭൂതി.’

സുഹൃത്തിനോടൊപ്പം കളിക്കുമ്പോൾ കളിപ്പാട്ടം ലഭിക്കാത്തതിന്റെ പേരിൽ കുട്ടി അസ്വസ്ഥത പ്രകടിപ്പിക്കുകയാണെങ്കിൽ ‘സാരമില്ല. ചിലപ്പോൾ, നീ തിരിച്ചുതരില്ലെന്നു പേടിച്ചാകാം അവനത് നൽകാതിരുന്നത്’ എന്നോ മറ്റോ പറഞ്ഞ് ആശ്വസിപ്പിക്കാം. ഇത് മറ്റുള്ളവരുടെ വികാരം മനസ്സിലാക്കാനും അതേക്കുറിച്ച് ചിന്തിക്കാനും അവരുടെ വികാരങ്ങളെ പരിഗണിക്കാനും കുട്ടികളെ പ്രാപ്തരാക്കും.

## വൈകാരിക അവബോധം

മറ്റുള്ളവരുടെ വികാരങ്ങളെക്കുറിച്ച് ബോധമുണ്ടാക്കുന്നതിനു മുമ്പ്, സ്വന്തം വികാരങ്ങളെക്കുറിച്ച് കുട്ടികൾക്ക് വ്യക്തമായ ധാരണയുണ്ടായിരിക്കണം. അവരുടെ മനസ്സിൽ രൂപപ്പെടുന്ന നിരാശ, ദുഃഖം, ആവേശം, നിസ്സഹായത തുടങ്ങിയ മുഴുവൻ വൈകാരിക നിമിഷങ്ങളെയും കൃത്യമായി മനസ്സിലാക്കാനും അവയെ തിരിച്ചറിയാനും വ്യത്യസ്തമായ വൈകാരികതലങ്ങൾ മക്കളെ പഠിപ്പിക്കാനും രക്ഷിതാക്കൾക്കു കഴിയണം. അതിന് കുട്ടികളോട് അടുത്തിടപഴകുകയും അവരുടെ വൈകാരികത മനസ്സിലാക്കി ഉള്ളുതുറന്ന് സംവദിക്കാൻ പ്രോത്സാഹിപ്പിക്കുകയും വേണം. സ്വന്തം വികാരങ്ങളെക്കുറിച്ച് ബോധവാന്മാരാകാനും മറ്റുള്ളവരുടെ സമാന വികാരങ്ങളെ എളുപ്പത്തിൽ തിരിച്ചറിയാനും അനുകമ്പയോടെ പ്രതികരിക്കാനും ഇത് സഹായകമാകും.

## വായനാശീലം വളർത്താം

പുസ്തക വായന സഹാനുഭൂതി വളർത്തുന്നതിനുള്ള മികച്ച ഉപാധിയാണ്. കുട്ടികൾക്ക് വ്യത്യസ്ത ലോകവീക്ഷണങ്ങളെ അടുത്തറിയാൻ വായന അവസരം നൽകുന്നു. കഥകളിലെ കഥാപാത്രങ്ങളുടെ വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ മറ്റുള്ളവരെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വികസിക്കുന്നു. കഥാപാത്രങ്ങളുടെ അനുഭവങ്ങളെക്കുറിച്ച് ‘അങ്ങനെ സംഭവിച്ചപ്പോൾ അവർക്കെന്തു തോന്നിയിരിക്കും’, ‘ആ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ എന്ത് ചെയ്യുമായിരുന്നു’ എന്നിങ്ങനെയുള്ള ചിന്തോദ്ദീപകമായ ചോദ്യങ്ങൾ ചോദിക്കുന്നതും ചർച്ച ചെയ്യുന്നതും പ്രയോജനകരമാണ്. ഇത്തരം സംഭാഷണങ്ങൾ മറ്റുള്ളവരുടെ മാനസികാവസ്ഥയെക്കുറിച്ച് ആലോചിക്കാനും അവരുടെ അനുഭവങ്ങളെക്കുറിച്ച്

## എങ്ങനെ പ്രതികരിക്കാം?

മറ്റുള്ളവരുടെ ദുഃഖത്തിൽ പങ്കുചേരുന്നതു മാത്രമല്ല സഹാനുഭൂതി; അനീതിക്കെതിരെ ശബ്ദമുയർത്താനും ഇരകൾക്കു വേണ്ടി നിലകൊള്ളാനുമുള്ള മാനസികാവസ്ഥ കൂടിയാണത്. ഭീഷണിപ്പെടുത്തലിന്റെയും അനീതിയുടെയും സാഹചര്യങ്ങളിൽ എങ്ങനെ പ്രതികരിക്കണമെന്ന് കുട്ടികളെ പഠിപ്പിക്കുന്നത് അവരിൽ സഹാനുഭൂതി വളർത്താൻ സഹായിക്കും. മറ്റു കുട്ടികൾ മക്കളെ ക്ലാസ്മുറിയിൽ ഒറ്റപ്പെടുത്തുന്നതായോ അവരോട് മോശമായി പെരുമാറുന്നതായോ അറിഞ്ഞാൽ ആ സാഹചര്യത്തിൽ എങ്ങനെ പ്രതികരിക്കണമെന്ന് അവരുമായി സൗഹൃദപൂർവ്വം ചർച്ച ചെയ്യണം. 'ആരും കളിക്കാൻ കൂട്ടാതിരുന്നപ്പോൾ എന്താണ് തോന്നിയത്', 'ഇനിയും അവരങ്ങനെ ചെയ്താൽ നീ എന്തു ചെയ്യും' എന്നിങ്ങനെയുള്ള സംഭാഷണങ്ങൾ കുട്ടികളുമായി നടത്താം.



ആഴത്തിൽ ചിന്തിക്കാനും പ്രചോദിപ്പിക്കുന്നു. മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ ഇതവരെ സഹായിക്കുന്നു.

## കർമ്മങ്ങളിൽ പ്രതിഫലിക്കട്ടെ

മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കാനും അതിനനുസൃതമായി സൽപ്രവൃത്തികൾ ചെയ്യാനുമുള്ള ശേഷിയാണ് മനസ്സലിവ്. വൃദ്ധസദനങ്ങൾ സന്ദർശിക്കുക, രോഗികളെ പരിചരിക്കുക, ദുർബലരെ സഹായിക്കുക, തണലറ്റവർക്ക് തുണയാവുക, ദുഃഖിതർക്ക് ആശ്വാസം പകരുക തുടങ്ങിയ സൽപ്രവൃത്തികളാണ് സഹാനുഭൂതിയുടെ കർമരൂപങ്ങൾ. സ്നേഹവും സഹാനുഭൂതിയും വർധിക്കാൻ പരസ്പരം സലാം പറയൽ ഉത്തമമാർഗമാണ്. തിരുദൂതർ(സ) പറയുന്നു: 'പരസ്പരം സലാം പറയുക വഴി സ്നേഹം വർദ്ധിക്കുകയും ബന്ധങ്ങൾ ദൃഢമാവുകയും ചെയ്യും.' (മുസ്‌ലിം)

ലളിതമായ ഇത്തരം സ്നേഹ പ്രകടനങ്ങൾ മക്കളെ പഠിപ്പിക്കുമ്പോൾ തങ്ങളുടെ ചെറിയ പ്രവർത്തനങ്ങൾക്കു പോലും മറ്റുള്ളവരുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിയുമെന്ന മൂല്യവത്തായ തിരിച്ചറിവ് അവർക്കുണ്ടാകുന്നു. മറ്റൊരാളെ സഹായിക്കുന്നതിന്റെ നിർവൃതി കുട്ടിക്കാലത്തുതന്നെ അനുഭവിക്കുമ്പോൾ, ഭാവിയിൽ ദയയും സ്നേഹവും നിറഞ്ഞ പെരുമാറ്റങ്ങൾ കാഴ്ചവെക്കാൻ അവർ കൂടുതൽ ഉത്സുകരാകും. 'സ്വയം കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗം മറ്റുള്ളവരുടെ സേവനത്തിൽ സ്വയം അലിഞ്ഞുതീരുക എന്നതാണ്.' മഹാത്മാഗാന്ധി.

## കേൾക്കാൻ പഠിപ്പിക്കാം

സഹാനുഭൂതി വളർത്തുന്നതിൽ നല്ല കേൾവിക്കാരനാവുന്നതിന് വലിയ സ്ഥാനമുണ്ട്. മറ്റുള്ളവരുടെ വാക്കുകളും അഭിപ്രായങ്ങളും അനുഭാവപൂർ

വ്വം കേൾക്കാനും ഉൾക്കൊള്ളാനും കുട്ടികളെ പ്രേരിപ്പിക്കണം. ഇത് അവരിൽ അനുകമ്പയും സ്നേഹവും വളർത്താൻ സഹായിക്കും. മുഖത്തേക്കു നോക്കിയും, തലയാട്ടിയും, ശ്രദ്ധാപൂർവ്വം പ്രതികരിച്ചും സജീവമായ കേൾവിക്കാരാകാൻ മക്കളെ പരിശീലിപ്പിക്കണം. ഇടയിൽ കയറി സംസാരിക്കാതിരിക്കാനും, ദേഷ്യപ്പെടുന്ന സമയങ്ങളിൽ പ്രതികരിക്കാതിരിക്കാനും പ്രോത്സാഹിപ്പിക്കണം.

## വൈവിധ്യങ്ങളെ സ്വീകരിക്കാൻ പഠിക്കട്ടെ

വൈവിധ്യമാർന്ന സാമൂഹിക പശ്ചാത്തലങ്ങൾ, സംസ്കാരങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവ പുലർത്തുന്നവരുമായുള്ള സൗഹൃദ സംഭാഷണങ്ങളും ഇടപെടലുകളും കുട്ടികളുടെ ചിന്താലോകം കൂടുതൽ വിസ്തൃതമാക്കാൻ സഹായിക്കുന്നു. പുതിയ ദേശങ്ങളിലേക്കുള്ള യാത്രകൾ, സാംസ്കാരിക പരിപാടികളിലെ പങ്കാളിത്തം, ഭിന്നതകളെക്കുറിച്ചുള്ള തുറന്ന ചർച്ചകൾ എന്നിവയെല്ലാം ഈ വളർച്ചയ്ക്കനിവാര്യമാണ്. ഓരോ വ്യക്തിക്കും ഈ ലോകത്ത് തനതായ അനുഭവങ്ങളും വിശ്വാസങ്ങളും വെല്ലുവിളികളുമുണ്ടെന്ന് തിരിച്ചറിയുമ്പോൾ കുട്ടികൾ കൂടുതൽ വിശാലമായ ചിന്താഗതിയും സഹാനുഭൂതിയുമുള്ളവരായി മാറുന്നു. നേരിട്ടിടപഴകാൻ സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ വ്യത്യസ്തമായ ജീവിതനിലകളിലുള്ള വ്യക്തികളുടെ കഥകൾ പറയുന്ന പുസ്തകങ്ങളോ ഡോക്യുമെന്ററികളോ കുട്ടികളെ പരിചയപ്പെടുത്തുന്നത് അവരെ ലോകവീക്ഷണമുള്ളവരാക്കി മാറ്റും.

## പിന്തുണ നൽകാം

കുട്ടികൾ ദയയും സഹാനുഭൂതിയും പ്രകടിപ്പിക്കുമ്പോൾ പ്രോത്സാഹനം നൽകേണ്ടത് അനിവാര്യമാണ്. അവരുടെ പെരുമാറ്റത്തെ എടുത്തുപറഞ്ഞു തന്നെ അഭിനന്ദിക്കുന്നത് ഇത്തരം ഗുണങ്ങൾ അവർ ജീവിതത്തിലുടനീളം പാലിക്കാൻ സഹായിക്കും. 'നീ ചെയ്തതു നന്നായിട്ടുണ്ട്' എന്നു പറഞ്ഞു ചുരുക്കാതെ 'മോനേ, നിന്റെ കൂട്ടുകാരന് വിഷമം വന്നപ്പോൾ നീ അവനെ സഹായിച്ചല്ലോ. അതെനിക്ക് ഏറെ ഇഷ്ടമായി. വളരെ നല്ല കാര്യമാണത്. ഇനിയും ഇങ്ങനെയുള്ള നന്മകൾ മോൻ ചെയ്യണം' എന്നു പറയുമ്പോൾ അതവർക്ക് കൂടുതൽ സന്തോഷം നൽകുകയും ഇനിയും അത്തരം നല്ല കാര്യങ്ങൾ ചെയ്യാൻ പ്രചോദനമാവുകയും ചെയ്യും.

സഹാനുഭൂതി കേവലം സൗഹൃദബന്ധങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല; കുട്ടിക്കാലം മുതൽ ഹൃദയത്തിലുണ്ടായിരിക്കേണ്ട ഒരു വൈകാരിക രക്ഷാകവചം കൂടിയാണ്. അന്യരുടെ ഹൃദയതാളം ശ്രവിക്കാനും അവരോട് താദാത്മ്യം പ്രാപിക്കാനും പഠിക്കുമ്പോൾ സ്വന്തം മനസ്സിനെ നിയന്ത്രിക്കാൻ അവർക്ക് കഴിയും. ഈ വൈകാരികമായ ഉൾക്കാഴ്ച, പ്രതിസന്ധികളിൽ പതറാതെ മുന്നോട്ടുപോകാനും കയ്പേറിയ അനുഭവങ്ങളെ സൗമ്യമായി മറികടക്കാനും വെല്ലുവിളികളെ അതിജയിക്കാനും അവരെ സഹായിക്കുന്നു. കുട്ടികൾക്ക് സഹാനുഭൂതിയുടെ പാഠങ്ങൾ പകർന്നുനൽകുന്നതുവഴി മറ്റുള്ളവരോട് ദയയും സ്നേഹവും കാണിക്കാൻ അവരെ പ്രാപ്തരാക്കുക മാത്രമല്ല, സ്വന്തം ജീവിതത്തിൽ സന്തോഷവും സമാധാനവും കണ്ടെത്താനാവശ്യമായ വൈകാരിക കരുത്ത് നേടിക്കൊടുക്കുക കൂടിയാണ് ചെയ്യുന്നത്.



വൈവിധ്യമാർന്ന സാമൂഹിക പശ്ചാത്തലങ്ങൾ, സംസ്കാരങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവ പുലർത്തുന്നവരുമായുള്ള സൗഹൃദ സംഭാഷണങ്ങളും ഇടപെടലുകളും കുട്ടികളുടെ ചിന്താലോകം കൂടുതൽ വിസ്തൃതമാക്കാൻ സഹായിക്കുന്നു. പുതിയ ദേശങ്ങളിലേക്കുള്ള യാത്രകൾ, ഭിന്നതകളെക്കുറിച്ചുള്ള തുറന്ന ചർച്ചകൾ എന്നിവയെല്ലാം ഈ വളർച്ചയ്ക്കനിവാര്യമാണ്.

ലൈഫ്സ്റ്റൈൽ

സിയാദ് സഖാഫി പാറന്നൂർ

# യുവത്വം വസന്തകാലം

ശൈശവം, ബാല്യം, കൗമാരം, യുവത്വം, വാർദ്ധക്യം എന്നീ ഘട്ടങ്ങളിലൂടെയാണല്ലോ മനുഷ്യജീവിതം സഞ്ചരിക്കുന്നത്. ഇതിൽ സുവർണ്ണകാലമാണ് യുവത്വം. ഒരു പുഷ്പം വിടർന്ന് പരിമളം പരത്തുന്ന, സൗന്ദര്യം പ്രകടിപ്പിക്കുന്ന കാലത്തോടിതിനെ ഉപമിക്കാം. ബാല്യവും കൗമാരവും വാർദ്ധക്യവുമെല്ലാം പല പരിമിതികളുമുള്ളതാണ്. ശാരീരികവും മാനസികവുമായ വളർച്ച പൂർണ്ണതയിലെത്തുന്നതിനു മുമ്പുള്ള ബാല്യവും വളർച്ച മുരടിച്ച് ഞെട്ടറ്റുവീഴാൻ നിൽക്കുന്ന വാർദ്ധക്യാവസ്ഥയും അത്യധികം ദൗർബല്യം നിറഞ്ഞതാണ്. അതിനിടയിലുള്ള നല്ല കാലമാണ് യൗവനം. ഇത് ക്രിയാത്മകമായി ഉപയോഗപ്പെടുത്തണം.

പരോലോക വിചാരണക്കായി മനുഷ്യന്റെ നന്മതിന്മകൾ രേഖപ്പെടുത്താനാരംഭിക്കുന്നത് പ്രായപൂർത്തിയായതു മുതലാണല്ലോ. അലി(റ) നിവേദനം. നബി(സ) പറഞ്ഞു: 'മൂന്ന് വിഭാഗക്കാരുടെ നന്മതിന്മകൾ രേഖപ്പെടുത്തുകയില്ല; ഉറങ്ങുന്നവർ ഉണരുന്നതുവരെ, കുട്ടി യുവാവാകുന്നതുവരെ, ബുദ്ധിക്ക് തകരാറുള്ളവർ ബുദ്ധി തിരിച്ചുകിട്ടുന്നതുവരെ.' (തുർമുദി 1423)

മനുഷ്യായുസ്സിലെ ബലഹീനമായ രണ്ട് ഘട്ടങ്ങൾക്കിടയിലെ ഊർജ്ജസ്വലമായ യൗവനകാലഘട്ടത്തെ ഖുർആൻ മനോഹരമായി അവതരിപ്പിക്കുന്നു: 'ബലഹീനമായ അവസ്ഥയിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചവനാകുന്നു അല്ലാഹു. പിന്നീട് ബലഹീനതയ്ക്കു ശേഷം അവൻ ശക്തി നൽകി. ശക്തിക്കു ശേഷം അവൻ ബലഹീനതയും നരയുമുണ്ടാക്കി. അവൻ ഇച്ഛിക്കുന്നത് സൃഷ്ടിക്കുന്നു. സർവ്വജ്ഞാനിയും സർവ്വശക്തനുമാണവൻ.' (സൂറതുറൂം)

ബലഹീനതക്കു ശേഷമുള്ള ശക്തി എന്നതിന് യുവത്വം എന്നാണ് മഹാന്മാർ വ്യാഖ്യാനം നൽകിയത്. അതിനു ശേഷമുള്ള ബലഹീനത വാർദ്ധക്യവും നരയുമാണ്. (തഫ്സീറുൽ മാവർദി)

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: 'അവനാകുന്നു നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജഗണത്തിൽ നിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും സൃഷ്ടിച്ചത്. പിന്നെ ഒരു ശിശുവായി നിങ്ങളെ



അവൻ പുറത്തുകൊണ്ടുവന്നു, അനന്തരം നിങ്ങൾ പൂർണ്ണശക്തി പ്രാപിക്കുവാനും ശേഷം വൃദ്ധരായിത്തീരുവാനും വേണ്ടി. നിങ്ങളിൽ ചിലർ മുമ്പേ മരണമടയുന്നു, നിശ്ചിതമായ ഒരവധിയിൽ എത്തിച്ചേരുവാനും നിങ്ങൾ ഒരു

വേള ചിന്തിക്കുന്നതിനും വേണ്ടി.' (സൂറത്തുൽ ഗാഫിർ: 67)

'പൂർണ്ണ ശക്തി പ്രാപിക്കുക എന്നതിന്റെ വിവക്ഷ ശക്തിപൂർണ്ണമായ യുവത്വം പ്രാപിക്കലാണ്.' (തഫ്സീറുത്വബ്‌രി)

വാർദ്ധക്യം വരുന്നതിനു മുമ്പുള്ള യുവത്വം പരമാവധി ഉപയോഗപ്പെടുത്തുകയും നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കുകയും ചെയ്യണമെന്നാണ് ഇസ്‌ലാം നിർദ്ദേശിക്കുന്നത്. യുവത്വം അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി വിനിയോഗിച്ചവർക്ക് വലിയ പ്രതിഫലവും ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നു. എന്തും ചെയ്യാനുള്ള ആരോഗ്യവും മനക്കരുത്തും സമ്പത്തും ഒരുമിച്ചു കൂടുന്ന ഈ സമയത്ത് മനുഷ്യർ തെറ്റിലേക്ക് തെന്നിവീഴാനുള്ള സാധ്യത വളരെ കൂടുതലാണ്. ചുറ്റുപാടുകളും പിശാചിന്റെ പ്രലോഭനങ്ങളും തിന്മകളിലേക്ക് പിടിച്ചു വലിക്കുമ്പോൾ പ്രതിരോധം തീർത്ത് നന്മയുടെ വഴിയെ യുവത്വം ഉപയോഗപ്പെടുത്തണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു.

## ഉപയോഗപ്പെടുത്താം യുവത്വകാലം

മരണശേഷം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമെന്നും ഭൗതികലോകത്ത് ചെയ്ത കർമങ്ങൾ വിചാരണ ചെയ്യപ്പെടുമെന്നുമുള്ള ഉറച്ച വിശ്വാസമുള്ളവരാണ് മുസ്‌ലിംകൾ. മനുഷ്യായുസ്സിലെ പ്രധാനഘട്ടമായ യുവത്വകാലത്തെക്കുറിച്ച് പ്രത്യേകം ചോദിക്കപ്പെടുമെന്ന് നബി(സ) പഠിപ്പിക്കുന്നു: 'അഞ്ചു കാര്യങ്ങളെ സംബന്ധിച്ച് ചോദിക്കപ്പെടാതെ അന്ത്യനാളിൽ മനുഷ്യന്റെ കാൽപാദങ്ങൾ മുന്നോട്ടു നീങ്ങുകയില്ല; ആയുസ്സ് എങ്ങനെ ചെലവഴിച്ചു, യുവത്വം എന്തിനു വിനിയോഗിച്ചു, ധനം എങ്ങനെ സമ്പാദിച്ചു, എങ്ങനെ ചെലവഴിച്ചു, പഠിച്ച അറിവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പ്രവർത്തിച്ചു എന്നിവയാണവ.' (തുർമുദി)

മനുഷ്യായുസ്സിലെ പ്രധാനഘട്ടമായ യുവത്വകാലത്തെക്കുറിച്ച് പ്രത്യേകം ചോദിക്കപ്പെടുമെന്ന് നബി(സ) പഠിപ്പിക്കുന്നു: 'അഞ്ചു കാര്യങ്ങളെ സംബന്ധിച്ച് ചോദിക്കപ്പെടാതെ അന്ത്യനാളിൽ മനുഷ്യന്റെ കാൽപാദങ്ങൾ മുന്നോട്ടു നീങ്ങുകയില്ല; ആയുസ്സ് എങ്ങനെ ചെലവഴിച്ചു, യുവത്വം എന്തിനു വിനിയോഗിച്ചു, ധനം എങ്ങനെ സമ്പാദിച്ചു, എങ്ങനെ ചെലവഴിച്ചു, പഠിച്ച അറിവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പ്രവർത്തിച്ചു എന്നിവയാണവ.' (തുർമുദി)

## സന്തോഷ വാർത്ത

യുവത്വം ഉത്തമ മാർഗത്തിൽ ചെലവഴിക്കുന്നവർക്ക് വലിയ പ്രതിഫലമാണ് ആഖിറത്തിൽ ലഭിക്കാനിരിക്കുന്നത്. മഹ്ശറിൽ അർശിന്റെ തണൽ നൽകപ്പെടുന്ന ഏഴു വിഭാഗത്തിൽ ഒരു വിഭാഗം യുവത്വം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചവരാണ്.

അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: 'അല്ലാഹു ഏഴുവിഭാഗക്കാർക്ക് അന്ത്യനാളിൽ അർശിന്റെ തണൽ നൽകും. നീതിമാനായ ഭരണാധികാരി, അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം ചെലവഴിച്ച യുവാവ്, പള്ളിയുമായി മാനസികബന്ധം സ്ഥാപിച്ചവർ, അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പരം ഇഷ്ടപ്പെടുകയും പിരിയുകയും ചെയ്ത രണ്ടു കൂട്ടുകാർ, സൗന്ദര്യവും തറവാടുമുള്ളൊരു സ്ത്രീ അവിഹിതബന്ധത്തിന് ക്ഷണിച്ചപ്പോൾ 'നിശ്ചയം, ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു' എന്നു പറഞ്ഞ് അകന്നുനിന്നവൻ, ഇടതുകൈ അറിയാതെ വലതുകൈ കൊണ്ട് ദാനം നൽകിയവൻ, ഏകാന്തനായി അല്ലാഹുവിനെ ഓർത്ത് കണ്ണീർ വാർത്തവൻ എന്നിവരാണ് ഈ ഏഴ് വിഭാഗം.' (ബുഖാരി)

യൗവനകാലം അവസാനിക്കുമെന്നും വാർദ്ധക്യം വരാനിരിക്കുന്നുവെന്നുമുള്ള ബോധ്യം എപ്പോഴും ഉണ്ടായിരിക്കണം.

ഇബ്നുഅബ്ബാസ്(റ) നിവേദനം. നബി(സ) ഒരാൾക്ക് ഇങ്ങനെ ഉപദേശം നൽകി: 'അഞ്ചു ഘട്ടങ്ങൾ വരുന്നതിനു മുമ്പ് അഞ്ചു കാര്യങ്ങൾ നീ ഉപയോഗപ്പെടുത്തുക: 'വാർദ്ധക്യത്തിനു മുമ്പുള്ള യുവത്വം, രോഗത്തിന് മുമ്പുള്ള ആരോഗ്യം, ദാരിദ്ര്യത്തിനു മുമ്പുള്ള സമൃദ്ധി, തിരക്കുകൾക്കു മുമ്പുള്ള ഒഴിവുസമയം, മരണത്തിനു മുമ്പുള്ള ജീവിതം.' (മുസ്തദ്റക് – ഹാകിം)

തനിക്കും വാർദ്ധക്യം വരാനിരിക്കുന്നുവെന്ന് ചിന്തിക്കുമ്പോൾ പ്രായമുള്ളവരെ അവഗണിക്കാൻ മനസ്സനുവദിക്കില്ല. ഇപ്പോൾ പ്രായമുള്ളവർക്ക് പരിഗണന കൊടുത്താൽ മാത്രമേ പ്രായമാകുമ്പോൾ മറ്റുള്ളവർ തന്നെ പരിഗണിക്കുകയുള്ളൂ എന്ന ചിന്ത ഉള്ളിലുണ്ടാകും. വിതച്ചതേ കൊയ്യൂ, നൽകുന്നതേ തിരിച്ചുലഭിക്കൂ എന്നാണല്ലോ ചൊല്ല്. നബി(സ) പറയുന്നു: 'യുവാവ് പ്രായം പരിഗണിച്ചുകൊണ്ട് ഒരു വൃദ്ധനെ ബഹുമാനിച്ചാൽ വാർദ്ധക്യകാലത്ത് അവനെ ബഹുമാനിക്കുന്നവരെ അല്ലാഹു നിർണ്ണയിക്കും.' (തിർമുദി)

## വഞ്ചിക്കുന്ന രണ്ടനുഗ്രഹങ്ങൾ

നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളും പ്രയാസങ്ങളും അല്ലാഹുവിൽ നിന്നുള്ള പരീക്ഷണമാണ്. അനുഗ്രഹങ്ങൾക്ക് ആരാണ് നന്ദി ചെയ്യുന്നതെന്നും പ്രയാസ

ങ്ങളിൽ ആരാണ് ക്ഷമിക്കുന്നതെന്നും പരിശോധിക്കുകയാണ് അല്ലാഹു.

സൂറത്തുൽ മുൽക്കിന്റെ ആദ്യവചനത്തിൽ അല്ലാഹു പറയുന്നു: 'ആധിപത്യം ഏതൊരുവന്റെ കയ്യിലാണോ അവൻ ഉന്നതനായിരിക്കുന്നു. ഏതു കാര്യത്തിനും കഴിവുള്ളവനാണവൻ. നിങ്ങളിലാരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവരെന്ന് പരീക്ഷിക്കുവാൻ മരണവും ജീവിതവും സൃഷ്ടിച്ചവനാണവൻ. അവൻ പ്രതാപശാലിയും ഏറെ പൊറുക്കുന്നവനുമാകുന്നു.'


മനുഷ്യന്റെ കർമ്മജീവിതത്തിന്റെ വിരാമമാണല്ലോ മരണം. മരണാനന്തര ജീവിതത്തിൽ ഭൗതിക ലോകത്ത് ചെയ്ത കർമ്മങ്ങളുടെ അനന്തരഫലമാണ് അനുഭവിക്കുക. നമുക്ക് ലഭിച്ച എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്ത അനുഗ്രഹങ്ങളെ സംബന്ധിച്ച് ചോദ്യമുണ്ടാകും. നഷ്ടപ്പെടുമ്പോഴാണ് ഓരോ അനുഗ്രഹങ്ങളുടെയും വില നമുക്ക് ബോധ്യപ്പെടുക. ആയുഷ്കാലം മുഴുവനും ആരാധനകൾ നിർവഹിച്ചാലും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയാവില്ല. അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവുമാണ് വിശ്വാസിയുടെ പ്രതീക്ഷ.

അധിക ജനങ്ങളും വഞ്ചിതരാകുന്ന രണ്ട് അനുഗ്രഹങ്ങളുണ്ട്. ഇബ്നുഅബ്ബാസ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'അധിക പേരും വഞ്ചിതരാവുന്ന രണ്ടനുഗ്രഹങ്ങളുണ്ട്; ആരോഗ്യവും ഒഴിവുസമയവുമാണവ.' (ബുഖാരി 6412)

ഈ രണ്ട് അനുഗ്രഹങ്ങളുടെ മഹത്വം മനസ്സിലാക്കാൻ അധികപേർക്കും കഴിയുന്നില്ല. ഒഴിവുസമയങ്ങളാണ് മനുഷ്യരെ കൂടുതൽ വഴിതെറ്റിക്കുന്നത്. ഈ രണ്ടനുഗ്രഹങ്ങളും വേണ്ടുവോളം ലഭ്യമാകുന്ന കാലഘട്ടമാണ് യുവത്വം. പലരും യുവത്വത്തെ ഫലപ്രദമായി ഉപയോഗിക്കാതെ പാഴാക്കിക്കളയുന്നു. സംഘർഷങ്ങളിലും ലഹരിയിലും വിനോദങ്ങളിലും അഭിരമിക്കുന്ന യുവസമൂഹം നമ്മെ അസ്വസ്ഥമാക്കുന്നു.

ലോകാടിസ്ഥാനത്തിൽ കൂടുതൽ യുവാക്കളുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പാദ്യമാണ് യുവാക്കൾ. ഭാവിയെക്കുറിച്ച് വലിയ സ്വപ്നങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തിയുള്ള ആരോഗ്യമുള്ള തലമുറയെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

**തനിക്കും വാർദ്ധക്യം വരാനിരിക്കുന്നുവെന്ന് ചിന്തിക്കുമ്പോൾ പ്രായമുള്ളവരെ അവഗണിക്കാൻ മനസ്സനുവദിക്കില്ല. ഇപ്പോൾ പ്രായമുള്ളവർക്ക് പരിഗണന കൊടുത്താൽ മാത്രമേ പ്രായമാകുമ്പോൾ മറ്റുള്ളവർ തന്നെ പരിഗണിക്കുകയുള്ളൂ എന്ന ചിന്ത ഉള്ളിലുണ്ടാകും. നബി(സ) പറയുന്നു: 'യുവാവ് പ്രായം പരിഗണിച്ചുകൊണ്ട് ഒരു വൃദ്ധനെ ബഹുമാനിച്ചാൽ വാർദ്ധക്യകാലത്ത് അവനെ ബഹുമാനിക്കുന്നവരെ അല്ലാഹു നിർണ്ണയിക്കും.' (തിർമുദി)**




യൗവനകാലഘട്ടത്തിലുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായിരിക്കും വാർദ്ധക്യകാലഘട്ടത്തിലുണ്ടാവുക. പ്രായമായതിനുശേഷം നന്നാവാമെന്നു ചിന്തിച്ച് യുവത്വകാലഘട്ടത്തിൽ തോന്നിയത് പോലെ ജീവിക്കുന്നവരുണ്ട്. തീർത്തും മൗഢ്യമാണീ ചിന്ത. വാർദ്ധക്യാവസ്ഥയിലെത്താനാകുമോ എന്നു പോലും നമുക്ക് ഉറപ്പുപറയാനാവില്ലല്ലോ.

## നാല്പതിന്റെ പൂർണ്ണത

മനുഷ്യജീവിതത്തിൽ വീണ്ടുവിചാരത്തിന്റെയും ബോധോദയത്തിന്റെയും പ്രായമാണ് നാല്പത്. 40 വയസ്സ് പൂർത്തിയായിട്ടും ജീവിതത്തിന്റെ ക്രമരഹിതമായ ഒഴുക്കിന് മാറ്റമുണ്ടാകണമെന്ന ചിന്തയുണ്ടാകുന്നില്ലെങ്കിൽ പരാജയത്തിന്റെ അടയാളമാണത്. ഖുർആനിൽ അല്ലാഹു പറയുന്നു: 'മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട്

**മനുഷ്യന്റെ കർമ്മജീവിതത്തിന്റെ വിരാമമാണല്ലോ മരണം. മരണാനന്തര ജീവിതത്തിൽ ഭൗതികലോകത്ത് ചെയ്ത കർമ്മങ്ങളുടെ അനന്തരഫലമാണ് അനുഭവിക്കുക. എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്ത അനുഗ്രഹങ്ങളെ സംബന്ധിച്ച് ചോദ്യമുണ്ടാകും. നഷ്ടപ്പെടുമ്പോഴാണ് അനുഗ്രഹങ്ങളുടെ വില നമുക്ക് ബോധ്യപ്പെടുക. ആയുഷ്കാലം മുഴുവനും ആരാധനകൾ നിർവഹിച്ചാലും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയാവില്ല.**

അനുശാസിച്ചിരിക്കുന്നു. മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും, പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിനിർത്തലും കൂടി മുപ്പത് മാസക്കാലമാകുന്നു. അങ്ങനെ, അവൻ തന്റെ പൂർണ്ണശക്തി പ്രാപിക്കുകയും നാല്പതു വയസ്സിലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മ നൽകുകയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ വഴിപ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.' (സൂറത്തുൽ അഹ്ഖാഫ് 15)

ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം ഇബ്നുജരീറുത്വബ്രി(റ) പറയുന്നു: 'നാല്പതു വയസ്സ് മനുഷ്യനെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ ദൃഷ്ടാന്തം പൂർത്തിയാകുന്ന കാലമാണ്. യുവത്വകാലത്തിലുള്ള വിവരക്കേടുകളും അപക്വമായ പെരുമാറ്റങ്ങളും മനുഷ്യനിൽ നിന്ന് നീങ്ങുന്നത് ഈ സമയത്താണ്. അല്ലാഹുവിനോടും മാതാപിതാക്കളോടും ചെയ്യേണ്ട ബാധ്യതകളെക്കുറിച്ച് മനുഷ്യൻ ബോധവാനാകുന്നതും ഈ പ്രായത്തിൽ തന്നെയാണ്.' (തഫ്സീറു ത്വബ്രി)

## ഗുഹാവാസികൾ

ഗുഹാനിവാസികളായ ചെറുപ്പക്കാരുടെ ജീവിതം സൂറതുൽ കഹ്ഫിൽ വിശുദ്ധഖുർആൻ മാതൃകയായി അവതരിപ്പിച്ചിട്ടുണ്ട്. പ്രതികൂല സാഹചര്യത്തിലും തൗഹീദിൽ അടിയുറച്ചു നിന്ന ഈ യുവാക്കൾക്ക് അല്ലാഹു സംരക്ഷണം നൽകി. റോമാസാമ്രാജ്യത്തിന്റെ ഭാഗമായ ത്വർത്തൂസ് എന്ന പ്രദേശത്തെ രാജാവായിരുന്നു ദിഖ്യാനൂസ്. അയാൾ വിഗ്രഹാരാധന നടത്താൻ തന്റെ പ്രജകളെ നിർബന്ധിക്കുകയും അതിനു വിസമ്മതിക്കുന്നവരെ ക്രൂരമായി മർദ്ദിക്കുകയും കൊലപ്പെടുത്തുകയും ചെയ്തു. ഏകദൈവ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്ന ഒരു കൂട്ടം യുവാക്കളെക്കുറിച്ച് വിവരം ലഭിച്ച ദിഖ്യാനൂസ് അവരോട് ഏകദൈവ വിശ്വാസത്തിൽ നിന്ന് മടങ്ങണമെന്നും അല്ലെങ്കിൽ വധിച്ചു കളയുമെന്നും ഭീഷണിപ്പെടുത്തി. അവർ തൗഹീദിൽ നിന്നു പിന്മാറിയില്ല. പുനരാലോചന നടത്താൻ ഒരു ദിവസം കൂടി അവർക്ക് അനുവദിച്ചുകൊടുത്തു. അന്നു രാത്രി അവർ ഒളിച്ചോടുകയും ഒരു ഗുഹയിൽ അഭയം തേടുകയും ചെയ്തു.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: 'ആ യുവാക്കൾ ഗുഹയിൽ അഭയം പ്രാപിച്ച സന്ദർഭത്തിൽ അവർ പറഞ്ഞു: ഞങ്ങളുടെ നാഥാ, നിന്റെ കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യുകയും കാര്യം നേരാംവണ്ണം നിർവഹിക്കാൻ ഞങ്ങൾക്ക് സൗകര്യം നൽകുകയും ചെയ്യേണമേ. അങ്ങനെ അനേകം വർഷങ്ങൾ ആ ഗുഹയിൽ അവരെ നാം ഉറക്കിക്കിടത്തി.' (സൂറത്തുൽ കഹ്ഫ്-10,11)


ഗുഹയ്ക്കകത്തു കടന്ന ഈ യുവാക്കളെ 309 വർഷക്കാലം അല്ലാഹു ഉറക്കിക്കിടത്തി. പിന്നീട് ഗാഢനിദ്രയിൽ നിന്നവരെ ഉണർത്തി. എത്രകാലം ഈ ഗുഹയിൽ നാം താമസിച്ചുവെന്നതിൽ അവർ ഭിന്നാഭിപ്രായക്കാരായി. ഒരു ദിവസമോ അതിൽ കുറവോ സമയമേ ആയിട്ടൊള്ളൂ എന്ന് ചിലർ പറഞ്ഞു. മറ്റൊരു വിഭാഗം പറഞ്ഞു: 'നമ്മൾ ഇവിടെ കഴിഞ്ഞ സമയത്തെപ്പറ്റി കൃത്യമായറിയുന്നവൻ നമ്മുടെ നാഥൻ മാത്രമാണ്.' ഉറക്കിൽ നിന്നുണർന്ന ഈ ചെറുപ്പക്കാർക്ക് ശക്തമായ വിശപ്പനുഭവപ്പെട്ടു. ആഹാരം വാങ്ങാൻ കൂട്ടത്തിലൊരാളെ അവർ പട്ടണത്തിലേക്കയച്ചു. ഗുഹയിൽ ശേഷിക്കുന്നവരുടെ കാര്യം അതീവരഹസ്യമാക്കി വെക്കണമെന്ന് പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്തു. പുറത്തിറങ്ങിയ യുവാവ് ചുറ്റുപാടുകൾ കണ്ട് അത്ഭുതപ്പെട്ടു. യുവാവിനെ കണ്ട് നാട്ടുകാരും അത്ഭുതപ്പെട്ടു. ഭക്ഷണസാധനങ്ങൾക്ക് വിലയായി ആ യുവാവ് നൽകിയ നാണയം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണെന്ന് കച്ചവടക്കാരന് മനസ്സിലായി. വർഷങ്ങൾക്കു മുമ്പ് വിശ്വാസ സംരക്ഷണത്തിനുവേണ്ടി ഗുഹയിൽ അഭയം പ്രാപിച്ച ചെറുപ്പക്കാരാണിവരെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞു. അപ്പോഴവിടെ ഭരണം നടത്തുന്നത് നീതിമാനായ ഒരു ഭരണാധികാരിയായിരുന്നു. പുതിയ ഭരണാധികാരിക്കു കീഴിൽ അവർ പിന്നെയും ജീവിച്ചു. ആദർശത്തിൽ ഉറച്ചുനിൽക്കുന്നവരെ അല്ലാഹു സംരക്ഷിക്കുമെന്ന മഹത്തായ പാഠമാണ് ഈ സംഭവം.

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# തവക്കുൽ: പൊരുളും പ്രയോഗവും

അല്ലാഹുവിലുള്ള പരിപൂർണ്ണ സമർപ്പണമാണ് തവക്കുൽ. അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നത് ഏറെ പുണ്യമുള്ള കാര്യമാണ്. ഇസ്‌ലാമിക അധ്യാത്മികധാരയിലെ മഹത്തായൊരു പദവിയും വിശ്വാസിക്ക് നിർഭയത്വം നൽകുന്ന അവസ്ഥയുമാണ് തവക്കുൽ. എല്ലാ കാര്യങ്ങളും ലോകൈകനാഥനായ അല്ലാഹുവിന്റെ നിയന്ത്രണത്തിലാണെന്നും അവന്റെ തീരുമാന പ്രകാരമാണ് എല്ലാം നടക്കുന്നതെന്നുമുള്ള തിരിച്ചറിവാണത്.

തവക്കുൽ അല്ലാഹുവുമായുള്ള അടുത്ത ബന്ധത്തിന്റെ താക്കോലാണ്. അല്ലാഹു കൂടെയുണ്ടെന്ന ബോധം മനുഷ്യന്റെ വിശ്വാസം കൂടുതൽ ഉറപ്പിക്കും. അവനത് ആത്മധൈര്യം നൽകും. സൽകർമങ്ങളിലേക്ക് വഴി നടത്തും. പരീക്ഷണങ്ങളുണ്ടാകുമ്പോൾ അടി പതറാതെ നിലകൊള്ളാൻ സാധിക്കും. ഇലാഹീവിശ്വാസമാണ് തവക്കുലിന്റെ അടിത്തറ. തവക്കുലിന്റെ മധുരമറിഞ്ഞവർ സ്വാഭാവികമായും ഐഹികോപാധികളിൽ നിന്ന് അകലുമെന്ന് അബ്ദുല്ലാഹിൽഹദ്ദാദ്(റ) പറഞ്ഞിട്ടുണ്ട്. ‘അല്ലാഹുവാണെന്റെ ശക്തി എന്ന് അടിമ മനസ്സിലാക്കലാണ് തവക്കുൽ’ എന്ന് ഇമാം ഹസനുൽബസ്വരി(റ) പ്രസ്താവിച്ചിട്ടുണ്ട്.



## അല്ലാഹുവിന്റെ സഹായം

അല്ലാഹു സദാ കൂടെയുണ്ടെന്ന ചിന്ത വിശ്വാസികൾക്ക് നൽകുന്ന ആത്മവിശ്വാസം ചെറുതല്ല. മൂസാനബി(അ)ന്റെ സംഘവും ഫറോവയുടെ സംഘവും മുഖാമുഖം കണ്ട രംഗം വിശുദ്ധ ഖുർആൻ പറയുന്നു: ‘അങ്ങനെ രണ്ട് സംഘങ്ങൾ പരസ്പരം കണ്ടപ്പോൾ മൂസ(അ)ന്റെ അനുചരൻമാർ പറഞ്ഞു: തീർച്ചയായും നാം പിടിക്കപ്പെടാൻ പോവുകയാണ്. അപ്പോൾ മൂസ(അ) പറഞ്ഞു: ഒരിക്കലുമില്ല, തീർച്ചയായും എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്. അവൻ എനിക്ക് വഴി കാണിച്ചുതരും.’ (അശ്ശുഅറാഅ്: 61, 62)

ഹിജ്റവേളയിൽ സൗർഗുഹക്കകത്തിരിക്കുന്ന തിരുനബി(സ)യെ തേടി ശത്രുക്കൾ ഗുഹയുടെ സമീപമെത്തിയപ്പോൾ അവിടുന്ന് കൂട്ടുകാരൻ അബൂബക്കർ(റ)വിനെ സമാധാനിപ്പിച്ചതും അല്ലാഹുവിൽ തവക്കുലാക്കിയായിരുന്നല്ലോ. ‘അവിടുന്ന് കൂട്ടുകാരനോട്, ‘ദുഃഖിക്കേണ്ട തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്’ എന്നു പറഞ്ഞ സന്ദർഭം. അപ്പോൾ അല്ലാഹു അവർക്ക് സമാധാനം ഇറക്കിക്കൊടുക്കുകയും, കാണാനാവാത്ത സൈന്യങ്ങളെക്കൊണ്ട് പിൻബലം നൽകുകയും, സത്യനിഷേധികളുടെ വാക്കിനെ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു.’ (അത്തൗബ: 40)

## വിശുദ്ധ ഖുർആനിലെ ഉൽബോധനങ്ങൾ

ഹൃദയം അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ പാരമ്യതയിലെ

ത്തുമ്പോൾ മാത്രമാണ് തവക്കുൽ യാഥാർത്ഥ്യമാവുക. വിശുദ്ധ ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹു ഭരമേൽപിക്കാൻ വിശ്വാസികളെ ഉണർത്തുകയും അതിനാൽ ലഭിക്കുന്ന ഫലങ്ങളും ശ്രേഷ്ഠതകളും വിവരിക്കുകയും ചെയ്തിട്ടുണ്ട്. ''അങ്ങൊരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവർ അങ്ങയുടെ സമീപത്തു നിന്ന് അകന്നു പോകുമായിരുന്നു. ആകയാൽ, താങ്കൾ അവർക്ക് മാപ്പ് നൽകുകയും അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ അവരോട് കൂടിയാലോചന നടത്തുക. എന്നിട്ട്, വല്ലതും ചെയ്യാനുറച്ചാൽ താങ്കൾ അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കുക. നിശ്ചയം, അല്ലാഹു ഭരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നവനാണ്.'' (ആലുഇംറാൻ: 159) ''നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുക.'' (അൽമാഇദ: 23) ''അല്ലാഹുവിലാണ് സത്യവിശ്വാസികൾ ഭരമേൽപ്പിക്കേണ്ടത്.'' (അത്തൗബ: 51) ''വല്ലവനും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന പക്ഷം അവന് അല്ലാഹു തന്നെ മതിയാകുന്നതാണ്.'' (അത്ത്വലാഖ്: 3) ''അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. സത്യവിശ്വാസികൾ ഭരമേൽപ്പിക്കുന്നത് അല്ലാഹുവിലായിരിക്കട്ടെ.'' (അത്തഗാബുൻ: 13)

ആരാധനകളിലും പ്രബോധനവേളകളിലും ഉപജീവനം തേടുന്നതിലും ജിഹാദ് ചെയ്യുന്നതിലുമെല്ലാം തവക്കുൽ വേണമെന്ന് വിശുദ്ധ ഖുർആൻ ഊന്നിപ്പറയുന്നു: 'നീ അല്ലാഹുവിനെ ആരാധിക്കുകയും, അവന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക.' (ഹൂദ്: 123), 'എന്നാൽ അവർ തിരിഞ്ഞുകളയുന്ന പക്ഷം (നബിയേ,) അങ്ങ് പറയുക: എനിക്ക് അല്ലാഹു മതി. ആരാധനക്കർഹൻ അവനല്ലാതെ മറ്റാരുമില്ല. അവനിലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്.' (അത്തൗബ: 129), 'അല്ലാഹുവിനെ സൂക്ഷിക്കുന്നവർക്ക് അവൻ ഒരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവിചാരിതമായ മാർഗത്തിൽ ഉപജീവനം നൽകുകയും ചെയ്യുന്നതാണ്.

**തവക്കുൽ അല്ലാഹുവുമായുള്ള അടുത്ത ബന്ധത്തിന്റെ താക്കോലാണ്. അല്ലാഹു കൂടെയുണ്ടെന്ന ബോധം മനുഷ്യന്റെ വിശ്വാസം കൂടുതൽ ഉറപ്പിക്കും. അവനത് ആത്മധൈര്യം നൽകും. സൽകർമങ്ങളിലേക്ക് വഴി നടത്തും. പരീക്ഷണങ്ങളുണ്ടാകുമ്പോൾ അടി പതറാതെ നിലകൊള്ളാൻ സാധിക്കും. ഇലാഹീവിശ്വാസമാണ് തവക്കുലിന്റെ അടിത്തറ. തവക്കുലിന്റെ മധുരമറിഞ്ഞവർ സ്വാഭാവികമായും ഐഹികോപാധികളിൽ നിന്ന് അകലുമെന്ന് അബ്ദുല്ലാഹിൽഹദ്ദാദ്(റ) പറഞ്ഞിട്ടുണ്ട്.**

അല്ലാഹുവിൽ ഭരമേൽപിക്കുന്നവർക്ക് അല്ലാഹു തന്നെ മതിയാകുന്നതാണ്.'(അത്ത്വലാഖ് 2,3), 'അല്ലാഹു സഹായിക്കുന്ന പക്ഷം നിങ്ങളെ തോൽപ്പിക്കാനാരുമില്ല. അവൻ കൈവിടുന്ന പക്ഷം നിങ്ങളെ സഹായിക്കാൻ മറ്റാരുണ്ട്? അതിനാൽ, സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപ്പിക്കട്ടെ.' (ആലുഇംറാൻ: 159), 'അക്രമത്തിനു വിധേയരായതിനു ശേഷം അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്ക് ഇഹലോകത്ത് നാം മികച്ച താമസസൗകര്യം ഏർപ്പെടുത്തിക്കൊടുക്കുക തന്നെ ചെയ്യും. എന്നാൽ, പരലോകത്തെ പ്രതിഫലം തന്നെയാകുന്നു ഏറ്റവും മഹത്തായത്. അവർ (അത്) അറിഞ്ഞിരുന്നുവെങ്കിൽ! ക്ഷമിക്കുകയും തങ്ങളുടെ രക്ഷിതാവിൽ ഭരമേൽപിക്കുകയും ചെയ്തവരത്രെ അവർ.' (മുഹാജിറുകൾ) (അന്നഹ്ൽ: 41,42)

## പ്രതിസന്ധികളിലെ പോംവഴി

പ്രയാസങ്ങളിൽ നിന്നുള്ള രക്ഷാമാർഗമാണ് 'തവക്കുൽ'. പീഡനങ്ങൾ നേരിട്ടപ്പോൾ മഹാന്മാരായ പ്രവാചകന്മാരെ അടിയുറച്ചുനിൽക്കാൻ പ്രാപ്തരാക്കിയത് അല്ലാഹുവിലുള്ള തവക്കുലാണ്. ഖുർആൻ പറയുന്നു: 'നൂഹ്(അ) തന്റെ ജനതയോട് പറഞ്ഞ സന്ദർഭം: ജനങ്ങളേ, എന്റെ സാന്നിധ്യവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ചുള്ള എന്റെ ഉദ്ബോധനവും നിങ്ങൾക്ക് ഒരു വലിയ ഭാരമായിത്തീർന്നിട്ടുണ്ടെങ്കിൽ അല്ലാഹുവിൽ ഞാനിതാ ഭരമേൽപിച്ചിരിക്കുന്നു. എന്നാൽ, നിങ്ങളുടെ കാര്യം നിങ്ങളും നിങ്ങൾ പങ്കാളികളാക്കിയവരും കൂടി തീരുമാനിച്ചുറപ്പിക്കുക.' (യൂനുസ്: 71)

പ്രിയപ്പെട്ട മക്കളിലൊരാളുടെ വിരഹദുഃഖത്തിലകപ്പെട്ടിരിക്കെ മറ്റൊരു മകനെക്കൂടി നഷ്ടമായപ്പോൾ യഅ്ഖൂബ് നബി(അ) ഇങ്ങനെ പറഞ്ഞു: 'അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന യാതൊന്നും തടുക്കുവാൻ എനിക്കു കഴിയില്ല. വിധികർതൃത്വം അല്ലാഹുവിനു മാത്രമാണ്. അവനിൽ ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നു. ഭരമേൽപ്പിക്കുന്നവരൊക്കെയും ഭരമേൽപ്പിക്കുന്നത് അവനിൽ തന്നെയാണ്.' (യൂസുഫ്: 67)

മൂസനബി(അ) സമുദായത്തോട് പറഞ്ഞതിങ്ങനെ: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ അവനിൽ ഭരമേൽപ്പിക്കുക, നിങ്ങൾ അവനെ അനുസരിക്കുന്നവരാണെങ്കിൽ. അപ്പോൾ അവർ പറഞ്ഞു: അല്ലാഹുവിൽ ഞങ്ങൾ ഭരമേൽപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ഈ ജനവിഭാഗത്തിന്റെ മർദ്ദനത്തിനിരയാക്കരുതേ.' (യൂനുസ്: 84-85)

## തവക്കുൽ തിരുമൊഴികളിൽ

തവക്കുലിന്റെ പ്രാധാന്യം ഉണർത്തുന്ന ധാരാളം ഹദീസുകളുമുണ്ട്. ഉമറുബ്നുൽഖത്വാബ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിൽ യഥാവിധം ഭരമേൽപ്പിക്കുകയാണെങ്കിൽ, പറവകൾക്ക് ഭക്ഷണം കൊടുക്കുന്നതുപോലെ നിങ്ങൾക്കും അല്ലാഹു ഭക്ഷണം നൽകും. പക്ഷികൾ രാവിലെ വയറൊട്ടിയ നിലയിൽ പുറപ്പെടുകയും വയറുനിറഞ്ഞ് മടങ്ങിയെത്തുകയും ചെയ്യുന്നല്ലോ.' (ഇബ്നു മാജ)

ഈ ഹദീസിലെ ഉപമ ശ്രദ്ധേയമാണ്. പക്ഷികൾ കൂട്ടിൽ നിന്ന് ഭക്ഷണം തേടി പുറപ്പെടുകയും തിരിച്ചുവരികയും ചെയ്യും. അതാതു ദിവസത്തെ ഭക്ഷണത്തിനാണല്ലോ ഈ പോക്ക്. ഇതുപോലെ അല്ലാഹുവിൽ ഭരമേൽപ്പിക്കാനാണ് തിരുനബി(സ) നമ്മെ പഠിപ്പിക്കുന്നത്.

## തവക്കുലും കാര്യകാരണങ്ങളും

ഒരാൾ തിരുനബി(സ)യോട് ചോദിച്ചു: 'ഞാൻ എന്റെ ഒട്ടകത്തിനെ കയറൂരിവിട്ട് തവക്കുൽ ചെയ്യണോ അതിനെ ഒരിടത്ത് കെട്ടിയിട്ട് തവക്കുൽ ചെയ്യണോ?' നബി(സ)യുടെ മറുപടി ഇപ്രകാരമായിരുന്നു: 'നിങ്ങൾ അതിനെ കെട്ടിയിട്ട് തവക്കുൽ ചെയ്യുക.' ഐഹികജീവിതത്തിൽ ഓരോ കാര്യത്തിനും അല്ലാഹു നിശ്ചയിച്ച കാരണങ്ങളെ അവലംബിച്ചാവണം തവക്കുൽ നടത്തേണ്ടതെന്നു ചുരുക്കം.

യമനിൽ നിന്ന് ഒരു വിഭാഗം ജനത, തങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കുന്നവരാണെന്നവകാശപ്പെട്ടുകൊണ്ട് യാത്രാസാമഗ്രികളോ ഭക്ഷണങ്ങളോ കരുതാതെ ഹജ്ജിനു പുറപ്പെടാറുണ്ടായിരുന്നു. അവർ മക്കയിലെത്തിയാൽ ആളുകളോട് യാചിച്ചുനടക്കുകയും ചെയ്യും. ഇത് നിരുത്സാഹപ്പെടുത്തിക്കൊണ്ടാണ് സൂറത്തുൽബഖറയിലെ 197-ാം സൂക്തം അവതീർണ്ണമായത്.



തവക്കുലിന്റെ പ്രാധാന്യം ഉണർത്തുന്ന ധാരാളം ഹദീസുകളുണ്ട്. ഉമറുബ്നുൽഖത്വാബ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിൽ യഥാവിധം ഭരമേൽപ്പിക്കുകയാണെങ്കിൽ, പറവകൾക്ക് ഭക്ഷണം കൊടുക്കുന്നതുപോലെ നിങ്ങൾക്കും അല്ലാഹു ഭക്ഷണം നൽകും. പക്ഷികൾ രാവിലെ വയറൊട്ടിയ നിലയിൽ പുറപ്പെടുകയും വയറുനിറഞ്ഞ് മടങ്ങിയെത്തുകയും ചെയ്യുന്നല്ലോ.' (ഇബ്നു മാജ)

ഇബ്നുഅബ്ബാസ്(റ) ഇക്കാര്യം നിവേദനം ചെയ്തിട്ടുണ്ട്.

തിരുനബി(സ) ബദർയുദ്ധത്തിനുവേണ്ടി സാധ്യമായ ഒരുക്കങ്ങളെല്ലാം നടത്തി. മുന്നൂറിലധികം സൈനികരും കൂടെയുണ്ടായിരുന്ന അല്പം വാഹനങ്ങളും ആയുധങ്ങളും സജ്ജമാക്കി. ശേഷം അല്ലാഹുവിൽ ഭരമേൽപ്പിച്ചു. അപ്പോൾ അല്ലാഹു അവർക്ക് സമ്പൂർണ്ണ സഹായം നൽകി. ആയിരത്തിലധികം വരുന്ന സർവായുധസജ്ജരായ ശത്രുപടയെ നിഷ്പ്രയാസം തുരത്താൻ അവർക്ക് സാധിച്ചു. വിശുദ്ധ ഖുർആൻ വിവരിക്കുന്നു: 'നിങ്ങൾ രക്ഷിതാവിനോട് സഹായം തേടിയ സന്ദർഭം (ഓർക്കുക). തുടരെത്തുടരെ ആയിരം മലക്കുകളെ അയച്ച് സഹായം നൽകുമെന്ന് അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി.' (അൻഫാൽ: 9)

നിരന്തരം പരീക്ഷണങ്ങൾ അഭിമുഖീകരിക്കുന്ന മുസ്‌ലിം സമൂഹം ഇസ്‌ലാം വിഭാവനം ചെയ്യുന്ന തവക്കുലിനെ യഥാവിധം മനസ്സിലാക്കണം. അതവർക്ക് പ്രതീക്ഷ നൽകും, വിശ്വാസത്തിന് ശക്തി പകരും.

ആത്മികം

മുഹമ്മദ് ശാമിൽ ഹസൈനാർ കാരികുളം

# സ്വർഗം നിഷിദ്ധമായ മൂന്ന് വിഭാഗങ്ങൾ

തിരുനബി(സ) പറഞ്ഞു: 'അല്ലാഹു സ്വർഗം നിഷിദ്ധമാക്കിയ മൂന്ന് വിഭാഗങ്ങളുണ്ട്: മദ്യപാനി, മാതാപിതാക്കളെ ധിക്കരിക്കുന്നവൻ, ബന്ധുക്കളുടെ തെറ്റുകൾ (എതിർക്കാതെ) അംഗീകരിക്കുന്നവൻ.'

## മദ്യപാനി

മദ്യപാനം ഗുരുതരമായ തിന്മയാണ്. എല്ലാ തിന്മകൾക്കും പ്രേരകമാണത് എന്നതാണ് കാരണം. മുത്തുനബി(സ) പറഞ്ഞു: 'മദ്യം കുടിക്കരുത്, കാരണം മദ്യം എല്ലാ തിന്മകളുടെയും താക്കോലാണ്.' (ഇബ്നുമാജ 3371) പാപങ്ങളിലേക്കു തുറക്കുന്ന താക്കോലാണത്. മനുഷ്യർക്ക് അല്ലാഹു നൽകിയ മഹാ അനുഗ്രഹമാണല്ലോ വിവേകം. മദ്യം വിവേകം നഷ്ടപ്പെടുത്തുന്നു. അങ്ങനെ മനുഷ്യർ മൃഗങ്ങളെക്കാൾ അധഃപതിക്കുന്നു. മദ്യവും ലഹരിയും കാരണമുണ്ടാകുന്ന ദുരന്തങ്ങൾക്ക് കണക്കില്ല. കുടുംബങ്ങൾ ശിഥിലമാകുന്നു, ഹീനമായ കുറ്റകൃത്യങ്ങൾ നടത്തുന്നു, അപകടങ്ങൾ വർധിക്കുന്നു, മാതാപിതാക്കൾ മക്കളെയും മക്കൾ മാതാപിതാക്കളെയും ഉടപ്പിറപ്പുകളെയും വകവരുത്തുന്നു, ലൈംഗിക അരാജകത്വം പെരുകുന്നു.

## മാതാപിതാക്കളെ ധിക്കരിക്കൽ

മാതാപിതാക്കളെ ധിക്കരിക്കുന്നവർക്ക് സ്വർഗപ്രവേശം ലഭിക്കില്ല. മാതാപിതാക്കളെ ബഹുമാനിക്കാനും അവർക്ക് ഗുണം ചെയ്യാനും ഇസ്‌ലാം കൽപ്പിക്കുന്നു. മാതാപിതാക്കളോട് വെറുപ്പ് പ്രകടിപ്പിക്കുന്ന ഒരു ചെറുവാക്ക് പോലും പറയരുതെന്നും അവരെ അകറ്റി നിർത്തരുതെന്നും അവരോട് മാന്യമായി സംസാരിക്കണമെന്നും ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്. (അൽഇസ്റാഅ് 23)

തിരുനബി(സ) മുന്നറിയിപ്പ് നൽകി: 'മാതാപിതാക്കളോട് മോശമായി സംസാരിക്കുന്നത് വൻപാപമാണ്.' (മിശ്കാത്ത് 4916)

മാതാപിതാക്കൾക്ക് ഗുണം ചെയ്യുന്നവർക്ക് വലിയ പ്രതിഫലമുണ്ടെന്നും തിരുനബി(സ) പഠിപ്പിക്കുന്നു: 'മാതാപിതാക്കൾക്ക് ഗുണം ചെയ്യുന്നവർക്ക് ദീർഘായുസ്സ് ലഭിക്കും. വൃദ്ധരായ മാതാപിതാക്കൾക്ക് സേവനം ചെയ്യാനും അവരെ സന്തോഷിപ്പിക്കാനും അവസരം ലഭിച്ചിട്ടും സ്വർഗം നേടാൻ കഴിയാത്തവൻ അമ്പേ പരാജിതൻ തന്നെ.'

## തെറ്റുകൾ അംഗീകരിക്കുന്നവൻ

കുടുംബത്തിലാരെങ്കിലും തെറ്റുകൾ ചെയ്താൽ അതിനെ എതിർക്കാതെ മൗനം പാലിക്കുകയോ ന്യായീകരിക്കുകയോ ചെയ്യുന്നവരാണിവർ. സ്വന്തം ഇണയുടെയോ കുട്ടികളുടെയോ ബന്ധുക്കളുടെയോ തെറ്റുകൾ തിരുത്താതിരിക്കുന്നത് അവരുടെ പാപങ്ങളെ അംഗീകരിക്കുന്നതിന് തുല്യമാണ്.

ഗുരുതരമായ പാപങ്ങൾ നിസ്സാരവൽക്കരിക്കപ്പെടുന്ന കാലമാണിത്. മനുഷ്യർക്കിടയിൽ ലജ്ജ കിട്ടാക്കനിയായി മാറിക്കഴിഞ്ഞു. ഭാര്യയോ മക്കളോ മറ്റു ബന്ധുക്കളോ തെറ്റുകൾ ചെയ്യുന്നതായറിഞ്ഞാൽ 'ഇക്കാലത്ത് കുറച്ചൊക്കെ അങ്ങനെ വേണ്ടിവരും' എന്നു പറഞ്ഞ് തിന്മകളെ ചെറുതാക്കുന്നത് മതത്തിൽ നിന്ന് പുറത്തുപോകാൻ വരെ കാരണമായേക്കാം. പാപങ്ങൾ തൃണവൽഗണിക്കപ്പെടുന്ന കാലം വരുമെന്ന് തിരുനബി(സ) മുന്നറിയിപ്പ് നൽകിയതാണല്ലോ.

ഖുർആൻ ഓർമ്മിപ്പിക്കുന്നു: 'വിശ്വാസികളേ, മനുഷ്യരും കല്ലുകളും ഇന്ധനമാക്കപ്പെടുന്ന നരകത്തിൽ നിന്ന് നിങ്ങളെയും കുടുംബങ്ങളെയും സംരക്ഷിക്കുക.' (തഹ്‌രീം 6)

? ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# പ്രസവം; വീട്ടിലും ഹോസ്പിറ്റലിലും

***ചോദ്യം:** വീട്ടിലെ പ്രസവം വിവാദമായിരിക്കുകയാണല്ലോ. വീട്ടിലെ പ്രസവത്തിനും മരണത്തിനുമെല്ലാം കാരണം മതവിശ്വാസമാണെന്നും ഇസ്‌ലാമിലെ ഹിജാബ് നിയമമാണ് ഇതിനു പ്രചോദനം നൽകുന്നതെന്നും പ്രചരിപ്പിക്കപ്പെടുന്നുണ്ട്. പ്രസവത്തെക്കുറിച്ച് ഇസ്‌ലാമിന്റെ നിയമം എന്താണ്? വീട്ടിൽ തന്നെ പ്രസവിക്കണമെന്നുണ്ടോ? ഹോസ്പിറ്റൽ പ്രസവം ഇസ്‌ലാം നിരോധിച്ചതാണോ? ഹിജാബ് നിയമം ഹോസ്പിറ്റൽ പ്രസവത്തിന് തടസ്സമാണോ? എന്താണ് ഹിജാബ്?*

**ഉത്തരം:** വീട്ടിലെ പ്രസവവും മരണവും ചിലർ വിവാദമാക്കിയിട്ടുണ്ട്. വീട്ടിൽ പ്രസവിക്കുന്നത് ഏറ്റവും വലിയ അപരാധവും രാജ്യത്ത് നിരോധിക്കപ്പെട്ട കുറ്റകൃത്യവുമാണെന്ന വിധത്തിലാണ് പലരുടെയും ചർച്ചകളും വ്യാഖ്യാനങ്ങളും. വീട്ടിലെ പ്രസവത്തിനും മരണത്തിനും കാരണവും പ്രചോദനവും മതവിശ്വാസവും ഇസ്‌ലാമിലെ ഹിജാബ് നിയമവുമാണെന്ന ചിലരുടെ കണ്ടെത്തൽ വാസ്തവവിരുദ്ധവും വലിയ തമാശയുമാണ്.

പ്രസവം വീട്ടിൽ തന്നെയാവണമെന്ന് ഇസ്‌ലാമിലില്ല. ഹോസ്പിറ്റൽ പ്രസവം ഇസ്‌ലാം നിരോധിച്ചിട്ടില്ല. ഇസ്‌ലാമിക ഹിജാബ് നിയമങ്ങൾ ഹോസ്പിറ്റലിൽ പ്രസവിക്കുന്നതിനെ വിലക്കുന്നുമില്ല. ഗർഭവും പ്രസവവും സ്വാഭാവികവും പ്രകൃതിപരവുമാണ്. അത് രോഗമല്ല. എന്നാൽ, ഗർഭമുള്ളപ്പോഴും പ്രസവഘട്ടത്തിലും പലവിധത്തിലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സ്ത്രീകൾ അനുഭവിക്കുന്നുണ്ടെന്ന് പറയേണ്ടതില്ലല്ലോ. അല്ലാഹുവിനോടും മാതാപിതാക്കളോടും നന്ദിയുള്ള വരാകണമെന്ന് നിർദ്ദേശിക്കുന്നിടത്ത് വിശുദ്ധഖുർആൻ ഇക്കാര്യം ഓർമ്മിപ്പിച്ചിട്ടുണ്ട്: 'അവശതകൾക്കു മേൽ അവശത സഹിച്ചുകൊണ്ടാണ് മാതാവ് ഗർഭം ചുമന്നിട്ടുള്ളത്.' (സൂറതുലുഖ്മാൻ 14) 'മാതാവ് ഏറെ പ്രയാസം സഹിച്ചുകൊണ്ടാണ് ഗർഭം ചുമന്നത്. പ്രയാസം സഹിച്ചുകൊണ്ടു തന്നെ പ്രസവിക്കുകയും ചെയ്തു.' (സൂറതുഅഹ്ഖാഫ് 15)

അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'ഗർഭിണി പ്രസവം വരെ, അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധസജ്ജനായി നിൽക്കുന്ന വ്യക്തിയെപ്പോലെയാണ്. അതിൽ മരണപ്പെട്ടാൽ അവൾക്ക് ശഹീദിന്റെ പദവിയുണ്ട്.' (ത്വബ്റാനി, മജ്മഉസ്സവാഇദ്) ഗർഭകാലവും പ്രസവഘട്ടവും ഏറെ വിഷമകരവും അപകടസാധ്യതയുള്ളതുമാണെന്ന് ഓർമിപ്പിക്കുകയാണ് പ്രസ്തുത നബിവചനം.

ഗർഭവും പ്രസവവും സ്വാഭാവികവും പ്രകൃതിപരവുമാണെങ്കിലും പ്രസവസമയം ഏറെ അപകടസാധ്യതയുള്ള ഘട്ടമായിത്തന്നെയാണ് ഇസ്‌ലാമിക കർമ്മശാസ്ത്രം പരിഗണിക്കുന്നത്. വസ്വിയ്യത്തിന്റെ അധ്യായത്തിൽ 'മറളുൻ മഖൂഫ്' എന്ന മരണത്തിന് വലിയ സാധ്യതയുള്ള വകുപ്പിൽ പ്രസവഘട്ടത്തെയും പ്രസവാനന്തരം മറുപിള്ള പുറത്തുവരാത്ത സാഹചര്യത്തെയും കർമ്മശാസ്ത്ര ഇമാമുകൾ എണ്ണിയിട്ടുണ്ട്. (ഫത്ഹുൽ മുഈൻ) പ്രസവം ലാഘവത്തോടെ കൈകാര്യം ചെയ്യേണ്ടതല്ലെന്നും ഗൗരവത്തോടെ സമീപിക്കേണ്ടതാണെന്നും തന്നെയാണ് ഇസ്‌ലാമിക പണ്ഡിതരുടെ നിലപാടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആവശ്യമായ അറിവും പരിചയവുമില്ലാത്ത, യൂട്യൂബ് നോക്കി പ്രസവമെടുക്കുന്ന തമാശയെ ഇസ്‌ലാമിക പണ്ഡിതർ അനുകൂലിക്കുന്നില്ല.

എന്നാൽ പ്രസവം വീട്ടിൽ തന്നെയാവണം; ആശുപത്രിയിലായിക്കൂടാ എന്നോ ആശുപത്രിയിലാവണം; വീട്ടിലാവരുത് എന്നോ യാതൊരു നിർദ്ദേശവും നിരോധവും ഇസ്‌ലാമിലില്ല. പ്രസവം വീട്ടിലോ ആശുപത്രിയിലോ എന്നതിലല്ല കാര്യം;

> **ഹിജാബ് നിയമത്തിന് വിവിധ വകുപ്പുകളുണ്ട്. സ്ത്രീയെ മാത്രമല്ല; പുരുഷനെ ബാധിക്കുന്ന നിയമവകുപ്പുകളും ഹിജാബിലുണ്ട്. എന്നാൽ ഹിജാബ് നിയമത്തിലെ വകുപ്പുകളിലൊന്നും ഹോസ്പിറ്റൽപ്രസവത്തെ നിരോധിക്കുന്നില്ല. അന്യ സ്ത്രീപുരുഷന്മാർ തമ്മിലുള്ള ദർശനവും സ്പർശനവും നിഷിദ്ധമാണെന്ന് ഹിജാബ് നിയമങ്ങളിലുണ്ടെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ, ചികിത്സ പോലെയുള്ള ആവശ്യങ്ങൾക്ക് ഉപാധികളോടെ അത് അനുവദനീയമാണെന്നും ഇസ്‌ലാമിക നിയമങ്ങളിലുണ്ട്.**



പ്രസവം സമാധാനാന്തരീക്ഷത്തിലും സുരക്ഷിതാവസ്ഥയിലുമായിരിക്കണം എന്നതിലാണ് മർമ്മം. പ്രസവസംബന്ധമായ കാര്യങ്ങളിൽ അറിവും പരിചയവും മനക്കരുത്തുമുള്ള, പ്രസവിക്കുന്നവർക്ക് സമാധാനവും ആശ്വാസവും നൽകാൻ കഴിയുന്ന ഒരു സ്ത്രീയുടെ സാന്നിധ്യം പ്രസവഘട്ടത്തിൽ ഏറെ പ്രധാനമാണ്. അതുണ്ടെങ്കിൽ പ്രസവം വീട്ടിലോ ആശുപത്രിയിലോ ആക്കാവുന്നതാണ്. സൗകര്യത്തിനനുസരിച്ച് ഏതും തെരഞ്ഞെടുക്കാം. ഇസ്‌ലാമിൽ രണ്ടും അനുവദനീയമാണ്.

സ്ത്രീ പുരുഷന്മാർക്കിടയിലുള്ള പെരുമാറ്റച്ചട്ടങ്ങളും നിയന്ത്രണങ്ങളുമെന്ന് വിപുലമായ അർഥത്തിൽ ഹിജാബിനെ നിർവചിക്കാം. ഹിജാബ് നിയമത്തിന് വിവിധ വകുപ്പുകളുണ്ട്. സ്ത്രീയെ മാത്രമല്ല; പുരുഷനെ ബാധിക്കുന്ന നിയമവകുപ്പുകളും ഹിജാബിലുണ്ട്. എന്നാൽ ഹിജാബ് നിയമത്തിലെ വകുപ്പുകളിലൊന്നും ഹോസ്പിറ്റൽ പ്രസവത്തെ നിരോധിക്കുന്നില്ല. അന്യസ്ത്രീപുരുഷന്മാർ തമ്മിലുള്ള ദർശനവും സ്പർശനവും നിഷിദ്ധമാണെന്ന് ഹിജാബ് നിയമങ്ങളിലുണ്ടെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ, ചികിത്സ പോലെയുള്ള ആവശ്യങ്ങൾക്ക് ഉപാധികളോടെ അത് അനുവദനീയമാണെന്നും ഇസ്‌ലാമിക നിയമങ്ങളിലുണ്ട്.

പ്രസവസമയം സ്ത്രീയുടെ സമീപം ഭർത്താവല്ലാത്ത പുരുഷന്റെ സാന്നിധ്യം ശരിയല്ലെന്നു തന്നെയാണ് ഇസ്‌ലാം പറയുന്നത്. ഭർത്താവിന്റെ സാന്നിധ്യം ഹറാമില്ല. പ്രസവസമയം അന്യപുരുഷന്മാരുടെ സാന്നിധ്യവും ദർശന-സ്പർശനവുമൊന്നും പാടില്ലെന്ന ഇസ്‌ലാമിക നിയമം ഹോസ്പിറ്റൽ പ്രസവത്തെ തടയുന്നില്ല. ഗൈനക്കോളജിയിൽ അറിവും പരിചയവുമുള്ള സ്ത്രീകൾ പ്രസവം കൈകാര്യം ചെയ്യുന്ന നിരവധി ഹോസ്പിറ്റലുകളുണ്ടല്ലോ. അത്തരം സൗകര്യങ്ങൾ മുസ്‌ലിം സ്ത്രീകൾ ഉപയോഗപ്പെടുത്തുന്നതിന് ഇസ്‌ലാമിൽ യാതൊരു വിലക്കുമില്ല. അന്യപുരുഷന്റെ സാന്നിധ്യത്തിൽ തന്നെ സ്ത്രീകൾ പ്രസവിക്കണമെന്ന് ആർക്കാണ് നിർബന്ധം?

ഈ ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ ഒരു കാര്യം പറയാതെ വയ്യ. ഹോസ്പിറ്റലുകളും ഇന്ന് ബിസിനസ്സാണ്. നോർമൽ പ്രസവങ്ങൾ കുറയുകയും സിസേറിയനുകൾ കൂടുകയും ചെയ്യുന്നത് ഈ ബിസിനസ്സിന്റെ ഭാഗമാണെന്നത് പരസ്യമായ രഹസ്യമാണ്. നിശ്ചിത എണ്ണം ഓപ്പറേഷനുകൾ വേണമെന്ന് പലർക്കും ടാർജറ്റുണ്ട്. പ്രസവത്തിനായി പല ഹോസ്പിറ്റലുകളിലും പ്രവേശിപ്പിക്കപ്പെടുന്ന സ്ത്രീകൾ കടുത്ത മാനസിക സമ്മർദ്ദവും മാനസികപീഡനങ്ങളും അനുഭവിക്കേണ്ടിവരുന്നുണ്ട്. ആശ്വാസവാക്കുകൾക്കു പകരം കുത്തുവാക്കുകളും പരിഹാസങ്ങളുമാണ് പലയിടത്തും കേൾക്കുന്നത്. സമാധാനം നൽകുന്ന പ്രിയപ്പെട്ടവരുടെ സാന്നിധ്യം അനുവദിക്കപ്പെടുന്നുമില്ല. ഓരോ മതവിശ്വാസിക്കും അവരുടേതായ പ്രാർത്ഥനകളും കർമ്മങ്ങളും മനസ്സമാധാനത്തിനുള്ള വഴിക

ളാണ്. പലപ്പോഴും അതിനുള്ള അവസരവും നിഷേധിക്കപ്പെടുന്നു. പ്രസവത്തിന് പ്രവേശിപ്പിക്കപ്പെട്ടതു മുതൽ പ്രിയപ്പെട്ടവരുടെ ആശ്വാസവാക്കുകളും പ്രാർത്ഥനകളും കേൾക്കാൻ കഴിയാതെ, സാന്ത്വന സ്പർശം അനുഭവിക്കാനാകാതെ വല്ലാത്തൊരു ഒറ്റപ്പെടലാണ് പല ഹോസ്പിറ്റലുകളിലും സ്ത്രീകൾ അനുഭവിക്കുന്നത്. മാനസിക സമ്മർദ്ദമില്ലാത്ത സമാധാനന്തരീക്ഷം പ്രസവത്തിന് ഏറെ പ്രധാനമാണെന്നിരിക്കെ പലപ്പോഴും ഹോസ്പിറ്റലുകളിൽ അതൊന്നും ലഭ്യമല്ല. ഒറ്റപ്പെട്ട സംഭവങ്ങൾ എന്നു പറഞ്ഞു മാറ്റിനിർത്താൻ കഴിയാത്ത ഇത്തരം സംഗതികളാണ് പലരിലും ഹോസ്പിറ്റൽ പ്രസവത്തോട് നീരസമുണ്ടാക്കുന്നത്. ഇതിന് പരിഹാരം കാണേണ്ട സമയം അതിക്രമിച്ചിട്ടുണ്ട്.

നോർമൽ പ്രസവങ്ങൾക്ക് അവസരമൊക്കുകയും അടിയന്തിര ഘട്ടങ്ങളിലല്ലാത്ത സിസേറിയൻ നിയന്ത്രിക്കപ്പെടുകയും വേണം. പ്രസവസമയത്ത് ഏറ്റവുമടുത്ത മാതാവ്/സഹോദരി പോലുള്ളവരുടെ സാന്നിധ്യം കഴിയുന്നത്ര ഉറപ്പാക്കുകയും അനാവശ്യപരിശോധനകളും മാനസിക പീഡനങ്ങളും ഒഴിവാക്കി അമിത ഉൽകണ്ഠയും മാനസിക പിരിമുറുക്കവും സൃഷ്ടിക്കപ്പെടാത്ത വിധം സമാധാനന്തരീക്ഷം ലഭ്യമാക്കണം. ഗർഭത്തെക്കുറിച്ചും പ്രസവത്തെക്കുറിച്ചും ശരിയായ അറിവുകൾ നൽകുകയും ഗർഭിണിയുടെയും ഗർഭസ്ഥശിശുവിന്റെയും ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് അനിവാര്യമായ വിചാരങ്ങൾ പങ്കുവെക്കുകയും വേണം. ഇന്ന് വിദഗ്ധരുടെ സഹായം ലഭ്യമാണെന്ന കാഴ്ചപ്പാടിൽ ആധുനികശാസ്ത്രം ലളിതമായാണ് പ്രസവത്തെ കാണുന്നത്. വിദഗ്ധരുടെ സഹായം ഉറപ്പുവരുത്തണമെന്നു തന്നെയാണ് ഇസ്‌ലാമിക കാഴ്ച്ചപ്പാടെന്ന് നാം മനസ്സിലാക്കിയല്ലോ.

അര നൂറ്റാണ്ടിലേറെക്കാലം ചികിത്സാരംഗത്തുണ്ടായിരുന്ന പ്രശസ്ത ഗൈനക്കോളജിസ്റ്റ് ഡോ. ശാന്താവാര്യർ സ്ത്രീകളെ ഉപദേശിക്കുന്നത് കാണുക: ‘വിവാഹം കഴിഞ്ഞാൽ ഗർഭധാരണം വൈകിപ്പിക്കരുത്. ഫാസ്റ്റ്ഫുഡുകൾ ഉപേക്ഷിച്ച് നല്ല വ്യായാമം ചെയ്യുന്നതും പിരിമുറുക്കം ഒഴിവാക്കുന്നതും ആരോഗ്യകരമായ ഗർഭധാരണത്തിനും പ്രസവത്തിനും സഹായിക്കും. പ്രസവത്തെക്കുറിച്ചും പ്രസവവേദനയെക്കുറിച്ചും ഉത്കണ്ഠ കുറയ്ക്കുക. ഗർഭവും പ്രസവവും ഒരു സാധാരണ കാര്യം മാത്രമാണ്.’ (മനോരമ ആരോഗ്യം ജൂലൈ 2015)

സമ്മർടിപ്സ്

# ചൂടകറ്റാൻ ചാമ്പ



കേരളത്തിലെ മിക്കവീട്ടുവളപ്പിലുമുണ്ടാകും ഒരു ചാമ്പമരം. അന്തരീക്ഷ താപനില വർദ്ധിച്ചുകൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ ശരീരത്തിന്റെ പ്രതിരോധശേഷിക്ക് ചാമ്പക്ക വളരെ നല്ലതാണ്. ഇംഗ്ലീഷിൽ റോസ് ആപ്പിൾ എന്നാണിവ അറിയപ്പെടുന്നത്. ധാരാളം നാരുകളും ആന്റിഓക്സിഡന്റുകളും വിറ്റാമിനുകളും ധാതുക്കളുമടങ്ങിയ ചാമ്പക്കയുടെ ആരോഗ്യ ഗുണങ്ങൾ ഏറെയാണ്. പലനിറങ്ങളിലുള്ള ചാമ്പക്കകൾ ഇന്ന് വിപണിയിലുണ്ട്. പ്രത്യേക പരിചരണങ്ങളൊന്നുമില്ലെങ്കിലും ചാമ്പമരങ്ങൾ നന്നായി വളരും. അൽപം ശ്രദ്ധിച്ചാൽ കൈനിറയെ വിളവെടുക്കാൻ പറ്റുന്ന ഫലം കൂടിയാണിത്.

പഴുത്ത കായ്കളുടെ വിത്തുകൾ മുളപ്പിച്ചും പതിവെക്കൽ (ലെയറിംഗ്) വഴിയും ചെടിയുടെ കമ്പുകൾ നട്ടും പുതിയ തൈകളുണ്ടാക്കാം. ആവശ്യത്തിന് സൂര്യപ്രകാശം ലഭിക്കുന്ന തുറസ്സായ സ്ഥലത്ത് ഒരടി വീതം നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്ത് തൈകൾ മാറ്റിനടണം. ചെടി വേരുറയ്ക്കുന്നതു വരെ സ്ഥിരമായും പിന്നീട് ഇടവിട്ട ദിവസങ്ങളിലും നനക്കണം. വേനൽക്കാലത്തും ചെടിക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. വളപ്രയോഗമില്ലാതെയും കായ്ക്കുമെങ്കിലും ജൈവവളങ്ങൾ ഉപയോഗിക്കുന്നത് കൂടുതൽ വിളവ് ലഭിക്കാൻ സഹായിക്കും. ചെടികളുടെ ചുവട്ടിൽ ചകിരി വെച്ചുകൊടുക്കുന്നത് ഈർപ്പം നിലനിർത്താൻ ഗുണം ചെയ്യും.

ധാരാളം ജലാംശമുള്ളതിനാൽ ശരീരതാപനില നിയന്ത്രിക്കാനും ദാഹശമനത്തിനും ചാമ്പ ഉപയോഗിക്കാം. കൊളസ്ട്രോളും പ്രമേഹവും ചെറുക്കാനും ഇവയ്ക്കു കഴിയും. ചാമ്പയിലെ വിറ്റാമിൻ എ, ബി, സി ധാതുക്കൾ കണ്ണ്, ത്വക്ക്, മുടി എന്നിവയുടെ ആരോഗ്യത്തിനും രോഗപ്രതിരോധശേഷിക്കും ഗുണം ചെയ്യും. നാരുകൾ ദഹനത്തിനും കുടലിന്റെ ആരോഗ്യത്തിനും ഉത്തമമാണ്.

ചാമ്പക്ക വെറുതെ കഴിക്കാനും ഉപ്പും മുളകും ചേർത്ത് കഴിക്കാനും താൽപര്യപ്പെടുന്നവരാണ് അധികപേരും. ഉപ്പിലിട്ടുവെക്കാനും അച്ചാറിടാനും ജാമുകളുണ്ടാക്കാനും ഈ കുഞ്ഞൻപഴങ്ങൾ ഉപയോഗിക്കാം. ചാമ്പക്ക ഉപയോഗിച്ചുള്ള ജ്യൂസും ഊർജദായകമാണ്.

ഫിഖ്ഹ് - ശാഫിഈ

സ്വലാഹ് ബുഖാരി കരിപ്പമണ്ണ

# ഉള്ഹിയ്യത്തിൽ ശ്രദ്ധിക്കാൻ



## പ്രതിഫലം

നബി(സ) പറഞ്ഞു: 'ബലിപെരുന്നാൾദിനത്തിൽ വിശ്വാസി നിർവ്വഹിക്കുന്ന ഏറ്റവും പ്രതിഫലാർഹമായ കാര്യമാണ് ഉള്ഹിയ്യത്ത്.' ഉള്ഹിയ്യത്തിനെക്കുറിച്ചാരാഞ്ഞ അനുചരന്മാരോട് അത് ഇബ്റാഹീംനബി(അ)ന്റെ ചര്യയാണെന്നും ബലിമൃഗത്തിന്റെ രോമങ്ങളുടെ എണ്ണമനുസരിച്ച് ബലിയറുക്കുന്നവർക്ക് പ്രതിഫലം ലഭിക്കുമെന്നും അവിടുന്ന് മറുപടി നൽകിയത് മറ്റൊരു ഹദീസിൽ കാണാം. ബലിമൃഗത്തിന്റെ ആദ്യതുള്ളി രക്തം നിലത്തു വീഴുന്നതോടെ ബലിയറുക്കുന്നവരുടെ ദോഷങ്ങളെല്ലാം പൊറുക്കപ്പെടുമെന്നും ഹദീസിലുണ്ട്. 'ആവശ്യമായ സൗകര്യങ്ങൾ തരപ്പെട്ടിട്ടും ഉള്ഹിയ്യത്തറുക്കാത്തവർ നമ്മുടെ നിസ്കാരസ്ഥലത്തേക്കടുക്കാതിരിക്കട്ടെ' എന്ന് നബി(സ) താക്കീതുചെയ്തിട്ടുണ്ട്.

## സുന്നത്തും ഫർളും

പ്രായപൂർത്തിയും ബുദ്ധിയുമുള്ള സ്വതന്ത്രരായ മുഴുവൻ മുസ്ലിംകൾക്കും ബലിപെരുന്നാൾരാവിലും പകലിലും തനിക്കും ആശ്രിതർക്കുമുള്ള ചെലവു കഴിച്ച് മിച്ചം വരുന്ന തുക ഉള്ഹിയ്യത്തിനു തികയുമെങ്കിൽ ഉള്ഹിയ്യത്ത് സുന്നത്താണ്. ഉള്ഹിയ്യത്ത് ശക്തമായ സുന്നത്താണെന്നും ഇസ്ലാമിന്റെ അടയാളങ്ങളിൽ പെട്ടതാണെന്നും സാധ്യമായവരെല്ലാം ബലികർമ്മം നിർവഹിക്കണമെന്നും ഇമാം നവവി(റ) പ്രസ്താവിച്ചിട്ടുണ്ട്. നേർച്ചയാക്കൽ വഴി ഉള്ഹിയ്യത്ത് നിർബന്ധമാകും.

സുന്നത്തായ ഉള്ഹിയ്യത്തിൽ നിന്ന് ചെറുതല്ലാത്ത ഒരളവ് മാംസം ആ നാട്ടിലെ ഫഖീർ-മിസ്കീനുകൾക്ക് സ്വദഖ ചെയ്താൽ മതിയാവും. ബാക്കി മാംസം അറവു നടത്തിയ വ്യക്തിക്ക് എടുക്കാവുന്നതാണ്. സമ്പന്നർക്കും അഹ്ലുബൈത്തിനും നാടിനു പുറത്തുള്ളവർക്കും ഉള്ഹിയ്യത്ത് മാംസം വിതരണം ചെയ്യാവുന്നതാണ്.

നേർച്ചയാക്കിയതാണെങ്കിൽ ഉള്ഹിയ്യത്ത് മൃഗത്തിന്റെ തോൽ അടക്കം പൂർണ്ണമായും ഫഖീർ-മിസ്കീനുകൾക്ക് നൽകൽ നിർബന്ധമാണ്. ബലികർമ്മം നടത്തിയ വ്യക്തി അതിൽനിന്ന് അൽപം പോലുമെടുക്കാൻ പാടില്ല. സമ്പന്നർക്കോ, അഹ്ലുബൈത്തിനോ, നാടിനു പുറത്തുള്ളവർക്കോ കൊടുക്കാനും പാടില്ല. ഏതു തരം ഉള്ഹിയ്യത്താണെങ്കിലും മാംസം അമുസ്ലിംകൾക്ക് നൽകാൻ പാടില്ല.

## ബലിമൃഗങ്ങൾ

അഞ്ചു വയസ്സുള്ള ഒട്ടകം, രണ്ട് വയസ്സുള്ള മാട് (പോത്ത്, പശു, മൂരി, എരുമ), രണ്ടു വയസ്സുള്ള കോലാട്, ഒരു വയസ്സ് പൂർത്തിയായതോ ആറു മാസത്തിനു ശേഷം പല്ല് പോയതോ ആയ നെയ്യാട് എന്നിവയാണ് അറവിന് യോഗ്യതയുള്ള

ഉള്ഹിയ്യത്ത് സാധുവാകാൻ നിയ്യത്ത് അത്യാവശ്യമാണ്. മൃഗത്തെ വേർതിരിച്ച് നിർണ്ണയിക്കുമ്പോഴോ നിർണ്ണയിച്ച ശേഷം അറവ് നടത്തുന്നതിനു മുമ്പോ അറവ് നടത്തുന്ന സമയത്തോ നിയ്യത്ത് ചെയ്യാം. 'ഈ മൃഗത്തെ സുന്നത്തായ ഉള്ഹിയ്യത്തിന് ഞാൻ കരുതി' എന്നാണ് നിയ്യത്ത്. സംഘടിത ഉള്ഹിയ്യത്തിൽ ഓരോരുത്തരുടെയും മൃഗങ്ങളെ വേർതിരിച്ച് നിയ്യത്ത് ചെയ്യൽ അനിവാര്യമാണ്.

ബലിമൃഗങ്ങൾ. മാടിലും ഒട്ടകത്തിലും ഏഴു പേർക്കുവരെ പങ്ക് ചേരാവുന്നതാണ്. തടിച്ചുകൊഴുത്തതാകുക, ആൺമൃഗമാവുക, വെള്ളനിറമുള്ളതാകുക എന്നിവ പരിഗണിക്കൽ സുന്നത്താണ്.

മാംസതാത്പര്യക്കാർ ഇഷ്ടപ്പെടാത്ത വിധത്തിൽ മെലിഞ്ഞൊട്ടിയതോ ഭ്രാന്തുള്ളതോ ആയ മൃഗങ്ങൾ ഉള്ഹിയ്യത്തിന് യോഗ്യമല്ല. ചെവി, നാവ്, അകിട്, വാൽ എന്നിവ മുറിഞ്ഞ ജീവികൾ, മാംസത്തെ ബാധിക്കുന്ന രോഗമുള്ളവ, ഒരു കണ്ണിനെങ്കിലും കാഴ്ചയില്ലാത്തവ, വ്യക്തമായ മുടന്തുള്ളവ, ചൊറി ബാധിച്ചവ, എല്ലൊടിഞ്ഞവ തുടങ്ങിയ മൃഗങ്ങളൊന്നും ഉളിഹിയ്യത്തിനു പറ്റില്ല. കൊമ്പുള്ള മൃഗമമാണ് കൂടുതൽ ഉത്തമമെങ്കിലും കൊമ്പുമുറിഞ്ഞവയും കൊമ്പില്ലാത്തവയും സ്വീകാര്യമാണ്. ചെവിയിൽ തുളയുള്ളതിനും കുഴപ്പമില്ല.

നിശ്ചിത മൃഗത്തെ ഉള്ഹിയ്യത്തറുക്കാൻ നേർച്ചയാക്കിയാൽ തുടർന്നുവരുന്ന ആദ്യ ബലിപെരുന്നാളിൽ ആ മൃഗത്തെ തന്നെ ഉള്ഹിയ്യത്തറുക്കൽ നിർബന്ധമാണ്. ന്യൂനതയുണ്ടെങ്കിലും പ്രായം തികഞ്ഞിട്ടില്ലെങ്കിലും നിയമം ഇതു തന്നെയാണ്. പ്രായം തികയാൻ വേണ്ടി ഉള്ഹിയ്യത്ത് പിന്തിക്കാൻ പാടില്ല.

## സമയം

ദുൽഹജ്ജ് പത്തിന്റെ സൂര്യനുദിച്ച ശേഷം ലഘുവായ രണ്ട് റക്അത്ത് നിസ്കാരത്തിനും രണ്ട് ഖുതുബക്കും ആവശ്യമായ സമയം കഴിഞ്ഞാൽ ഉള്ഹിയ്യത്തിന്റെ സമയമാരംഭിക്കും. എന്നാൽ, സൂര്യോദയം കഴിഞ്ഞ് ഏകദേശം ഇരുപത് മിനുട്ടും മേൽ വിവരിച്ച നിസ്കാരത്തിനും ഖുതുബക്കുമുള്ള സമയവും കഴിഞ്ഞ ശേഷം അറവ് നടത്തലാണ് ഉത്തമം. ദുൽഹിജ്ജ പതിമൂന്നിന്റെ അസ്തമയത്തോടെ ഉള്ഹിയ്യത്തിന്റെ സമയം അവസാനിക്കുകയും ചെയ്യും. അനുവദനീയ ദിനങ്ങളിലെ രാവിലും പകലിലും അറവ് പറ്റുമെങ്കിലും അത്യാവശ്യഘട്ടത്തിലൊഴികെ രാത്രി അറവ് കറാഹത്താണ്.

## നിയ്യത്ത്

ഉള്ഹിയ്യത്ത് സാധുവാകാൻ നിയ്യത്ത് അത്യാവശ്യമാണ്. മൃഗത്തെ വേർതിരിച്ച് നിർണ്ണയിക്കുമ്പോഴോ നിർണ്ണയിച്ച ശേഷം അറവ് നടത്തുന്നതിനു മുമ്പോ അറവ് നടത്തുന്ന സമയത്തോ നിയ്യത്ത് ചെയ്യാം. 'ഈ മൃഗത്തെ സുന്നത്തായ ഉള്ഹിയ്യത്തിന് ഞാൻ കരുതി' എന്നാണ് നിയ്യത്ത്. സംഘടിത ഉള്ഹിയ്യത്തിൽ ഓരോരുത്തരുടെയും മൃഗങ്ങളെ വേർതിരിച്ച് നിയ്യത്ത് ചെയ്യൽ അനിവാര്യമാണ്. ഉദാഹരണത്തിന്, പതിനാലു പേർ ചേർന്ന് രണ്ട് കാളകളെ വാങ്ങി അറവ് നടത്തുമ്പോൾ ഓരോ ഏഴു പേരുടെയും കാളകളെ വേർതിരിച്ച് ഓരോ സംഘവും പ്രത്യേകം അവരുടെ മൃഗത്തിനെ ഉള്ഹിയ്യത്തിനു കരുതൽ നിർബന്ധമാണ്. അല്ലാത്ത പക്ഷം ഉള്ഹിയ്യത്ത് അസാധുവാകും.

ഉള്ഹിയ്യത്ത് കരുതിയവർ തന്നെ അറവ് നടത്തലാണ് സുന്നത്ത്. സ്ത്രീകൾ മറ്റൊരാളെ വക്കാലത്താക്കുകയാണ് വേണ്ടത്. മറ്റൊരാളെ ഏൽപിക്കുന്ന പക്ഷം അയാൾ അവിടെ സന്നിഹിതനാവലും സുന്നത്താണ്. നിർബന്ധമില്ല. ഒന്നിലധികം പേർ ചേർന്ന് ഒരു മൃഗത്തെ ഉള്ഹിയ്യത്തറുത്താൽ ഓരോരുത്തരും പ്രത്യേകം മാംസവിതരണം ചെയ്യൽ നിർബന്ധമില്ല. മാംസം പങ്കിട്ടെടുക്കുന്നന്നതിനു മുമ്പ് എല്ലാവരും കൂടി അൽപം ഫഖീർ-മിസ്കീനുകൾക്ക് നൽകിയാൽ മതിയാവും. പങ്കിട്ടെടുത്തതിനു ശേഷമാണ് വിതരണം ചെയ്യുന്നതെങ്കിൽ ഒരോരുത്തരും പ്രത്യേകം വിതരണം ചെയ്യൽ നിർബന്ധമായിവരും.

## ഉള്ഹിയ്യത്തും അഖീഖത്തും


മാടുകളെയോ ഒട്ടത്തെയോ ഉള്ഹിയ്യത്തറുക്കുന്നതോടൊപ്പം അഖീഖതും നിർവഹിക്കാം. മാടുകളിലും ഒട്ടകങ്ങളിലും ഏഴു വിഹിതം വരെ ആകാമല്ലോ. അതിലൊരു വിഹിതം ഒരു സന്താനത്തിന്റെ അഖീഖതാണെന്ന് നിയ്യത്തു ചെയ്താൽ മതിയാവും. ഇങ്ങനെ ആറു മക്കളുടെ അഖീഖത്തും ഒരു ഉള്ഹിയ്യത്തും ഒരു മൃഗം കൊണ്ട് വീടുന്നതാണ്. ഒരു മൃഗത്തിലെ രണ്ട് ഷെയറെടുത്ത് ഒരു വിഹിതം ഉള്ഹിയ്യത്തും മറ്റേത് അഖീഖത്തുമായും നിയ്യത്ത് ചെയ്യാം. ഒരു വിഹിതത്തിൽ തന്നെ ഉള്ഹിയ്യത്തും അഖീഖത്തും ഒരുമിച്ച് കരുതാൻ കഴിയില്ല. ആടിനെയാണ് അറുക്കുന്നതെങ്കിലും സ്ഥിതി അങ്ങനെ തന്നെ.

അറവുമൃഗത്തിന്റെ തോല് അറവുകർമ്മം നിർവഹിച്ച വ്യക്തി വിൽക്കാനോ അറവുതൊഴിലാളിക്ക് കൂലിയുടെ ഭാഗമായി നൽകാനോ പാടില്ല. വിറ്റു കിട്ടിയ പണം ദാനം ചെയ്യലും നിഷിദ്ധം തന്നെ. കർമ്മം നിർവഹിച്ച വ്യക്തിക്ക് സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി തോൽ ഉപയോഗപ്പെടുത്താം. ഫഖീർ-മിസ്കീനുകൾക്ക് കൊടുക്കലാണ് അഭികാമ്യം. അവരത് വിൽക്കുന്നതിനു വിരോധമില്ല.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# ഉള്ഹിയ്യത്ത് ഹനഫീമദ്ഹബിൽ



പെരുന്നാൾദിവസത്തിലും ശേഷമുള്ള രണ്ടുദിവസങ്ങളിലും അഥവാ ദുൽഹജ്ജ് പത്ത്, പതിനൊന്ന്, പന്ത്രണ്ട് ദിവസങ്ങളിൽ മൂസിർ (ധനികൻ) ആയ (തന്റെയും ആശ്രിതരുടെയും ഭക്ഷണം, വസ്ത്രം, പാർപ്പിടം, തുടങ്ങിയ അവശ്യവസ്തുക്കൾക്കു പുറമെ 580 ഗ്രാം (200 ദിർഹം) വെള്ളിയുടെ വിലയോ തത്തുല്യമായ സ്വത്തോ നീക്കിയിരുപ്പുള്ള) മുഴുവൻ മുസ്ലിംകൾക്കും ഉള്ഹിയ്യത്ത് നിർബന്ധമാണ്. ഉള്ഹിയ്യത്ത് നടത്തേണ്ട ദിവസങ്ങളിൽ സ്വന്തം നാട്ടിലുള്ളവർക്കാണിത് നിർബന്ധമാകുന്നത്. പ്രസ്തുത ദിവസങ്ങളിൽ യാത്രക്കാരായവർക്ക് നിർബന്ധമില്ല. ഫിത്വ്ർ സകാത്ത് പോലെ തന്റെ ആശ്രിതരുടെ എണ്ണത്തിനനുസരിച്ച് പ്രത്യേകം ഉള്ഹിയ്യത്തുകൾ നിർബന്ധമാണ്.

പെരുന്നാൾദിവസവും പിന്നീടുള്ള രണ്ട് ദിവസങ്ങളുമാണ് ഉള്ഹിയ്യത്ത് അറുക്കൽ അനുവദനീയമായ സമയം. അതിനു മുമ്പും ശേഷവും ഉള്ഹിയ്യത്ത് അറവ് നടത്താൻ പാടില്ല. പെരുന്നാൾ നിസ്കരിക്കുന്നതിനു മുമ്പ് ഉള്ഹിയ്യത്ത് അറുക്കരുത്. അങ്ങനെ അറുത്താൽ അത് ഉള്ഹിയ്യത്തായി ഗണിക്കപ്പെടുകയില്ല. മുമ്പ് പറഞ്ഞ യോഗ്യതയുള്ള ആരെങ്കിലും ഉള്ഹിയ്യത്ത് അനുവദനീയമായ മൂന്നു ദിവസങ്ങളിലും അറുത്തിട്ടില്ലെങ്കിൽ ഉള്ഹിയ്യത്തിന് മതിയായ ഒരു ആടിന്റെ വില ദാനം ചെയ്യൽ നിർബന്ധമാണ്. ഉള്ഹിയ്യത്ത് മൃഗത്തിനെ മുൻകൂട്ടി വാങ്ങിയ മൂസിർ ആയ വ്യക്തി പ്രസ്തുത ദിവസങ്ങളിൽ ഉള്ഹിയ്യത്ത് അറുത്തിട്ടില്ലെങ്കിൽ മൃഗത്തെ പിന്നീടുള്ള ദിവസങ്ങളിൽ അറുക്കാതെ മേൽപറഞ്ഞ പ്രകാരം ആടിന്റെ വില ദാനം ചെയ്യുകയാണ് വേണ്ടത്. മൂസിർ അല്ലാത്തവർ ഉള്ഹിയ്യത്ത് മൃഗത്തെ വാങ്ങിവെച്ചെങ്കിലും അനുവദനീയമായ മൂന്ന് ദിവസങ്ങളിലും അറുക്കാതിരുന്നാൽ വാങ്ങിയ മൃഗത്തെ ജീവനോടെ ദാനം ചെയ്യണം.

അഞ്ചു വയസ്സ് പൂർത്തിയായ ഒട്ടകം, രണ്ടു വയസ്സ് പൂർത്തിയായ മാടുകൾ, ഒരു വയസ്സ് തികഞ്ഞ കോലാട്, ആറു മാസം തികഞ്ഞ ചെമ്മരിയാട് എന്നീ മൃഗങ്ങളിലൊന്നിനെയാണ് ഉള്ഹിയ്യത്ത് അറുക്കേണ്ടത്. ന്യൂനതകളില്ലാത്ത മൃഗമായിരിക്കണം. വ്യക്തമായ മുടന്തുള്ളത്, വ്യക്തമായ കോങ്കണ്ണുള്ളത്, വ്യക്തമായ രോഗമുള്ളത്, മെലിഞ്ഞൊട്ടിയത്, ചെവിയോ വായോ പൂർണ്ണമായോ പകുതിയിലധികമോ നഷ്ടപ്പെട്ടത്, കണ്ണ് നഷ്ടപ്പെട്ടത് തുടങ്ങിയവ ഉള്ഹിയ്യത്തായി അറുക്കരുത്. എന്നാൽ വാല്, ചെ


വി എന്നിവയുടെ പകുതിയിൽ കുറഞ്ഞ ഭാഗം നഷ്ടപ്പെട്ടവ, ജന്മനാ കൊമ്പില്ലാത്തവ, കൊമ്പ് പൊട്ടിയവ, മണി ഉടച്ചവ, ഭ്രാന്തുള്ളതോടുകൂടെ തീറ്റ തിന്നുന്നവ, തൊലിപ്പുറത്തെ രോഗങ്ങളുണ്ടെങ്കിലും തടിച്ചവ, പല്ല് കൊഴിഞ്ഞവ, ചെവിചെറുതായവ എന്നീ മൃഗങ്ങളെ ഉള്ഹിയ്യത്തായി അറുക്കാവുന്നതാണ്.

ആടാണെങ്കിൽ ഒരാൾക്ക് ഒന്നിനെ അറുക്കൽ നിർബന്ധമാണ്. എന്നാൽ ഒട്ടകമോ, മാടുകളോ ആണെങ്കിൽ ഏഴോ അതിൽ കുറവോ ആളുകൾക്ക് സംഘം ചേർന്ന് ഒന്നിനെ അറുക്കാവുന്നതാണ്. ഇങ്ങനെ സംഘം ചേർന്ന ഏഴുപേരിൽ ആരെങ്കിലും ഉള്ഹിയ്യത്തല്ലാത്ത മറ്റു ആവശ്യങ്ങൾ കരുതിയാൽ ആരുടെയും ഉള്ഹിയ്യത്ത് വീടുന്നതല്ല. എന്നാൽ, ഇങ്ങനെ സംഘം ചേരുന്നവരിൽ ചിലർ ശാഫിഈ മദ്ഹബുകാർ ആകുന്നതുകൊണ്ട് കുഴപ്പമില്ല.

സംഘടിത ഉള്ഹിയ്യത്ത് നടത്തുമ്പോൾ ഓരോരുത്തരുടെയും ആടിനെയും മാടിനെയും പ്രത്യേകം വേർതിരിച്ച് നിർണയിക്കേണ്ടതാണ്. അല്ലാത്തപക്ഷം, ഒരു ആടിൽ ഒന്നിലധികം പേരും ഒരു മാടിൽ ഏഴിലധികം പേരും ഷെയർ ചേരുന്ന അവസ്ഥ വരും. അപ്പോൾ ആരുടെയും ഉള്ഹിയ്യത്ത് വീടുന്നതല്ല.

അതായത് 70 പേരുടെ തുക ശേഖരിച്ച് 70 ആടിനെയോ 7 മാടിനെയോ വാങ്ങിയാൽ ആ ഓരോ ആടും മാടും 70 പേരുടേതാണ്. അതായത് ഈ സംഘത്തിൽ തുക നൽകിയിട്ടുള്ള ഓരോരുത്തർക്കും ഓരോ ആടിലും മാടിലും ഉടമസ്ഥാവകാശമുണ്ടായിരിക്കും. ഈ മൃഗങ്ങളെ 70 പേരുടെ പേരിൽ പ്രത്യേകം വേർതിരിക്കാതെ അറവ് നടത്തിയാൽ ഓരോ ആടിലും മാടിലും 70 പേർ ഷെയർ ആയ അവസ്ഥയിലാണ് അറവ് സംഭവിക്കുക. അതിനാൽ ഒരാളുടെയും ഉള്ഹിയ്യത്ത് ശരിയാകുന്നതല്ല. സംഘടിത ഉള്ഹിയ്യത്തിൽ വ്യാപകമായി സംഭവിക്കുന്ന അബദ്ധമാണിത്.

ഉള്ഹിയ്യത്ത് നിർബന്ധമായവർ തന്നെ അറുക്കൽ പുണ്യകരമാണ്. അറവ് അറിയാത്ത കാരണത്താൽ മറ്റൊരാളെ അറുക്കാൻ ഏല്പിക്കുന്നവർ അറവ് സമയത്ത് അവിടെ സന്നിഹിതരാകേണ്ടതാണ്. ഉള്ഹിയ്യത്ത് കർമ്മം നിർവ്വഹിച്ച ശേഷം അതിന്റെ പ്രതിഫലം മരണപ്പെട്ടവർക്കു വേണ്ടി ഹദ്‌യ ചെയ്യാവുന്നതാണ്. മരണപ്പെട്ടവർക്കു വേണ്ടി സ്വദഖയും മറ്റും ചെയ്യുന്നതു പോലെയാണിത്.



ഉള്ഹിയ്യത്ത് നിർവഹിക്കുന്നവർക്ക് ആ മൃഗത്തിന്റെ മാംസം ഭക്ഷിക്കുകയോ സമ്പന്നർക്കും ദരിദ്രർക്കും നൽകുകയോ സൂക്ഷിച്ചുവെക്കുകയോ ചെയ്യാവുന്നതാണ്. ഉള്ഹിയത്ത് അറവ് നിർവ്വഹിക്കുക എന്നതാണ് നിർബന്ധമായ കർമ്മം. മാംസം വിതരണം ചെയ്യൽ (തഖ്വ്വുഅ്) പുണ്യകർമ്മമാണ്; നിർബന്ധമില്ല. അതിനാൽ മാംസം പൂർണമായും അറവു നടത്തിയ വ്യക്തി തന്നെ എടുക്കൽ അനുവദനീയമാണ്. എന്നാൽ, മൊത്തം മാംസത്തിന്റെ മൂന്നിലൊന്നിൽ കുറയാത്തത് ദരിദ്രർക്ക് ദാനം ചെയ്യൽ മുസ്തഹബ്ബാണ്. ഉള്ഹിയ്യത്ത് നേർച്ച നേർന്നതാണെങ്കിൽ മാംസവും മറ്റു മുഴുവൻ ഭാഗങ്ങളും സ്വദഖ ചെയ്യൽ നിർബന്ധമാണ്. ഫിത്വ്ർ സകാത്തിന്റെ അവകാശികളായ ഫഖീറുകൾക്ക് മാത്രമേ ഇങ്ങനെ നേർച്ചയാക്കി അറുത്ത ഉള്ഹിയ്യത്ത് മാംസവും മറ്റും നൽകാൻ പാടുള്ളൂ. സമ്പന്നർക്ക് ഹദ്‌യയായി കൊടുക്കരുത്. ഉള്ഹിയ്യത്ത് നേർച്ചയാക്കിയ വ്യക്തിയും അയാളുടെ ചെലവിൽ കഴിയുന്ന ഭാര്യ സന്താനങ്ങളും നേർച്ചയാക്കിയ ഉള്ഹിയ്യത്ത് മൃഗത്തിന്റെ മാംസവും മറ്റും അല്പം പോലും കഴിക്കരുത്.

ഉള്ഹിയ്യത്ത് മൃഗത്തിന്റെ തോല് വിൽക്കുന്നത് കുറ്റകരമായ കറാഹത്താണ്. ഉള്ഹിയ്യത്തിന്റെ തോലോ മാംസമോ, ഇറച്ചി വെട്ടുന്നവർക്കോ മൃഗത്തിനെ അറുക്കുന്നവർക്കോ കൂലിയായി കൊടുക്കുകയും ചെയ്യരുത്. മറിച്ച് തോലും ദാനം ചെയ്യണം.

നമ്മുടെ രാജ്യത്തെ (ഇന്ത്യയിലെ) അവിശ്വാസികൾക്ക് ഉള്ഹിയത്തിന്റെ മാംസം നൽകൽ അനുവദനീയമല്ല. കാരണം, അത് വിശ്വാസികളുടെ പ്രത്യേകമായ അവകാശമാണ്. നാട്ടിൽ വിശ്വാസികളുണ്ടായിരിക്കെ അവിശ്വാസികൾക്ക് നൽകൽ മൂഢത്തരവുമാണ്. (ഫതാവാ റള്‌വിയ്യ 20/457)

ഇവിടത്തെ അവിശ്വാസികൾ ദിമ്മിയ്യ് അല്ലാത്തതിനാൽ ഉള്ഹിയ്യത്ത് മാംസം അവർക്ക് നല്കാൻ പാടില്ല. (ബഹാറേ ശരീഅത്ത് 3/345) ഉള്ഹിയത്ത് മാംസം അവിശ്വാസികൾക്ക് നൽകൽ അനുവദനീയമല്ല. (ഫതാവാ ഹനഫിയ്യ പേ:261, ഫതാവാ ഫഖീഹേ മില്ലത്ത് 1/507, ഫതാവാ അംജദിയ്യ 3/318, ഫതാവാ ഫൈളുർറസൂൽ 2/457-458, മജ്മൂഉൽ ഫതാവാ ബറേലി ശരീഫ് പേ:251)

ദിമ്മിയ്യായ അവിശ്വാസികൾക്ക് ഉള്ഹിയ്യത്ത് മാസം നല്കാമെന്ന അഭിപ്രായമുണ്ട്. ഇസ്‌ലാമിക ഭരണം നിലവിലുള്ള രാജ്യത്ത് സർക്കാരിന് കപ്പം നൽകി താമസിക്കുന്ന അവിശ്വാസികളാണ് ദിമ്മിയ്യ്. ഇന്ത്യ മതേതര രാജ്യമായതിനാൽ ഇവിടത്തെ അവിശ്വാസികൾ ദിമ്മിയ്യ് അല്ല. ഒരു മതവിഭാഗത്തിന്റെ പ്രത്യേക ആരാധനാകർമ്മമായ ദാനധർമ്മങ്ങൾ (സകാത്ത് പോലെ) ആ മതവിഭാഗത്തിലെ വിശ്വാസികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന രീതി മറ്റു മതങ്ങളിലുമുള്ളതാണല്ലോ.



നോവൽ

മുജ്തബ നസ്വീഹ്

ആസർമുല്ലപ്പൂക്കൾ

7

# മനസ്സിന്റെ ഓരോ കളികൾ

'ഉമ്മയെന്താ ങ്ങനെ കെടന്നു ചിരിക്ക്ണ്?'

മോള് തട്ടിയുണർത്തി ചോദിച്ചപ്പോഴാണ് മനസ്സിലായത്, ഇതുവരെ നല്ല ഉറക്കിലായിരുന്നുവെന്ന്. ഉറങ്ങുമ്പോഴേക്കും വരും സ്വപ്നങ്ങൾ, പകലായാലും രാത്രിയായാലും. നല്ല സ്വപ്നങ്ങളാണെങ്കിൽ തരക്കേടില്ല, ചീത്ത സ്വപ്നങ്ങൾ കാണുമ്പോഴാണ് വല്ലാത്ത വിഷമം. ഉറക്കെ കരഞ്ഞു പോകാറുണ്ടല്ലോ അപ്പോൾ. പിന്നെയും ഏറെനേരം നീണ്ടുനിൽക്കും അതിന്റെ പേടിയും സങ്കടവുമെല്ലാം.

എന്താപ്പോ സ്വപ്നത്തിൽ കണ്ടത്? ഞാനും ജമീലയോടൊപ്പം പത്ത് സിയിലാണെന്നല്ലേ? ങാ... സ്കൂൾ തുറക്കുന്നതു വരെ പേടിയായിരുന്നല്ലോ, ഞങ്ങൾ രണ്ടാളും രണ്ടു ക്ലാസിലായിപ്പോകുമെന്ന്. ജൂൺ ഒന്നാം തീയതി സ്കൂളിൽ ചെന്ന് ബേജാറോടെ നിൽക്കുകയായിരുന്നല്ലോ. മാഷ് പേരു വിളിക്കാൻ തുടങ്ങി; ഓരോ ക്ലാസിലേക്കുമുള്ള കുട്ടികളെ. എയും ബിയും സിയും ഒക്കെ കഴിഞ്ഞു. ഞങ്ങൾ മഹ്ശറയിൽ എന്നപോലെ നിൽക്കുകയാണ്. ഡീയിലെ പെൺകുട്ടികളുടെ പേര് വിളിക്കാൻ തുടങ്ങി. ഒന്ന്: ജലജ, രണ്ട്: ജമീല...... 19: പത്മജ. അപ്പോ നെഞ്ച് പെടാപെടാ കിടക്കുകയായിരുന്നു.... 20: റസിയ.... ഹോ, അപ്പോഴുണ്ടായ ഒരു സന്തോഷം! ജമീലയോടൊപ്പം തന്നെയാണല്ലോ പത്താം ക്ലാസിലും. അന്നത്തെ ആ സന്തോഷമാണിപ്പോ വീണ്ടും... അതോർത്തപ്പോൾ വീണ്ടും ചിരിപൊട്ടി. അപ്പോൾ മോള് പിന്നെയും ചോദിക്കുന്നു: 'ഉമ്മാ, ഉമ്മാക്കിന്ന് എന്തുപറ്റി? വെറുതെയിങ്ങനെ ചിരിക്കുന്നതെന്തിനാ?'

'മോളേ, നിന്റെ ഉമ്മ ഒത്തിരിയേറെ കരഞ്ഞതല്ലേ, ഇപ്പോ ഒന്ന് ചിരിച്ചോട്ടെ' എന്നു പറയാൻ കൊതിച്ചതാ.

> ജൂൺ ഒന്നാം തീയതി സ്കൂളിൽ ചെന്ന് ബേജാറോടെ നിൽക്കുകയായിരുന്നല്ലോ. മാഷ് പേരു വിളിക്കാൻ തുടങ്ങി; ഓരോ ക്ലാസിലേക്കുമുള്ള കുട്ടികളെ. എയും ബിയും സിയും ഒക്കെ കഴിഞ്ഞു. ഞങ്ങൾ മഹ്ശറയിൽ എന്നപോലെ നിൽക്കുകയാണ്.



പക്ഷേ പെട്ടെന്നു തോന്നി, ഒന്നും പറയേണ്ടെന്ന്. വേദനയുടെ കഥകളൊക്കെ പിന്നെയും ഓർക്കേണ്ടിവരും, പറയേണ്ടിവരും. അത് മോളെയും സങ്കടത്തിലാക്കുമല്ലോ. സങ്കടം വരാത്ത കാര്യങ്ങൾ ഓർക്കുന്നതല്ലേ നല്ലത്! നല്ലതു തന്നെ. പക്ഷേ ഈ മനസ്സെന്ന സാധനമുണ്ടല്ലോ. അതിന് അങ്ങനെയുള്ള മര്യാദകളൊന്നുമില്ല. എപ്പോ എന്തൊക്കെ വിചാരങ്ങളാ എവിടുന്നാ വലിച്ചു കൊണ്ടു വരുന്നതെന്നറിയില്ല. അത് ഓരോന്ന് കൊണ്ടുവരുമ്പോൾ 'വേണ്ട, അതവിടെ നിൽക്കട്ടെ' എന്നു പറഞ്ഞിട്ടൊന്നും കാര്യമില്ല. മനസ്സിന്റെ ഓരോ കളികള്.

ഇപ്പോ വീണ്ടും പറന്നുപോകുന്നത് പത്താം ക്ലാസിലേക്കാ. മലയാളം സാർ ക്ലാസ് എടുക്കുന്നു. കുമാരനാശാന്റെ കവിത പാടി ആശയം പറയുമ്പോഴാണ് മനസ്സിന്റെ കാര്യം പറഞ്ഞത്. മനസ്സൊരു പ്രതിഭാസം എന്നാണ് പറഞ്ഞതെന്ന് തോന്നുന്നു.

**'മോളേ, നിന്റെ ഉമ്മ ഒത്തിരിയേറെ കരഞ്ഞതല്ലേ, ഇപ്പോ ഒന്ന് ചിരിച്ചോട്ടെ' എന്നു പറയാൻ കൊതിച്ചതാ. പക്ഷേ പെട്ടെന്നു തോന്നി, ഒന്നും പറയേണ്ടെന്ന്. വേദനയുടെ കഥകളൊക്കെ പിന്നെയും ഓർക്കേണ്ടിവരും, പറയേണ്ടിവരും. അത് മോളെയും സങ്കടത്തിലാക്കുമല്ലോ. സങ്കടം വരാത്ത കാര്യങ്ങൾ ഓർക്കുന്നതല്ലേ നല്ലത്! നല്ലതുതന്നെ. പക്ഷേ ഈ മനസ്സെന്ന സാധനമുണ്ടല്ലോ. അതിന് അങ്ങനെയുള്ള മര്യാദകളൊന്നുമില്ല.**

എന്നിട്ട് വിശദീകരിക്കുകയാണ്, മനസ്സെന്നു പറഞ്ഞ ഒന്നുണ്ടോ? ഉണ്ട്. അതെവിടെയാ?

കുട്ടികൾ ഓരോന്ന് പറഞ്ഞു: തലച്ചോറിലാ, ഹൃദയത്തിലാ, ശരീരത്തിൽ മുഴുവനുമായിട്ടാ... സാറതിന് കാര്യമായ ഉത്തരമൊന്നും പറഞ്ഞില്ല. പിന്നെ ചോദിച്ചതിങ്ങനെയാണ്: 'മനസ്സിന്റെ കളി മനസ്സിലാക്കണോ നിങ്ങൾക്ക്?'

'ഓ... ഓ... ഓ്ആ.' കുട്ടികൾ ഒന്നായി മൂളിപ്പോൾ സാറ് പറഞ്ഞു തുടങ്ങി: വീട്ടിലെ അടുക്കള, അമ്മ, ഉമ്മ, അച്ഛൻ, വാപ്പ, ചോറ്, കറി...! കുട്ടികൾ ചിരിച്ചു ബഹളമുണ്ടാക്കിയപ്പോൾ സാർ മേശമേൽ അടിച്ചു എല്ലാവരെയും അടക്കിയിരുത്തി ചോദിച്ചു: 'ഞാനീ പേരുകളൊക്കെ പറഞ്ഞപ്പോൾ എന്താണുണ്ടായത്? നിങ്ങളുടെ മനസ്സിൽ വീട്ടിലെ അടുക്കളയും അമ്മയുടെയും അച്ഛന്റെയുമൊക്കെ മുഖവും സംസാരവുമൊക്കെ തെളിഞ്ഞു വന്നില്ലേ? അതാണ് ഞാൻ പറഞ്ഞ



തിന്റെ പൊരുൾ, മനസ്സ് ഒരു പ്രതിഭാസമാണെന്ന്. അതായത്, നമുക്ക് വ്യക്തമായി നിർവചിച്ചു പറയാൻ പറ്റാത്ത, ദൈവത്തിനു മാത്രമറിയുന്ന ഒന്നാണെന്ന്!

ഇന്നലെ കഴിഞ്ഞ പോലെ എല്ലാമിപ്പോൾ ഓർമ്മയിൽ തെളിയുന്നു. മനസ്സിന്റെ കളികളെക്കുറിച്ച് എന്തു പറയാനാ...?

അന്നൊരു ദിവസം ജമീലയോടൊപ്പം അവളുടെ വീട്ടിൽ പോയപ്പോഴാണ് മനസ്സിനെ പിടിച്ചുലച്ചു കളഞ്ഞ ആ സംഭവമുണ്ടായത്. അന്നുമുതൽ തുടങ്ങിയതാണല്ലോ അറ്റമില്ലാത്ത ഈ വിചാരക്കളികളും. അന്ന് അസർ മുല്ലച്ചെടികൾ കാണാനൊന്നുമല്ല പോയത്, വെറുതെ അവൾ പോരുന്നോ എന്ന് ചോദിച്ചപ്പോൾ അങ്ങ് പോയി. ഉമ്മയോടും വാപ്പയോടുമൊന്നും സമ്മതം ചോദിക്കാതെ! സ്കൂൾ നേരത്തെ വിട്ടതായിരുന്നു. സാധാരണ സ്കൂൾ വിട്ടു വീട്ടിലെത്തുന്ന സമയത്ത് തിരിച്ചെത്താമല്ലോ എന്നു കരുതി. ഇത്തിരി വലുതായപ്പോൾ തോന്നിയ ധൈര്യത്തിലാണ് പോയത്. ഇത്തിരി സ്വാതന്ത്ര്യമൊക്കെ വേണമെന്ന വിചാരത്തിൽ.

അവിടെ ചെന്നപ്പോൾ കോലായിൽ ഇരിക്കുന്നുണ്ട് അവളുടെ ഇക്ക. കണ്ടപാടെ ചിരിച്ചുകൊണ്ട് ചോദിക്കുന്നു: 'അല്ല, ഇന്ന് റസിയക്കുട്ടിയുമുണ്ടല്ലോ.'

മനസ്സാകെ കുളിർത്തു പോയല്ലോ. ആണൊരുത്തൻ പേര് പറയുന്നു. മുമ്പൊരിക്കലും മുഖാമുഖം കണ്ടിട്ടില്ല. പേര് ചോദിച്ചിട്ടില്ല. ഇപ്പോൾ ശരിക്കറിയുന്നതുപോലെയാ ചോദ്യം. 'എന്റെ പേര് എങ്ങനെയാണറിഞ്ഞേ' എന്ന് ചോദിക്കണമെന്നുണ്ടായിരുന്നു. നാണംകൊണ്ടപ്പോഴേക്കും തല കുനിഞ്ഞു പോയല്ലോ. അധികനേരം കഴിഞ്ഞില്ല, ഉള്ളിൽ നിന്നാരോ പറയുന്നു, ഒന്നു കണ്ണുയർത്തി ആ മുഖത്തേക്ക് നോക്കണമെന്ന്. മെല്ലെ തലയുയർത്തി കണ്ണയച്ചപ്പോൾ അയാൾ എന്റെ മുഖത്തേക്കു തന്നെ നോക്കി നിൽക്കുന്നു. കണ്ണുകൾ തമ്മിലിടഞ്ഞപ്പോൾ, ഹായ്... ഒരു കോരിത്തരിപ്പ്... വിറയലോടെ അപ്പുറത്തേക്കോടുമ്പോഴും ഉള്ളിൽ നിന്ന് പറയുന്നു: ഒന്നുകൂടി തിരിഞ്ഞു നോക്കിയേ എന്ന്!

**മനസ്സാകെ കുളിർത്തു പോയല്ലോ. ആണൊരുത്തൻ പേര് പറയുന്നു. മുമ്പൊരിക്കലും മുഖാമുഖം കണ്ടിട്ടില്ല. പേര് ചോദിച്ചിട്ടില്ല. ഇപ്പോൾ ശരിക്കറിയുന്നതുപോലെയാ ചോദ്യം. 'എന്റെ പേര് എങ്ങനെയാണറിഞ്ഞേ' എന്ന് ചോദിക്കണമെന്നുണ്ടായിരുന്നു. നാണംകൊണ്ടപ്പോഴേക്കും തല കുനിഞ്ഞു പോയല്ലോ. അധികനേരം കഴിഞ്ഞില്ല, ഉള്ളിൽ നിന്നാരോ പറയുന്നു, ഒന്നു കണ്ണുയർത്തി ആ മുഖത്തേക്ക് നോക്കണമെന്ന്.**

പിന്നെ ഒരിക്കലും മറഞ്ഞിട്ടില്ലല്ലോ ആ മുഖം മനസ്സിൽ നിന്ന്! ഞാനൊന്നു വല്ലാതായിട്ടുണ്ടാവണം, അതുകണ്ടിട്ടാവാം ജമീല ചോദിച്ചത്, 'റസിയക്കുട്ട്യേ, നെനക്കെന്തു പറ്റി? എന്റെ ഇക്കാനെക്കണ്ട് പേടിച്ചു പോയോ? പേടിക്കാനൊന്നൂല്ലാട്ടോ... ആളൊരു പാവാ... പച്ചപ്പാവം!'

ആ പച്ചപ്പാവമാണ് അന്ന് മനസ്സിൽ കയറിക്കൂടിയത്. ആ മുഖം പിന്നെയും പിന്നെയും മനസ്സിൽ തെളിഞ്ഞുകൊണ്ടിരുന്നു. അപ്പോഴൊക്കെ പിടിച്ചു പുറത്തുകളയാൻ ശ്രമിച്ചിരുന്നു. ഇബ്‌ലീസിന്റെ ഓരോ പണിയാണെന്നും സൂക്ഷിക്കണമെന്നും മനസ്സിനോട് നൂറുവട്ടം പറഞ്ഞിരുന്നു. പിന്നെയൊരിക്കലും തമ്മിൽ കാണാരുതേയെന്ന് പ്രാർത്ഥിച്ചിരുന്നു; കാണാൻ കൊതി കൂടിക്കൊണ്ടിരുന്നെങ്കിലും!

അങ്ങനെ മറക്കാൻ ശ്രമിക്കും. ഒരുവിധം മറന്നുതുടങ്ങുമ്പോഴായിരിക്കും ജമീലയുടെ വർത്തമാനം: 'റസിയക്കുട്ട്യേ, എന്റെ ഇക്ക നെന്നെക്കുറിച്ച് ചോദിച്ചിരുന്നൂട്ടോ. ഇക്കയിപ്പോ പരീക്ഷയൊക്കെ കഴിഞ്ഞ് ജോലിക്ക് കാത്തിരിക്ക്യാ.'

അതിനു ഞാനെന്തു വേണമെന്നു ചോദിക്കാൻ തുനിഞ്ഞെങ്കിലും വാക്കുകളൊന്നും പുറത്തുവന്നില്ല. അവളുടെ വാക്കിനു പിന്നിൽ എന്തോ ഒരു ദ്ദേശ്യമുണ്ടെന്നൊരു തോന്നൽ. അപ്പോഴും മനസ്സിനെ പിടിച്ചു നിർത്തുകയായിരുന്നല്ലോ. എത്ര പിടിച്ചുനിർത്തിയാലും മനസ്സ് പിന്നെയും പിടി വിടുവിച്ച് കുതറിയോടും. എവിടെയൊക്കെയോ കറങ്ങി നടക്കും. അന്ന് മലയാളം മാഷ് പറഞ്ഞ ഒറ്റവരിക്കവിത ഇപ്പോഴും ഓർമ്മയിലുണ്ട്:

'ചിലപ്പൊഴീ മനമോടാത്ത കുമാർഗ്ഗമില്ലെടോ.' മനസ്സ് പലവഴിയിലേക്കോടും; ചിലപ്പോൾ ദുഷിച്ച വഴിയിലായിരിക്കും. ബോധം വരുമ്പോൾ തിരിച്ചുകൊണ്ടു വരാറുമുണ്ട്. അപ്പോൾ മനസ്സു തന്നെ പറയും: അസ്തഗ്ഫിറുല്ലാഹ്! (തുടരും)

ചരിത്രാഖ്യായിക സൗദ(റ) - 7

മുഹമ്മദ് പാറന്നൂർ

# യസ്‌രിബിൽ ആശ്വാസത്തണലേറ്റ്

പ്രിയപ്പെട്ട ഭർത്താവ് യസ്‌രിബിൽ സുരക്ഷിതനായെത്തിയില്ലേ? സൗദ(റ)ക്ക് വേവലാതിയടങ്ങുന്നില്ല.

'ഉപ്പയങ്ങെത്തിയില്ലേ? നമ്മളെ കൊണ്ടുപോകാൻ ആരും ഇതുവരെ വന്നില്ലല്ലോ.' ഉമ്മുകുൽസൂമും ഫാത്വിമയും വഴിക്കണ്ണുമായിരിക്കാൻ തുടങ്ങിയിട്ട് ദിവസങ്ങളായി. അതുപോലെ കാത്തിരിക്കുകയാണ് അബൂബക്കർ(റ)വിന്റെ വീട്ടുകാരും. ദിവസങ്ങൾക്ക് ദൈർഘ്യമേറിയിരിക്കുന്നു. ഇരുട്ടിയാൽ വെളിച്ചം വരാൻ പതിവിലുമേറെ താമസം. വെളിച്ചം പരന്നാലോ, സന്ധ്യയണയാൻ ഒത്തിരിയൊത്തിരി നേരം. കാത്തിരിപ്പിന്റെ നാളുകൾ അങ്ങനെയാണല്ലോ.

അതിനിടെ കേട്ടു: തിരുനബി(സ)യും കൂട്ടുകാരനും സുരക്ഷിതമായി യസ്‌രിബിലെത്തിയിരിക്കുന്നു. അവിടെ അവർക്ക് ഊഷ്മളമായ വരവേൽപ്പാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. യസ്‌രിബുകാർക്കിപ്പോൾ ആഹ്ലാദത്തിന്റെ ദിനങ്ങളാണത്രെ! മക്ക

**തിരുനബി(സ)യും കൂട്ടുകാരനും സുരക്ഷിതമായി യസ്‌രിബിലെത്തിയിരിക്കുന്നു. അവിടെ അവർക്ക് ഊഷ്മളമായ വരവേൽപ്പാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. യസ്‌രിബുകാർക്കിപ്പോൾ ആഹ്ലാദത്തിന്റെ ദിനങ്ങളാണത്രെ! മക്കയിൽ നിന്ന് എത്തിയവർക്കെല്ലാം അവിടെ താമസസൗകര്യവും ഭക്ഷണവും ഒരുക്കിയിരിക്കുന്നത്രെ!**



യിൽ നിന്ന് എത്തിയവർക്കെല്ലാം അവിടെ താമസസൗകര്യവും ഭക്ഷണവും ഒരുക്കിയിരിക്കുന്നത്രെ! ഏറ്റവും നല്ല ആതിഥേയരാണത്രെ യസ്‌രിബുകാർ.

യസ്‌രിബിൽ നിന്നെത്തിയ ആരോ പറഞ്ഞുകേട്ട വാർത്തയാണ്. അതുകൂടി കേട്ടപ്പോൾ ഖുറൈശികളാകെ അസ്വസ്ഥരും ദുഃഖിതരുമാണ്. പോയിക്കഴിഞ്ഞവരോടുള്ള പക ഇവിടെ അവശേഷിക്കുന്നവരുടെ നേരെ തീർക്കാൻ അവർ ഒരുമ്പെടുമോ എന്ന് ഭയമുണ്ട്. അതുകൊണ്ട് എത്രയും വേഗം ഇവിടെനിന്നു പോയേ പറ്റൂ. പക്ഷേ, എങ്ങനെ പോകും? സ്നേഹവത്സലരായ തിരുനബി(സ) ഞങ്ങളെ കൂട്ടിക്കൊണ്ടു പോകാൻ ആരെയെങ്കിലും അയക്കുമോ?

അസ്വസ്ഥരും ചകിതരുമായി കാത്തിരിക്കുന്നെത്ര നാളുകളായി!

കാത്തിരിപ്പിന് അറുതി വരുത്തിക്കൊണ്ടൊരുനാൾ യസ്‌രിബിൽ നിന്നെത്തി രണ്ടുപേർ: സൈദുബ്നു ഹാരിസ(റ)യും അബൂറാഫിഅ്(റ)വും. ഭാര്യ സൗദ(റ)യെയും രണ്ടു മക്കളെയും യസ്‌രിബിലേക്ക് കൊണ്ടുപോകാൻ തിരുനബി(സ) അയച്ചതാണവരെ. രണ്ട് ഒട്ടകങ്ങളുമായാണ് അവർ എത്തിയിരിക്കുന്നത്. വഴിച്ചെലവിന് അഞ്ഞൂറ് ദിർഹമും തിരുനബി(സ) അവരെ ഏൽപ്പിച്ചിട്ടുണ്ടത്രെ.

വല്ലാത്ത ആശ്വാസമായി; അപകടം പിടിച്ച ഈ അവസ്ഥയിൽ നിന്നു മോചനമായല്ലോ. നല്ല സന്തോഷവുമുണ്ട്; ഏതാനും ദിവസങ്ങൾക്കുള്ളിൽ തിരുനബി(സ)യോടൊപ്പം ചേരാമല്ലോ!

ഒപ്പം നേരിയ ദുഃഖവുമുണ്ട്; ജനിച്ച നാടും താമസിച്ച വീടും ആകെയുള്ള സമ്പത്തും മക്കയിൽ വിട്ടേച്ചുപോകേണ്ടി വന്നതിൽ!

യസ്‌രിബിലെ വർത്തമാനങ്ങൾ സൈദ്(റ) പറഞ്ഞു കേട്ടപ്പോൾ ആഹ്ലാദവും ആവേശവും അലതല്ലി; യസ്‌രിബുകാർ തിരുനബി(സ)ക്കു നൽകിയ ഗംഭീര സ്വീകരണം! ഔസ്, ഖസ്റജ് ഗോത്രക്കാർ ഊരിപ്പിടിച്ച വാളുകളേന്തി തിരുനബി(സ)ക്ക് അകമ്പടി സേവിച്ചു കൊണ്ടുള്ള ഘോഷയാത്ര! യസ്‌രിബിലെ ആബാലവൃദ്ധം ജനങ്ങൾ വഴിയുടെ ഇരുവശത്തും അണിനിരന്നു നൽകിയ സ്വീകരണം. അവരുടെ ത്വലഅൽ ബദ്റു അലൈനാ... എന്നു തുടങ്ങുന്ന ഗാനാലാപനം! 'അല്ലാഹുവിന്റെ റസൂലേ, അങ്ങിവിടെ ഇറങ്ങിയാലും... ഞങ്ങളോടൊപ്പം താമസിക്കാം' എന്ന ഗോത്രനായകരുടെ അഭ്യർത്ഥനകൾ! തിരുനബി(സ)യുടെ ഒട്ടകമായ ഖസ്വയുടെ തല ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രയാണം! അത് അബൂഅയ്യൂബ്(റ)വിന്റെ വീടിനുമുമ്പിൽ മുട്ടുകുത്തിയത്! തിരുനബി(സ) അവിടെ ഇറങ്ങിയതും അവരുടെ വീട്ടിൽ താമസമാക്കിയതും!

**യസ്‌രിബുകാർ തിരുനബി(സ)ക്കു നൽകിയ ഗംഭീര സ്വീകരണം! ഔസ്, ഖസ്റജ് ഗോത്രക്കാർ ഊരിപ്പിടിച്ച വാളുകളേന്തി തിരുനബി(സ)ക്ക് അകമ്പടി സേവിച്ചു കൊണ്ടുള്ള ഘോഷയാത്ര! യസ്‌രിബിലെ ആബാലവൃദ്ധം ജനങ്ങൾ വഴിയുടെ ഇരുവശത്തും അണിനിരന്നു നൽകിയ സ്വീകരണം. അവരുടെ ത്വലഅൽ ബദ്റു അലൈനാ... എന്നു തുടങ്ങുന്ന ഗാനാലാപനം!**

അവിടെയൊരു പള്ളി നിർമ്മിക്കുന്ന തിരക്കിലാണത്രെ തിരുനബി(സ)യും സ്വഹാബികളും. പള്ളിയുടെ പണി ഏകദേശം പൂർത്തിയായിരിക്കുകയാണത്രെ; ഇനി അതിന്റെ ചാരത്ത് രണ്ട് കൊച്ചു വീടുകൾ കൂടി പണിയാനുള്ള ശ്രമത്തിലാണത്രെ; തിരുനബി(സ)യുടെ ഭാര്യമാർക്കും മക്കൾക്കും താമസിക്കാൻ!

രണ്ടു വീട് എന്തിനെന്നോ? തിരുനബി(സ)ക്കിപ്പോൾ രണ്ടു ഭാര്യമാരുണ്ടല്ലോ. അന്ന് ഖൗല(റ) ഭാര്യയാക്കാൻ പറ്റിയ രണ്ടു സ്ത്രീകളെക്കുറിച്ചു പറഞ്ഞപ്പോൾ രണ്ടും അന്വേഷിക്കാനായിരുന്നല്ലോ അവിടുന്ന് പറഞ്ഞത്. അവർ തന്നോടും ആഇശ(റ)ക്കു വേണ്ടി അവരുടെ പിതാവിനോടും അന്ന് വിവാഹാന്വേഷണം നടത്തിയതുമാണ്. അന്ന് ആഇശ(റ)ക്ക് ആറു വയസ്സായതേയുള്ളൂ. എങ്കിലും അവരെ വിവാഹം ചെയ്തു കൊടുക്കാൻ അബൂബക്ർ(റ) സന്തോഷപൂർവ്വം തയ്യാറായി. തന്നെ വിവാഹം ചെയ്ത അതേ കാലത്തുതന്നെ ആഇശ(റ)യെയും വിവാഹം ചെയ്യുകയുണ്ടായി. പക്ഷേ, അവർ വീട് കൂടിയിട്ടില്ല. അതിനുശേഷമിപ്പോൾ മൂന്നു നാലു കൊല്ലങ്ങൾ കടന്നുപോയല്ലോ. ആഇശ(റ) ഇപ്പോൾ വളർന്നിരിക്കും. യസ്‌രിബിലെത്തിയാൽ അവരെ സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരാനായിരിക്കും ഉദ്ദേശിക്കുന്നത്. അതിന്നായിരിക്കും രണ്ടു വീടുകൾ പണിയാൻ കൽപ്പിച്ചത്. അതേതായാലും നല്ല കാര്യം തന്നെ; തനിക്കൊരു ഉത്തമ കൂട്ടുകാരിയെ ലഭിക്കുമല്ലോ.

താമസിയാതെ തന്നെ യാത്ര പുറപ്പെട്ടു. നേരത്തെ തന്നെ ഒരുങ്ങിയിരിക്കുകയായിരുന്നല്ലോ. പുറംകാഴ്ചകൾ കണ്ടും ആലോചനകളിൽ മുഴുകിയും സർവ്വലോകനായകനെ വാഴ്ത്തിയും ദിവസങ്ങളോളം നീണ്ട യാത്രക്കൊടുവിലാണ് യസ്‌രി

**അല്ലാഹുവിന്റെ റസൂലോരുടെ പ്രിയതമയെയും മക്കളെയും കാണാൻ യസ്രിബിലെ പെണ്ണുങ്ങൾ കൂട്ടമായി വന്നിരിക്കുന്നു. അൻസ്വാറുകൾ എന്നാണ് യസ്രിബുകാർ ഇപ്പോൾ അറിയപ്പെടുന്നത്. അവരുടെ സ്നേഹപ്രകടനത്തിനും ആതിഥേയ മര്യാദക്കും സഹായമനഃസ്ഥിതിക്കും ചേർന്ന പേരു തന്നെ!**

ബിലെത്തിയത്. ഏറെ ക്ഷീണിതയായിരുന്നെങ്കിലും യസ്രിബിലെ കാഴ്ചകൾ കണ്ണിലുടക്കിയപ്പോൾ, അവിടത്തെ നല്ല ജനങ്ങളുടെ സ്വീകരണങ്ങൾ ഏറ്റുവാങ്ങിയപ്പോൾ എല്ലാ ക്ഷീണവും അകന്നു. ആവേശമുണർന്നു.

പുതുതായി നിർമ്മിച്ച പള്ളി കണ്ടു; പള്ളിയുടെ കിഴക്കേ ചുമരിനോടു ചേർന്ന് രണ്ട് കൊച്ചുവീടുകൾ. അതിലൊന്നിലാണ് തനിക്കും ഉമ്മുകുൽസൂമിന്നും ഫാത്വിമക്കും താമസിക്കാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നത്.

അല്ലാഹുവിന്റെ റസൂലോരുടെ പ്രിയതമയെയും മക്കളെയും കാണാൻ യസ്രിബിലെ പെണ്ണുങ്ങൾ കൂട്ടമായി വന്നിരിക്കുന്നു. അൻസ്വാറുകൾ എന്നാണ് യസ്രിബുകാർ ഇപ്പോൾ അറിയപ്പെടുന്നത്. അവരുടെ സ്നേഹപ്രകടനത്തിനും ആതിഥേയ മര്യാദക്കും സഹായമനഃസ്ഥിതിക്കും ചേർന്ന പേരു തന്നെ! അന്നു മാത്രമല്ല, തുടർന്നുള്ള ദിവസങ്ങളിലും അവർ വന്നുകൊണ്ടേയിരുന്നു; അവരുടെ വീടുകളിൽ പാകം ചെയ്യുന്ന ഭക്ഷണത്തിന്റെ ഒരു വിഹിതവുമായി. അവർ കറന്നെടുക്കുന്ന ആട്ടിൻപാലിന്റെയോ ഒട്ടകപ്പാലിന്റെയോ ഒരംശവുമായി. വീട്ടിൽ വല്ല സഹായവും ആവശ്യമുണ്ടോ എന്നന്വേഷിക്കാനായി. തിരുനബി(സ)യെ കാണാനായി, പലപ്പോഴും വെറും സുഖാന്വേഷണത്തിന്നായി! സന്തോഷകരമായിരുന്നല്ലോ യസ്രിബിലെ ദിനങ്ങൾ!

സന്തോഷത്തിന്റെയും ആശ്വാസത്തിന്റെയും സുദിനങ്ങളിലും ദൈവപരീക്ഷണങ്ങളിൽ നിന്ന് മുക്തമായിരുന്നില്ലല്ലോ വിശ്വാസികൾ. യസ്രിബിലെത്തി അധികനാൾ കഴിഞ്ഞില്ല; മക്കയിൽനിന്നു വന്നവരിൽ പലരെയും കഠിനമായ പനി ബാധിച്ചു. മക്കയിലേതിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നല്ലോ യസ്രിബിലെ കാലാവസ്ഥ!

തിരുനബി(സ)യുടെ കൂട്ടുകാരനായ അബൂബക്ർ(റ)വിനെ ആ പനി പിടികൂടിയതായി വിവരമറിഞ്ഞു; പനി എന്നു പറഞ്ഞാൽ ബോധം നഷ്ടപ്പെടുത്തുന്ന, പിച്ചുംപേയും പറയുന്ന അവസ്ഥയിലാകുന്ന കടുത്ത പനിയാണ്. ജീവിതം തന്നെ നഷ്ടമാകുമോ എന്ന ആശങ്കയിലാഴ്ത്തുന്ന പനി.

ബനൂഹാരിസുബ്നു ഖസ്റജിന്റെ സങ്കേതത്തിലാണ് അബൂബക്ർ(റ)വും കുടുംബവും താമസിക്കുന്നത്. ആഇശ എന്ന കൊച്ചുമോളാണ് പിതാവിന്റെ അടുത്തിരുന്നു ശുശ്രൂഷിക്കുന്നതെന്നും അറിഞ്ഞു. പിന്നെ കേട്ടത് പിതാവിന്റെ പനി സുഖപ്പെട്ടെന്നും മകളെ പനി പിടികൂടിയെന്നുമാണ്. ബോധമില്ലാതെ കിടക്കുന്ന മകളെ നോക്കി കരഞ്ഞുകൊണ്ടിരിക്കുന്ന പിതാവിനെക്കുറിച്ച് ഞങ്ങൾ കേട്ടു. വല്ലാത്തൊരു ദുരിതം പിടിച്ച നാളുകളായിരുന്നു അത്. തിരുനബി(സ) അവർക്കെല്ലാം വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ക്രമേണ ആഇശ(റ)യുടെ പനി കുറഞ്ഞുവന്നു. അപ്പോഴേക്കും അവർ മെലിഞ്ഞ് എല്ലും തൊലിയുമായി ക്കഴിഞ്ഞിരുന്നു. തലമുടി യെല്ലാം പറ്റെ കൊഴിഞ്ഞുപോയിരുന്നു.

പനി മാറി ശരീരം അല്പം പുഷ്ടിപ്പെട്ടപ്പോഴാണ് പിതാവ് അബൂബക്ർ(റ) വന്നു തിരുനബി(സ)യോട് ആഇശ(റ)യുടെ കാര്യം സംസാരിച്ചത്. അങ്ങയുടെ പത്നിയെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരാൻ സമയമായില്ലേ എന്നു ചോദിച്ചത്. അപ്പോൾ ആഇശ(റ)ക്ക് ഒൻപതു വയസ്സ് പൂർത്തിയായിരുന്നല്ലോ.

അപ്പോൾ അല്ലാഹുവിന്റെ റസൂലോരുടെ പ്രതികരണം കണ്ണു നനയിപ്പിക്കുന്നതായിരുന്നു: 'അതിന് എന്റെയടുക്കൽ ഇപ്പോൾ പണമൊന്നുമില്ലല്ലോ. അവൾക്ക് മഹ്ർ കൊടുക്കേണ്ടേ? മഹ്ർ നൽകാതെ അവൾ എന്റെതാവില്ലല്ലോ.'

അല്ലാഹുവിന്റെ തിരുദൂതരുടെ ആ ദയനീയാവസ്ഥ ആരുടെ കണ്ണാണ് നിറയ്ക്കാതിരിക്കുക? അത്രയും ദരിദ്രമായിരുന്നല്ലോ അന്നത്തെ അവസ്ഥ. അപ്പോൾ അബൂബക്ർ(റ) പറഞ്ഞത്രെ! 'അതിനുള്ള പണം ഞാൻ തരാം.' അങ്ങനെ 12 ഊഖിയ ജാമാതാവിനോട് കടംവാങ്ങി ആഇശ(റ)ക്ക് കൊടുത്തയച്ചതോടെയാണ് ആഇശ(റ)യുടെ പുതുക്കക്കല്യാണത്തിന് വഴിയൊരുങ്ങിയത്!

ഭാര്യമാരൊന്നും ഭർത്താവിന്റെ രണ്ടാം വിവാഹത്തെ പൊതുവേ അനുകൂലിക്കുന്നവരാവില്ല. എന്നാൽ, ഈ സൗദയുടെ അവസ്ഥ അങ്ങനെയായിരുന്നില്ലല്ലോ. ആഇശ(റ) സപത്നിയായി വരുന്നതിൽ സൗദ(റ)ക്കു സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. അവരെ സ്വാഗതം ചെയ്യാനുള്ള ഒരുക്കത്തിലിയിരുന്നു പിന്നെ സൗദ ബിൻതു സംഅ(റ). നിറഞ്ഞ സന്തോഷത്തോടെ അവർ വിവാഹത്തിന്റെ ഒരുക്കങ്ങളിൽ സജീവമായി.

(തുടരും)

ആദർശം

റൈഹാൻ എ. കരീം

# അഹ്‌ലുസ്സുന്നയുടെ ആദർശഭംഗി



## തൗഹീദെന്ന അടിസ്ഥാനം

അഹ്‌ലുസ്സുന്നത്തിവൽജമാഅത്തിന്റെ അടിസ്ഥാനശിലയാണ് തൗഹീദ്. അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കലാണത്. 'ഏകനാക്കൽ' എന്നാണ് തൗഹീദ് എന്ന അറബിവാക്കിന്റെ അർഥം. ആരാധ്യനായിരിക്കുക എന്നതിലും അതിന്റെ പ്രത്യേകതകളിലും അല്ലാഹുവിന് പങ്കുകാരില്ലെന്ന വിശ്വാസമാണ് തൗഹീദിന്റെ വിശാലാർഥം.

അല്ലാഹു എന്നെന്നും ഉള്ളവനാണെന്നും ആരാധനക്കർഹൻ അവൻ മാത്രമാണെന്നും ലോകത്തെ സൃഷ്ടിക്കുന്നതും ഭരിക്കുന്നതുമെല്ലാം അവനാണെന്നും വിശ്വസിക്കണം. തൗഹീദ് എന്ന ആശയത്തിനെ സൂറത്തുൽ ഇഖ്ലാസിൽ വിശുദ്ധ ഖുർആൻ മനോഹരമായി അവതരിപ്പിച്ചിട്ടുണ്ട്. ഏകനാണെന്നതിനു പുറമെ മറ്റാരെയും ആശ്രയിക്കാത്തവനാണ് അല്ലാഹു. എന്നാൽ, മറ്റുള്ളതെല്ലാം അല്ലാഹുവിനെ ആശ്രയിക്കുകയും ചെയ്യുന്നു.

## അഹദും സ്വമദും

അറിവുള്ളവൻ, കഴിവുള്ളവൻ, കാണുന്നവൻ, കേൾക്കുന്നവൻ എന്നിവയെല്ലാം അല്ലാഹുവിന്റെ വിശേഷണങ്ങളാണല്ലോ. അത് അല്ലാഹുവിനു മാത്രം അംഗീകരിച്ചുകൊടുക്കുന്നതാണ് തൗഹീദ്. അല്ലാഹുവല്ലാതെ മറ്റാർക്കും അറിവോ കഴിവോ കാഴ്ചയോ കേൾവിയോ ഇല്ലെന്നാണോ ഇതിനർഥം? അല്ല, നമുക്കെല്ലാം അറിവും കഴിവും കാഴ്ചയും കേൾവിയുമുണ്ട്. എന്നാൽ, ഈ കഴിവുകളെല്ലാം നമുക്ക് അല്ലാഹു നൽകിയതാണ്. അല്ലാഹുവിന്റെ കഴിവുകളാകട്ടെ ആരും നൽകിയതല്ല; സ്വയം ഉള്ളതാണ്. അതാണ് വ്യത്യാസം.

മറ്റൊന്നിനെയും ആശ്രയിക്കാതെ, അല്ലാഹുവിന് സ്വന്തമായുള്ള ഈ വിശേഷണങ്ങൾ മറ്റാർക്കുമില്ലെന്ന വിശ്വാസമാണ് തൗഹീദിന്റെ മർമ്മം. ഉണ്ടാകൽ അനിവാര്യമായ ശക്തി അല്ലാഹു മാത്രമാണ്. മറ്റുള്ളവയെല്ലാം ഉണ്ടാവുകയോ ഇല്ലാതാവുകയോ ചെയ്യാം. സൃഷ്ടിക്കുക, ഭരിക്കുക, ആരാധനക്ക് അർഹനാവുക എന്നീ വിശേഷണങ്ങളൊന്നും അല്ലാഹുവല്ലാത്ത മറ്റാർക്കും ഉണ്ടാവില്ല. അല്ലാഹുവിനുള്ള തനതായ വിശേഷണങ്ങൾ മറ്റൊരു ശക്തിയിൽ ഉണ്ടെന്ന് പറയൽ തൗഹീദിന് വിരുദ്ധമാണ്. സത്യനിഷേധികൾ അവരുടെ ആരാധ്യവസ്തുക്കൾക്ക് അല്ലാഹുവിനുള്ളതുപോലെ സ്വയം കഴിവുണ്ടെന്ന് ആരോപിച്ചിരുന്നു. അല്ലാഹുവിന്റെ വിശേഷണങ്ങളിൽ ഒന്നുപോലും സൃഷ്ടികളിൽ ആരോപിക്കുന്നത് തൗഹീദിനു വിരുദ്ധമാണ്.

## ശിർക്കെന്ന മഹാപാപം

തൗഹീദിന്റെ വിപരീതമാണ് ശിർക്ക്. ഏഴു വൻപാപങ്ങളിൽ അല്ലാഹുവിന്റെ റസൂൽ(സ) ആദ്യമായെണ്ണിയത് ശിർക്കിനെയാണല്ലോ. അല്ലാഹു ഒരിക്കലും പൊറുക്കാത്ത പാപവും അതു തന്നെ. അല്ലാഹുവിന്റെ ദാത്ത് (അസ്തിത്വം), സ്വിഫാത്ത് (വി

ശേഷങ്ങൾ), അഫ്ആൽ (പ്രവൃത്തികൾ) എന്നിവ അല്ലാഹുവിനെപ്പോലെ മറ്റു ചിലർക്കുമുണ്ടെന്ന് ആരോപിക്കലാണ് ശിർക്ക്. അല്ലാഹുവിനെപ്പോലെ മറ്റൊരാളുണ്ടെന്ന് വിശ്വസിക്കുന്നതു മാത്രമല്ല; അല്ലാഹുവിന്റെ തനതായ വിശേഷണങ്ങളിൽ ഏതെങ്കിലുമൊന്ന് മറ്റൊരു സൃഷ്ടിക്കുണ്ടെന്നു വിശ്വസിക്കുന്നതും ശിർക്കു തന്നെയാണ്.

## അല്ലാഹുവിന്റെ മഹാത്മാക്കൾ


മനുഷ്യസമൂഹത്തിന് മാർഗ്ഗദർശനം നൽകാൻ അല്ലാഹു നിയോഗിച്ചവരാണ് അമ്പിയാക്കളും മുർസലുകളും. വിശുദ്ധ ജീവിതത്തിലേക്ക് മനുഷ്യരെ ക്ഷണിക്കുകയാണ് അവരുടെ ലക്ഷ്യം. അവർ പാപസുരക്ഷിതരാണ്. മാതൃകാപുരുഷന്മാരായ അവരിൽനിന്ന് ഒരു തെറ്റും ഉണ്ടാവുകയില്ലെന്നതിന് വിശുദ്ധ ഖുർആനിലും ഹദീസിലും നിരവധി തെളിവുകളുണ്ട്. പ്രവാചകന്മാർ ഒരിക്കലും സാധാരണ മനുഷ്യരല്ല. അല്ലാഹുവിൽ നിന്ന് ജിബ്രീൽ മുഖേന അവർക്ക് വഹ്‌യ് ലഭിക്കുന്നു. അല്ലാഹു നൽകുന്ന പ്രത്യേക കഴിവുകൊണ്ട് അവരിൽനിന്ന് അത്ഭുതസംഭവങ്ങൾ ഉണ്ടാകുന്നു. ഇതാണ് മുഅ്ജിസത്തുകൾ എന്നറിയപ്പെടുന്നത്. ഔലിയാക്കൾ, ശുഹദാക്കൾ, സജ്ജനങ്ങൾ

> രോഗം വരുമ്പോൾ നാം വൈദ്യസഹായം തേടുന്നു. നമ്മുടെ രോഗം സുഖപ്പെടുത്തുന്നത് അല്ലാഹുവാണ്. അതിനുള്ള ഭൗതികമായ കാരണമാണ് ഡോക്ടർ. ആപത്തുകൾ നേരിടുമ്പോൾ സുഹൃത്തുക്കളോടോ മറ്റോ നാം സഹായം തേടുന്നു. അവിടെ നമ്മെ സഹായിക്കുന്നത് അല്ലാഹുവാണ്. നമ്മുടെ സുഹൃത്തുക്കൾ അതിനുവേണ്ടി അല്ലാഹു നിശ്ചയിച്ച ഭൗതികമായ കാരണങ്ങളാണ്.

തുടങ്ങിയ പുണ്യാത്മാക്കളിൽ നിന്നുണ്ടാകുന്ന അത്ഭുത സംഭവങ്ങളാണ് കറാമത്തുകൾ.

## സഹായികളാര്?

പ്രതിസന്ധിഘട്ടങ്ങളിൽ നമ്മെ സഹായിക്കുന്നതും നമ്മുടെ രോഗങ്ങൾ സുഖപ്പെടുത്തുന്നതും നമ്മെ ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും നമുക്ക് അന്നപാനീയങ്ങൾ നൽകുന്നതുമെല്ലാം ഏക ഇലാഹായ അല്ലാഹുവാണല്ലോ. അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനോട്



മാത്രം സഹായം ചോദിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ വിശ്വാസികൾ. അപ്പോൾ, അമ്പിയാക്കളും ഔലിയാക്കളും മരിച്ചവരെ ജീവിപ്പിക്കുകയും രോഗങ്ങൾ സുഖപ്പെടുത്തുകയും പ്രതിസന്ധിഘട്ടങ്ങളിൽ സഹായിക്കുകയും ചെയ്ത സംഭവങ്ങൾ ഖുർആനിലും ഹദീസിലും നിരവധിയുണ്ടല്ലോ. അല്ലാഹു നൽകുന്ന മുഅ്ജിസത്ത്-കറാമത്തുകൾ മുഖേനയാണതുണ്ടാകുന്നത്.

യഥാർത്ഥത്തിൽ രോഗം സുഖപ്പെടുത്തുന്നതും സഹായിക്കുന്നതും അന്നപാനീയങ്ങൾ നൽകുന്നതും മരിച്ചവരെ ജീവിപ്പിക്കുന്നതുമെല്ലാം അല്ലാഹു തന്നെയാണ്. അമ്പിയാക്കളും ഔലിയാക്കളും അതിനുള്ള ആത്മീയമായ നിമിത്തങ്ങളാണ്. രോഗം വരുമ്പോൾ നാം വൈദ്യസഹായം തേടുന്നു. നമ്മുടെ രോഗം സുഖപ്പെടുത്തുന്നത് അല്ലാഹുവാണ്. അതിനുള്ള ഭൗതികമായ കാരണമാണ് ഡോക്ടർ. ആപത്തുകൾ നേരിടുമ്പോൾ സുഹൃത്തുക്കളോടോ മറ്റോ നാം സഹായം തേടുന്നു. അവിടെ നമ്മെ സഹായിക്കുന്നത് അല്ലാഹുവാണ്. നമ്മുടെ സുഹൃത്തുക്കൾ അതിനുവേണ്ടി അല്ലാഹു നിശ്ചയിച്ച ഭൗതികമായ കാരണങ്ങളാണ്. അമ്പിയാക്കളോ ഔലിയാക്കളോ ഡോക്ടർമാരോ സുഹൃത്തുക്കളോ നമ്മെ സഹായിക്കുന്നത് അവരുടെ സ്വന്തം കഴിവുകൊണ്ടല്ല; അല്ലാഹു യഥാസമയം അവർക്ക് നൽകുന്ന കഴിവുകൊണ്ടാണ്.

## മഹാന്മാരുടെ സന്നിധികൾ

അമ്പിയാക്കളുടെ മുഅ്ജിസതും ഔലിയാക്കളുടെ കറാമത്തും അവരുടെ മരണത്തോടെ അവസാനിക്കില്ലെന്നാണ് നമ്മുടെ വിശ്വാസം. ജീവിതകാലത്തും മരണശേഷവും അല്ലാഹു നൽകുന്ന കഴിവുകൾകൊണ്ട് അവർ നമ്മെ സഹായിക്കും. അവരുടെ മഖ്ബറകൾ

അനുഗൃഹീതമായ സ്ഥലങ്ങളാണ്. അവിടെ സന്ദർശിക്കുന്നതും അവരോട് സഹായം ചോദിക്കുന്നതും അവരെ തവസ്സുലാക്കി അല്ലാഹുവിനോട് ദുആ ചെയ്യുന്നതും പുണ്യകർമ്മമാണ്. പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാൻ സഹായകവുമാണത്. അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ ഔലിയാക്കളെയും സ്വാലിഹീങ്ങളെയും ജീവിതകാലത്ത് സന്ദർശിച്ച് ദുആ വസിയ്യത്ത് ചെയ്യൽ പുണ്യകരമാണെന്ന പോലെ മരണശേഷം അവരെ സന്ദർശിക്കുന്നതും അവരോട് സഹായമഭ്യർത്ഥിക്കുന്നതും നന്മകൾ ഹദ്‌യ ചെയ്ത് അവരെ തവസ്സുലാക്കി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതും പുണ്യകർമം തന്നെയാണ്.

## ചില ചരിത്രസംഭവങ്ങൾ

1. യസീദുബ്നു അബീഉബൈദ്(റ) പറഞ്ഞു: ''സലമത്(റ)വിന്റെ കാലിൽ ഒരു വെട്ടേറ്റ അടയാളം ഞാൻ കണ്ടു. ഈ വെട്ട് എങ്ങനെയുണ്ടായതാണെന്ന് ആരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: ''ഇത് ഖൈബർ യുദ്ധത്തിലേറ്റ വെട്ടാണ്. വെട്ടേറ്റപ്പോൾ 'സലമത് അപകടത്തിൽ പെട്ടുപോയി' എന്ന് ജനങ്ങൾ പറയാൻ തുടങ്ങി. ഞാൻ ഉടനെ തിരുനബി(സ)യെ സമീപിച്ചു. നബി(സ) എന്റെ മുറിവിൽ മൂന്നു പ്രാവശ്യം ഊതി. പിന്നീടിതുവരെ ഈ മുറിവ് വേദനിച്ചിട്ടില്ല.'' (ബുഖാരി 9/479)

**അബൂഹുറയ്റ(റ) നബി(സ)യോടു പറഞ്ഞു: ''അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ അങ്ങയിൽനിന്ന് ധാരാളം ഹദീസുകൾ കേൾക്കുന്നു. പക്ഷേ, എല്ലാം മറന്നുപോകുന്നു. അപ്പോൾ നബി(സ) എന്റെ പക്കലുണ്ടായിരുന്ന തട്ടം വിരിക്കാൻ കൽപ്പിച്ചു. ഞാൻ തട്ടം വിരിച്ചു. നബി(സ) തന്റെ രണ്ടു കരങ്ങൾകൊണ്ടും തട്ടത്തിലേക്ക് കോരിയിട്ടു. ശേഷം തട്ടം കൂട്ടിപ്പിടിക്കാൻ പറഞ്ഞു. ഞാനത് നെഞ്ചോടണച്ചുപിടിച്ചു. അതിനുശേഷം ഞാൻ കേട്ട ഒരു ഹദീസും മറന്നിട്ടില്ല.'' (ബുഖാരി 8/551)**

2. റബീഅതുബ്നുകഅ്ബ്(റ) പറഞ്ഞു: ''ഞാൻ നബി(സ)യോടൊപ്പം ഒരു രാത്രി താമസിച്ചു. നബി(സ)ക്ക് വുളൂഇനും ശുദ്ധീകരണത്തിനുമാവശ്യമായ വെള്ളം കൊണ്ടുവന്നു കൊടുത്തപ്പോൾ നബി(സ) എന്നോട് പറഞ്ഞു: 'നീ (ആവശ്യമുള്ളത്) ചോദിക്കുക.' ഞാൻ ചോദിച്ചു: 'സ്വർഗത്തിലും എനിക്ക് അങ്ങയുടെ കൂടെ കഴിയണം.' അപ്പോൾ റസൂൽ ചോദിച്ചു: 'മറ്റൊന്നും ചോദിക്കാനില്ലേ?' റബീഅത്(റ) പറഞ്ഞു: 'എനിക്ക് അതുതന്നെ മതി.' നബി(സ) പറഞ്ഞു: 'സുജൂദ് വർധിപ്പിച്ചുകൊണ്ട് ഇക്കാര്യത്തിൽ നീ എന്നെ സഹായിക്കുക.'' (മുസ്‌ലിം 2/206)

3. ജാബിർ(റ) പറഞ്ഞു: ''ഹുദൈബിയ്യ ദിവസം ജനങ്ങൾ ദാഹിച്ചുവലഞ്ഞു. നബി(സ)യുടെ അരികിൽ ഒരു പാത്രം വെള്ളമുണ്ടായിരുന്നു. അവിടുന്ന് അതിൽ നിന്ന് വുളൂഅ് ചെയ്തു. ജനങ്ങളെല്ലാം സങ്കടത്തോടെ നബി(സ) യെ സമീപിച്ചു. അവിടുന്ന് ചോദിച്ചു: 'എന്താണ് പ്രശ്നം?' അവർ പറഞ്ഞു: 'ഞങ്ങൾക്ക് വുളൂഅ് ചെയ്യാനും കുടിക്കാനും അങ്ങയുടെ മുമ്പിലുള്ള ഈ വെള്ളമേയുള്ളൂ.' അപ്പോൾ നബി(സ) പാത്രത്തിൽ കൈവെച്ചു. അരുവിയിലൂടെയെന്നവിധം ആ വിരലുകൾക്കിടയിലൂടെ വെള്ളം പൊട്ടിയൊഴുകാൻ തുടങ്ങി. ഞങ്ങൾ അതിൽ നിന്ന് കുടിച്ചു. വുളൂഅ് ചെയ്തു.'' 'നിങ്ങൾ എത്ര പേരുണ്ടായിരുന്നു' എന്ന ചോദ്യത്തിന് ജാബിർ(റ) മറുപടി നൽകി: ''ഞങ്ങൾ ആയിരത്തിഅഞ്ഞൂറ് പേരാണുണ്ടായിരുന്നത്. ഒരു ലക്ഷം മനുഷ്യരുണ്ടായിരുന്നെങ്കിലും ഞങ്ങൾക്ക് ആ വെള്ളം മതിയാകുമായിരുന്നു.'' (ബുഖാരി 8/471)

4. അബൂഹുറയ്റ(റ) നബി(സ)യോടു പറഞ്ഞു: ''അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ അങ്ങയിൽനിന്ന് ധാരാളം ഹദീസുകൾ കേൾക്കുന്നു. പക്ഷേ, എല്ലാം മറന്നുപോകുന്നു. അപ്പോൾ നബി(സ) എന്റെ പക്കലുണ്ടായിരുന്ന തട്ടം വിരിക്കാൻ കൽപ്പിച്ചു. ഞാൻ തട്ടം വിരിച്ചു. നബി(സ) തന്റെ രണ്ടു കരങ്ങൾകൊണ്ടും തട്ടത്തിലേക്ക് കോരിയിട്ടു. ശേഷം തട്ടം കൂട്ടിപ്പിടിക്കാൻ പറഞ്ഞു. ഞാനത് നെഞ്ചോടണച്ചുപിടിച്ചു. അതിനുശേഷം ഞാൻ കേട്ട ഒരു ഹദീസും മറന്നിട്ടില്ല.'' (ബുഖാരി 8/551)

5. മാലിക്(റ) നിവേദനം. ഉമർ(റ)വിന്റെ ഭരണകാലത്ത് കഠിനമായ വരൾച്ചയുണ്ടായി. അന്ന് ഒരാൾ തിരുനബി(സ)യുടെ ഖബറിനു സമീപം വന്നു പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, അങ്ങയുടെ സമുദായത്തിനു മഴ ലഭിക്കാൻ അങ്ങ് അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും! അങ്ങയുടെ സമുദായമിപ്പോൾ വരൾച്ച കാരണം നാശത്തിന്റെ വക്കിലാണ്.' പിന്നീടൊരിക്കൽ അദ്ദേഹം തിരുനബി(സ)യെ സ്വപ്നത്തിൽ ദർശിച്ചു. അവിടുന്ന് സ്വപ്നത്തിൽ അദ്ദേഹത്തോട് പറഞ്ഞു: 'നീ ഉമർ(റ)വിനെ സമീപിച്ച് എന്റെ സലാം പറയുക. അവർക്ക് മഴ ലഭിക്കുമെന്ന് അറിയിക്കുക.' അദ്ദേഹം ഉടൻ ഉമർ(റ)വിന്റെ സന്നിധിയിലെത്തി സംഭവം വിവരിച്ചു. ഉമർ(റ) തിരുനബി(സ)യുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. (അൽബിദായതു വന്നിഹായ 7/111)

അല്ലാഹു നൽകിയ മുഅ്ജിസതുകൾ മുഖേന തിരുനബി(സ) തന്നോട് സഹായമഭ്യർത്ഥിച്ചു വന്ന സ്വഹാബികളെ സഹായിച്ച സംഭവങ്ങളാണിതെല്ലാം.

എസ്.ജെ.എം

സുലൈമാൻ സഖാഫി കുഞ്ഞുകുളം

# നന്മയിൽ കൂട്ടുകൂടാം; ലഹരിയെ മറികടക്കാം

ആർഭാടവും സിനിമയും ലഹരിയുമൊന്നുമല്ല ജീവിതം. ജീവിതം യാഥാർത്ഥ്യമാണ്. സുഖദുഃഖ സമ്മിശ്രമാണ്. നല്ല ജീവിതത്തിനു നല്ല അധ്വാനമുണ്ട്. പാരസ്പര്യവും ഒരുമയുമാണ് ജീവിതം. നാം നമുക്കുവേണ്ടി മാത്രമല്ല; മറ്റുള്ളവർക്കു കൂടി വേണ്ടിയാണ് ജീവിക്കുന്നത്. ഈ സന്ദേശം കൗമാരക്കാരെ തെര്യപ്പെടുത്താൻ നമുക്കു കഴിയണം. പ്രതീക്ഷയും യാഥാർത്ഥ്യബോധവുമാണ് നമ്മെ മുന്നോട്ടു നയിക്കേണ്ടത്. പ്രതീക്ഷ കൈവിടരുത്. യാഥാർത്ഥ്യബോധം എപ്പോഴും കൂടെയുണ്ടാവണം. അതുകൊണ്ടാണ് 'നന്മയിൽ കൂട്ടുകൂടാം ലഹരിയെ മറികടക്കാം' എന്ന മുദ്രാവാക്യം സുന്നി ബാല സംഘം മുന്നോട്ടുവെക്കുന്നത്.

യഥാവിധം കാണാൻ ശ്രമിക്കുന്നതിനു പകരം നമ്മുടെ കാഴ്ചാപരിമിതിയിൽ ആളുകളെ തളച്ചിടുന്നത് ഗുണം ചെയ്യില്ല. കുട്ടികളും നാം മനസ്സിലാക്കുന്നത് പോലെയല്ല. കുട്ടികളെ മനസ്സിലാക്കുന്നതിൽ രക്ഷിതാക്കളും അധ്യാപകരും സമൂഹവും പരാജയപ്പെട്ടതാണ് മയക്കുമരുന്ന് പോലുള്ള തിന്മകൾ വർധിക്കാൻ കാരണം.

തിന്മയെ വിപാടനം ചെയ്യുന്നത് അത്ര എളുപ്പമല്ല. നന്മ നട്ടുപിടിപ്പിക്കുകയാണ് പ്രായോഗികം. എളുപ്പമല്ലെങ്കിലും അതാണ് ഫലപ്രദം. തിന്മകൾ ചെയ്യരുതെന്ന നിർദ്ദേശവും നിരന്തര ഉപദേശവും കുട്ടികൾ ഇഷ്ടപ്പെടുന്നില്ല. അതിനാൽ നന്മയാവട്ടെ എല്ലായിടത്തും വിജയം നേടുന്നത്. അതു കണ്ട് കുട്ടികൾ പഠിക്കട്ടെ. ഞാൻ ലഹരിയുടെ വക്താവല്ല; അതിന്റെ ഇരകളെ സമുദ്ധരിക്കേണ്ടയാളാണെന്ന ബോധം കുട്ടികളിലുണ്ടാകണം. ജനങ്ങളോട് സമ്പർക്കം പുലർത്തുകയും ജനങ്ങളിൽ നിന്നുണ്ടാകുന്ന പ്രയാസങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്ന വിശ്വാസി അങ്ങനെ ചെയ്യാത്ത വിശ്വാസിയെക്കാൾ ഉത്തമനാണെന്ന നബിവചനം ഇവിടെ അനുസ്മരിക്കാം. ലഹരിയും അശ്ലീലവും വർജ്യമാണെന്ന ബോധ്യമാണ് ഓരോരുത്തരുടെയും മനസ്സിലേക്ക് വരേണ്ടത്.

ജീവിതം ഒരേ താളത്തിൽ ക്രമീകരിക്കപ്പെട്ടതല്ല. അതിൽ വ്യത്യസ്തമായ കയറ്റിറക്കമുണ്ടാവും. എന്റെ ആഗ്രഹങ്ങൾ സാധിക്കാതെ മുന്നോട്ടില്ലെന്നു വിചാരിക്കരുത്. അത് മൗഢ്യമാണ്. ഏതവസരത്തിലും യാഥാർത്ഥ്യബോധത്തോടെ തീരുമാനമെടുക്കണം. എല്ലാ പ്രതിസന്ധിഘട്ടത്തെയും സന്തോഷമാക്കിയെടുക്കാൻ കഴിയണം. ജീവിതത്തിൽ പിടിച്ചുനിൽക്കാൻ ലഹരിയെ കൂട്ടുപിടിച്ചാൽ നാം അധമരായിത്തീരും. തീർച്ച.

രാത്രികാലങ്ങളിൽ അലക്ഷ്യമായി യാത്ര ചെയ്യുന്ന കൗമാരക്കാരെ നിയന്ത്രിക്കാനും സ്കൂളുകളുടെ പരിസരത്ത് രാസലഹരിപദാർഥങ്ങൾ വിൽക്കുന്നത് തടയാനും ശക്തമായ നിയമം കൊണ്ടുവരികയും പിടിക്കപ്പെടുന്നവർക്ക് നല്ല ശിക്ഷ ഉറപ്പുവരുത്തുകയും വേണം. മയക്കുമരുന്നുകേസിലെ പ്രതികൾക്ക് അർഹിക്കുന്ന ശിക്ഷ പലപ്പോഴും കിട്ടുന്നില്ല. അർഹമായ ശിക്ഷ വാങ്ങുക്കൊടുക്കുന്ന സംവിധാനം ഒരുക്കണം. അറസ്റ്റ് ചെയ്തു കൊണ്ടുപോകുന്ന അതേവേഗതയിൽ ജാമ്യത്തിലിറങ്ങിവരുന്ന കാഴ്ചയാണ് കാണുന്നത്. ലഹരിസംഘം നടത്തുന്ന അക്രമപ്രവർത്തനങ്ങളെ പ്രത്യേകം നിരീക്ഷിക്കണം. അവരെ സഹായിക്കുന്നവരെ തിരിച്ചറിയണം. മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനെക്കാൾ അതിന്റെ ഉത്ഭവകേന്ദ്രം അന്വേഷിച്ചു കണ്ടെത്തി നശിപ്പിക്കുകയാണ് വേണ്ടത്. മയക്കുമരുന്നിന്റെ പ്രഭവകേന്ദ്രം അടച്ചുപൂട്ടാൻ മിടുക്കരായ കേരളപോലീസിന് കഴിയും. അവരെ ഉപയോഗപ്പെടുത്തുകയാണ് ഭരണകൂടം ചെയ്യേണ്ടത്.

ചെറിയ കാര്യങ്ങൾക്കുപോലും കുട്ടികൾ നിരാശരാകുന്ന കാലമാണിത്. എല്ലാം പെട്ടെന്ന് നേടണമെന്ന ആഗ്രഹം അവരെ നിരാശയിലേക്കും ആത്മഹത്യയിലേക്കും കൊലപാതകമടക്കമുള്ള കുറ്റകൃത്യങ്ങളിലേക്കും നയിക്കുന്നു. ജീവിതം ആർത്തുല്ലസിക്കാനുള്ളതാണെന്നാണ് പുതിയ സമൂഹം മനസ്സിലാക്കുന്നത്. മൈ ബോഡി മൈ ചോയ്സ്, മൈ ലൈഫ് മൈ ചോയ്സ് തുടങ്ങിയ നിരുത്തരവാദ സിദ്ധാന്തങ്ങൾ കാമ്പസുകൾ വഴി ചില ദുഷ്ടശക്തികൾ കടത്തിക്കൊണ്ടുവരുന്നു. അതിന്റെ ഫലമായി കൗമാരക്കാരിൽ ചിന്താവ്യതിയാനം സംഭവിക്കുന്നു. സാമൂഹ്യചിന്തയിൽനിന്ന് സ്വാർത്ഥചിന്തയിലേക്ക് ജനങ്ങൾ എത്തിച്ചേരുന്ന കാഴ്ചയാണ് ലിബറലിസത്തിന്റെ ഫലമായി നാം കാണുന്നത്.

എല്ലാ ആഘോഷങ്ങളെയും അതിന്റെ മൂർധന്യത്തിലെത്തിക്കു

**എല്ലാ ആഘോഷങ്ങളെയും അതിന്റെ മൂർധന്യത്തിലെത്തിക്കുന്നത് ലഹരിയാണ്. ലഹരിയില്ലാതെ ആഘോഷമില്ലെന്ന തരത്തിലേക്ക് സമൂഹം മാറിയിരിക്കുന്നു. വിദ്യാസമ്പന്നരായ ഉദ്യോഗസ്ഥർ പോലും ലഹരി ഉപയോഗിച്ച് അലക്ഷ്യമായി വണ്ടിയോടിച്ച് അപകടം വരുത്തുന്ന വാർത്ത നാം വായിക്കുന്നു. അമ്മയെയും പെങ്ങളെയും തിരിച്ചറിയാതെ പെരുമാറാൻ ലഹരി ധൈര്യം നൽകുന്നു.**



ന്നത് ലഹരിയാണ്. ലഹരിയില്ലാതെ ആഘോഷമില്ലെന്ന തരത്തിലേക്ക് സമൂഹം മാറിയിരിക്കുന്നു. വിദ്യാസമ്പന്നരായ ഉദ്യോഗസ്ഥർ പോലും ലഹരി ഉപയോഗിച്ച് അലക്ഷ്യമായി വണ്ടിയോടിച്ച് അപകടം വരുത്തുന്ന വാർത്ത നാം വായിക്കുന്നു. അമ്മയെയും പെങ്ങളെയും തിരിച്ചറിയാതെ പെരുമാറാൻ ലഹരി ധൈര്യം നൽകുന്നു. അങ്ങനെ മാതാപിതാക്കളെ കൊല്ലുന്ന, ഭാര്യയെ ഒറ്റക്കുത്തിന് ശരിയാക്കുന്ന സമൂഹം ഇവിടെ വളരുന്നു. മറ്റുള്ളവർക്ക് കരുതൽ കൊടുക്കാനും സഹജീവികളെ പരിഗണിക്കാനും കഴിയാത്തവിധം ലഹരി പുതിയ സമൂഹത്തെ ബാധിച്ചിരിക്കുന്നു. നാം മൃഗങ്ങളെക്കാൾ അധഃപതിക്കാൻ അധികനാൾ വേണ്ടിവരില്ല.

കൗതുകത്തിനും കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങിയും ലഹരിയിൽ വീണവർ നമുക്കിടയിൽ ധാരാളമുണ്ട്. നിലയില്ലാകയത്തിലകപ്പെട്ട് ലഹരിസംഘത്തിന്റെ അടിമയായി ജീവിതം നയിക്കേണ്ടി വന്നവരാണിവർ. ഇത്തരക്കാർക്ക് വീട്ടുകാരും നാട്ടുകാരുമെല്ലാം ശത്രുക്കളാണ്. ഉപദേശിക്കുന്നവരെല്ലാം ശത്രുക്കൾ. ലഹരിസംഘങ്ങളാണ് അവരുടെ മിത്രങ്ങൾ. 8,9,10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ ലഹരിക്കടിമപ്പെടുമ്പോൾ രക്ഷിതാക്കളും അധ്യാപകരും പൊതുസമൂഹവും ഭരണകൂടവുമെല്ലാം എന്തെടുക്കുകയായിരുന്നു എന്ന ചോദ്യം പ്രസക്തമല്ലേ?

കള്ളക്കടത്ത്, ഹവാല, രാഷ്ട്രീയം എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ് ലഹരിമാഫിയ. കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഈ സംഘത്തെ നേരിടാൻ സാധിക്കൂ. ലഹരിമരുന്നിന്റെ ദൂഷ്യങ്ങളെക്കുറിച്ചുള്ള ബോധവത്കരണം, കുട്ടികളും കുടുംബാംഗങ്ങളുമായുള്ള സുദൃഢബന്ധം, ലഹരിയുടെ പിടിയിൽ നിന്നു മോചിതരാകുന്ന വിദ്യാർത്ഥികളെ പുനരധിവസിപ്പിക്കാൻ പ്രത്യേക സൗകര്യം എന്നിവ ആലോചനാവിധേയമാകേണ്ടതാണ്.

റാഗിംഗും അക്രമവും കൊള്ളയും വർഗീയതയും പ്രോത്സാഹിപ്പിക്കുന്ന സിനിമകൾക്ക് നിയന്ത്രണമേർപ്പെടുത്താത്ത കാലത്തോളം യുവത അക്രമോത്സുകരായിത്തീരുക തന്നെ ചെയ്യും. സമീപകാലത്ത് നടന്ന കൊലപാതകങ്ങളിലും ലഹരിക്കേസുകളിലും അധികവും സാമ്പത്തികമോഹങ്ങളിൽ നിന്നുണ്ടായതാണ്. ആർത്തി മനുഷ്യന്റെ വിവേകം നഷ്ടപ്പെടുത്തുന്നു. സംതൃപ്തി നമ്മെ സന്തോഷിപ്പിക്കുന്നു. അതിനാൽ നമുക്ക് നന്മയിൽ കൂട്ടുകൂടാം, ലഹരിയെ മറികടക്കാം.

# മുഅല്ലിം ഭവനങ്ങൾ ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: സമസ്ത സെന്റിനറി ആഘോഷത്തിന്റെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ നടപ്പിലാക്കുന്ന 100 മുഅല്ലിം സ്പെഷ്യൽ ഭവനപദ്ധതി പ്രകാരം നിർമ്മിച്ച മൂന്ന് ഭവനങ്ങളുടെ ഉദ്ഘാടനം പ്രസിഡന്റ് സയ്യിദ് അലി ബാഫഖി നിർവഹിച്ചു. കണ്ണൂർ കൂത്തുപറമ്പ് റെയ്ഞ്ചിലെ ഇരിട്ടിയിൽ നടന്ന ചടങ്ങിൽ എസ്.ജെ.എം ട്രഷറർ വി.പി.എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. കേന്ദ്ര കമ്മിറ്റി സെക്രട്ടറിമാരായ സുലൈമാൻ സഖാഫി കുഞ്ഞുകുളം, വി.വി അബൂബക്കർ സഖാഫി, ജില്ലാ സെക്രട്ടറി ആർ അബ്ദുറഹ്മാൻ സഖാഫി സംബന്ധിച്ചു.

തൃശൂർ റെയ്ഞ്ചിലെ ഓട്ടുപാറയിൽ നടന്ന ചടങ്ങിൽ എസ്.ജെ.എം സെൻട്രൽ കമ്മിറ്റി സെക്രട്ടറി സുലൈമാൻ സഖാഫി കുഞ്ഞുകുളം, ജില്ലാ പ്രസിഡന്റ് മുഹമ്മദലി സഅദി, ജനറൽ സെക്രട്ടറി എസ്.എം.കെ തങ്ങൾ, ഇ.കെ മുഹമ്മദ് കോയ സഖാഫി, മറ്റു ജില്ലാ ഭാരവാഹികൾ, കേരള മുസ്‌ലിം ജമാഅത്ത്, സുന്നി മാനേജ്മെന്റ് അസോസിയേഷൻ, സുന്നി യുവജന സംഘം പ്രതിനിധികൾ, റെയ്ഞ്ച് ഭാരവാഹികൾ സംബന്ധിച്ചു.

മലപ്പുറം വെസ്റ്റ് ജില്ലയിലെ താനൂർ റെയ്ഞ്ചിൽ നടന്ന ചടങ്ങിൽ ജന: സെക്രട്ടറി തെന്നല അബൂഹനീഫൽ ഫൈസി അധ്യക്ഷത വഹിച്ചു. സുലൈമാൻ സഖാഫി കുഞ്ഞുകുളം, ബശീർ മുസ്‌ലിയാർ ചെറൂപ്പ തുടങ്ങിയ സംസ്ഥാന നേതാക്കളും ജില്ലാ നേതാക്കളും സംബന്ധിച്ചു. പ്രഥമഭവനത്തിന്റെ ഉദ്ഘാടനം നേരത്തെ പാലക്കാട് ജില്ലയിലെ നെന്മാറയിൽ എസ്.ജെ.എം സാരഥികളുടെ സാന്നിധ്യത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി നിർവഹിച്ചിരുന്നു.

# ഫത്ഹേ മുബാറക് പ്രൗഢമായി

## സയ്യിദ് അലി ബാഫഖി ആദ്യാക്ഷരം പകർന്നു

പാനൂർ(കണ്ണൂർ): സുന്നി വിദ്യാഭ്യാസ ബോർഡിന് കീഴിലുള്ള മദ്റസകളുടെ പ്രവേശനോത്സവം ഫത്ഹേ മുബാറക് സംസ്ഥാനതല ഉദ്ഘാടനം പാനൂർ എലാങ്കോട് ഹയാത്തുൽ ഇസ്‌ലാം മദ്റസയിൽ നടന്നു. അക്ഷരലോകത്തേക്ക് ആദ്യചുവട് എന്ന ശീർഷകത്തിൽ എസ്.ജെ.എം സംഘടിപ്പിച്ച പ്രൗഢചടങ്ങിൽ പ്രസിഡന്റ് അലി ബാഫഖി കുരുന്നുകൾക്ക് ആദ്യാക്ഷരം കുറിച്ചുനൽകി.

വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ.കെ അബ്ദുൽ ഹമീദ് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. മാനേജർ സി.പി സൈതലവി ആമുഖഭാഷണം നടത്തി. എസ്.എം.എ ഉപാധ്യക്ഷൻ അബ്ദുറശീദ് ദാരിമി, പാനൂർ നഗരസഭ ചെയർമാൻ കെ.പി ഹാശിം, എസ്.ജെ.എം സംസ്ഥാന ജനറൽ സെക്രട്ടറി അബൂഹനീഫൽ ഫൈസി, കണ്ണൂർ ജില്ലാ സെക്രട്ടറി വി.വി അബൂബക്കർ സഖാഫി പ്രസംഗിച്ചു. വി.പി.എം വില്യാപ്പള്ളി, സയ്യിദ് ഇസ്മാഈൽ ഹാദി, സയ്യിദ് ശിഹാബുദ്ദീൻ അൽഹൈദറൂസി, സയ്യിദ് ഹാമിദ് ആറ്റക്കോയ, സയ്യിദ് സഅദ് തങ്ങൾ, അശ്റഫ് സഖാഫി കടവത്തൂർ, കെ ഉമർ മദനി, ബശീർ മുസ്‌ലിയാർ, പ്രൊഫ യു.സി അബ്ദുൽമജീദ്, സയ്യിദ് ജഅഫർ ആറ്റക്കോയ, ബി.എ അജീർ സഖാഫി, ഹനീഫ് പാനൂർ, വി.കെ മമ്മു, ഡോ. പി മഹ്മൂദ്, സുലൈമാൻ സഖാഫി കുഞ്ഞുകുളം, എം.ബി.എസ് തങ്ങൾ താത്തൂർ സംബന്ധിച്ചു.

സ്മാർട്ട് സ്കോളർഷിപ്പ് ജേതാക്കൾക്കുള്ള അവാർഡ് ദാനവും നടത്തി. അശ്റഫ് സഖാഫി കടവത്തൂർ, വി.വി അബൂബക്കർ സഖാഫി എന്നിവരെ ആദരിച്ചു.

# ആദർശ സമ്മേളനങ്ങൾ വിജയിപ്പിക്കും: സമസ്ത

കോഴിക്കോട്: കേരള മുസ്‌ലിം ജമാഅത്ത് നടത്തുന്ന ആദർശ സമ്മേളനങ്ങളും അവയോടനുബന്ധിച്ച് ജില്ലയിൽ നടത്തുന്ന സന്ദേശയാത്രകളും വിജയിപ്പിക്കാൻ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജില്ലാഘടകം തീരുമാനിച്ചു. മർകസിൽ ചേർന്ന ജില്ലാ സെക്രട്ടറിയേറ്റ് യോഗം ജില്ലയിലെ പരിപാടികളിൽ പങ്കെടുക്കേണ്ട പ്രതിനിധികളെ നിയോഗിച്ചു. മെയ് രണ്ടാം വാരം ജില്ലാ പണ്ഡിതസംഗമം സംഘടിപ്പിക്കും. ജാമിഅത്തുൽ ഹിന്ദ് സ്ഥാപനങ്ങളിൽ നടത്തിയ ഇൻസ്പെക്ഷൻ വിലയിരുത്തി റിപ്പോർട്ട് കേന്ദ്ര മുശാവറക്ക് നൽകും. യോഗത്തിൽ വി.പി.എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. ടി.കെ അബ്ദുറഹ്മാൻ ബാഖവി, കെ.എം ബശീർ സഖാഫി, എ.പി അൻവർ സഖാഫി, വെണ്ണക്കോട് ശുകൂർ സഖാഫി ചർച്ചകൾക്ക് നേതൃത്വം നൽകി.

# 18 മദ്റസകൾക്കു കൂടി അംഗീകാരം

കോഴിക്കോട്: സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി 18 മദ്റസകൾക്കു കൂടി അംഗീകാരം നൽകി. മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്നും കർണാടകയിൽ നിന്നുമുള്ള മദ്റസകളാണ് പുതുതായി അംഗീകാരം നേടിയത്. സമസ്ത സെന്ററിൽ നടന്ന ബോർഡ് എക്സിക്യൂട്ടീവ് യോഗത്തിൽ പ്രൊഫ. എ.കെ അബ്ദുൽ ഹമീദ് സ്വാഗതവും പ്രൊഫ. കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സി.പി സൈതലവി മാസ്റ്റർ വരവ് ചെലവ്, റിപ്പോർട്ട് അവതരിപ്പിച്ചു.

സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, അബൂഹനീഫൽ ഫൈസി, വി.പി.എം വില്യാപ്പള്ളി, ഡോ. അബ്ദുൽഅസീസ് ഫൈസി, അഡ്വ. ഇസ്മാഈൽ വഫാ, മുസ്തഫ മാസ്റ്റർ കോഡൂർ, ബി.എസ് അബ്ദുല്ല കുഞ്ഞി ഫൈസി, ഡോ. മുഹമ്മദ് കുഞ്ഞ് സഖാഫി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, യു.സി അബ്ദുൽ മജീദ്, പി.സി ഇബ്റാഹീം മാസ്റ്റർ, അബ്ദുറഹ്മാൻ ദാരിമി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇ യഅഖൂബ് ഫൈസി, കെ.കെ മുഹമ്മദലി ഫൈസി, കെ.ഒ അഹ്മദ് കുട്ടി ബാഖവി, കെ ഉമർ മദനി, വി.എച്ച് അലി ദാരിമി, അബ്ദുറഹ്മാൻ മദനി ജപ്പു, കെ.കെ.എം കാമിൽ സഖാഫി തുടങ്ങിയവർ സംബന്ധിച്ചു.

# ദേശീയ വിദ്യാഭ്യാസ രംഗത്ത് മർകസിന് വ്യാപക പദ്ധതികൾ

കോഴിക്കോട്: ദേശീയ തലത്തിൽ പ്രത്യേക മിഷനുകൾക്ക് കീഴിൽ വ്യാപക വിദ്യാഭ്യാസ-സാമൂഹ്യക്ഷേമ പദ്ധതികൾക്ക് മർകസ് ജനറൽബോഡി രൂപം നൽകി. വിദ്യാഭ്യാസത്തിലൂടെയും അടിസ്ഥാനസൗകര്യങ്ങളുടെ നവീകരണത്തിലൂടെയും മാത്രമേ ഇന്ത്യൻ മുസ്‌ലിംകളുടെ ഉന്നമനം സാധ്യമാവൂ എന്ന കഴിഞ്ഞകാല അനുഭവത്തിൽ നിന്നാണ് വിപുലീകരണ പദ്ധതികൾക്ക് തുടക്കമിടുന്നത്. ബംഗാൾ, ഗുജറാത്ത്, ബാംഗ്ലൂർ റീജിയനുകളിൽ നിലവിലുള്ള ക്യാമ്പസുകൾ മർകസ് മോഡൽ ഇന്റഗ്രേറ്റഡ് ക്യാമ്പസാക്കുക, മർകസ് പബ്ലിക് സ്കൂളുകൾ, സഹ്റത്തുൽ ഖുർആൻ കേന്ദ്രങ്ങൾ ദേശിയ തലത്തിൽ വ്യാപിപ്പിക്കുക, ലോ കോളേജുകളും നിയമ സഹായ വേദികളും സ്ഥാപിക്കുക, മെഡിക്കൽ മിഷന്റെ ഭാഗമായി അലോപ്പതി, യൂനാനി ഹോസ്പിറ്റലുകളും പഠന കേന്ദ്രങ്ങളും നിർമിക്കുക തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. കൂടാതെ കേരളത്തിലെ മർകസ് സ്ഥാപനങ്ങളിൽ ഇതര സംസ്ഥാനക്കാർക്ക് കൂടുതൽ പ്രവേശനം നൽകുന്നതിനുള്ള നടപടി ക്രമങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. സമസ്ത മുശാവറ പ്രഖ്യാപിച്ച സ്വകാര്യ യൂണിവേഴ്സിറ്റിയുടെ സാക്ഷാത്കാരത്തിനും മർകസ് അൻപതാം വാർഷിക ആഘോഷങ്ങൾക്കുമുള്ള പ്രാഥമിക പ്രവർത്തനങ്ങളും യോഗത്തിൽ ചർച്ച ചെയ്തു.

സയ്യിദ് അലി ബാഫഖി തങ്ങൾ പ്രസിഡന്റും കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ജനറൽ സെക്രട്ടറിയും എ പി അബ്ദുൽകരീം ഹാജി ട്രഷററുമായി 2025-28 വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയെ യോഗം തിരഞ്ഞെടുത്തു. 29 അംഗങ്ങളും 5 ക്ഷണിതാക്കളും ഉൾപ്പെടുന്നതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി.

ജനറൽ ബോഡി യോഗം സയ്യിദ് ഇബ്റാഹീമുൽ ഖലീൽ അൽ ബുഖാരി ഉദ്ഘാടനം ചെയ്തു. സയ്യിദ് അലി ബാഫഖി പ്രാർഥന നിർവഹിച്ചു. കാന്തപുരം ഉസ്താദ് അധ്യക്ഷത വഹിച്ചു. സി മുഹമ്മദ് ഫൈസി, വി.പി.എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, ത്വാഹ മുസ്‌ലിയാർ, പി.വി മൊയ്തീൻ കുട്ടി മുസ്‌ലിയാർ, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, ഡോ. മുഹമ്മദ് അബ്ദുൽഹകീം അസ്ഹരി, റഹ്മതുല്ലാഹ് സഖാഫി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, മജീദ് കക്കാട്, അലി അബ്ദുല്ല, പ്രൊഫ. എ.കെ അബ്ദുൽഹമീദ്, സി.പി സൈതലവി, എ സൈഫുദ്ദീൻ ഹാജി, സി.പി ഉബൈദുല്ല സഖാഫി തുടങ്ങിയവർ സംബന്ധിച്ചു.

# തിരുചര്യകൾ ഉൾക്കൊണ്ട് ജീവിതം ക്രമീകരിക്കണം: കാന്തപുരം

കോഴിക്കോട്: ആത്മീയതയും ധാർമികതയും സത്യസന്ധതയും നന്മകളും ഉൾക്കൊള്ളുന്ന തിരുചര്യകൾ അനുധാവനം ചെയ്ത ജീവിതം ക്രമീകരിക്കാൻ വിദ്യാർഥികൾ തയ്യാറാകണമെന്ന് കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. ജാമിഅ മർകസിനു കീഴിലെ വിവിധ കുല്ലിയ്യകളിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ 2025-26 അക്കാദമിക് വർഷത്തെ പഠനാരംഭം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 19 സംസ്ഥാനങ്ങളിൽ നിന്നെത്തിയ ആയിരത്തിലധികം വിദ്യാർഥികൾക്ക് വിശ്രുത ഹദീസ്ഗ്രന്ഥമായ സ്വഹീഹുൽ ബുഖാരിയിലെ ഹദീസ് ചൊല്ലിക്കൊടുത്താണ് തുടക്കം കുറിച്ചത്. കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികളും അധ്യാപകരും പങ്കെടുത്തു. തഖസ്സുസ്, കുല്ലിയ്യ ഉസൂലുദ്ദീൻ, കുല്ലിയ്യ ശരീഅ, കുല്ലിയ്യ ലുഗ അറബിയ്യ, കുല്ലിയ്യ ദിറാസത്തുൽ ഇസ്‌ലാമിയ്യ വൽ ഇജ്തിമാഇയ്യ തുടങ്ങിയ ഫാക്കൽറ്റികളിലായി 550 വിദ്യാർഥികളാണ് ഈ വർഷം പ്രവേശനം നേടിയത്. മർകസ് ഡയറക്ടർ ജനറൽ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. ഡോ. ഹുസൈൻ സഖാഫി, വി.പി.എം വില്യാപ്പള്ളി, അബ്ദുൽ ജലീൽ സഖാഫി, അബ്ദുൽ അസീസ് സഖാഫി, കുഞ്ഞിമുഹമ്മദ് സഖാഫി, അബ്ദുല്ല സഖാഫി, ഉമറലി സഖാഫി, അബ്ദുറഹ്മാൻ ഫൈസി, പി.സി അബ്ദുല്ല മുസ്‌ലിയാർ, നൗശാദ് സഖാഫി, അബ്ദുൽ ഗഫൂർ അസ്ഹരി, ബശീർ സഖാഫി, അബൂബക്കർ സഖാഫി, അബ്ദുറഹ്മാൻ സഖാഫി, സത്താർ കാമിൽ സഖാഫി, സുഹൈൽ അസ്ഹരി, സയ്യിദ് ജസീൽ ശാമിൽ ഇർഫാനി, മുഹമ്മദ് അസ്‌ലം സഖാഫി സംബന്ധിച്ചു.

## ഇംഗ്ലീഷ് മീഡിയം മദ്റസ പൊതുപരീക്ഷാഫലം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് മാർച്ച് 8, 9 തീയതികളിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ നടത്തിയ അഞ്ച്, ഏഴ് ക്ലാസുകളിലെ മദ്റസ പൊതുപരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. മൊത്തം പരീക്ഷയെഴുതിയ വിദ്യാർഥികളിൽ 99.76% പേർ തുടർപഠനത്തിന് യോഗ്യത നേടി.

ഏഴാം തരത്തിൽ പരീക്ഷയിൽ പങ്കെടുത്ത 13839 വിദ്യാർഥികളിൽ 901 പേർ എല്ലാ വിഷയങ്ങളിലും എ പ്ലസും 1835 പേർ എ ഗ്രേഡും അഞ്ചാം തരത്തിൽ 4321 വിദ്യാർഥികളിൽ 268 പേർ എല്ലാ വിഷയങ്ങളിലും എ പ്ലസും 373 കുട്ടികൾ എ ഗ്രേഡും നേടി. വിദ്യാർഥികളെയും മുഅല്ലിംകളെയും രക്ഷിതാക്കളെയും മാനേജ്മെന്റ് ഭാരവാഹികളെയും സുന്നി വിദ്യാഭ്യാസ ബോർഡ്, ജംഇയ്യത്തുൽ മുഅല്ലിമീൻ സാരഥികൾ അഭിനന്ദിച്ചു.

## ഗൾഫ് സെക്കർ മദ്റസ പൊതുപരീക്ഷാഫലം

കോഴിക്കോട്: ഇസ്‌ലാമിക് എജ്യുക്കേഷണൽ ബോർഡ് ഏപ്രിൽ 4,5,8 തീയതികളിൽ യുഎഇ, ഒമാൻ, ബഹ്റൈൻ, സൗദി അറേബ്യ, കുവൈത്ത്, ഖത്വർ എന്നി ഗൾഫ് രാജ്യങ്ങളിൽ നടത്തിയ 5, 7, 10, 12 ക്ലാസുകളിലെ മദ്റസ പൊതുപരീക്ഷാ ഫലം പ്രഖ്യാപിച്ചു. 93 സെന്ററുകളിലായി 2118 വിദ്യാർഥികൾ പരീക്ഷയെഴുതിയതിൽ 2073 പേർ ഉപരിപഠനത്തിന് അർഹരായി. 160 സൂപ്പർവൈസർമാരുടെയും 15 സൂപ്രണ്ടുമാരുടെയും നേതൃത്വത്തിലാണ് പരീക്ഷകൾ നടത്തിയത്. അഞ്ചാം തരത്തിൽ 96.60 ശതമാനവും ഏഴാം തരത്തിൽ 98.73 ശതമാനവും പത്താംതരത്തിൽ 98.01 ശതമാനവും പന്ത്രണ്ടാം തരത്തിൽ 100 ശതമാനവും പേർ ഉപരിപഠനത്തിന് അർഹത നേടി.

തീരം

റൈഹാൻ

# ആദർശ ഗാനം



വിശ്വാസത്തിനടിസ്ഥാനം
തൗഹീദാണെന്നറിയേണം
ഏക ഇലാഹാണല്ലാഹു
എന്നത് ഉള്ളിലുറയ്ക്കേണം

സ്വമദായവനാണവനേകൻ
അവനല്ലാതില്ലാരാധ്യൻ
തൗഹീദുള്ളിലുറച്ചെങ്കിൽ
ഇരുലോകത്തും സമ്പന്നൻ

വൻപാപങ്ങളിലൊന്നാമൻ
ശിർക്കാണെന്നു മറക്കല്ലേ
ആരാധനകളിൽ അല്ലാവിൽ
പങ്കാളികളെ ചേർക്കല്ലേ.

ശിർക്കല്ലാഹു പൊറുക്കില്ല
മുശ്രികിനൊട്ടും ഖൈറില്ല
ഈമാനുള്ളവരൊരു നാളും
ശിർക്കിൻ വഴിയേ പോകില്ല

റബ്ബിൻ അമ്പിയ മുർസലുകൾ
ഉന്നതരായ മഹാത്മാക്കൾ
ജീവിതകാലത്തൊരു തെറ്റും
ചെയ്യാത്തവരാണാ നിധികൾ

നബിമാർക്കുണ്ടേ മുഅ്ജിസത്
ഉമ്മത്തിന്നതു നിഅ്മത്ത്
നമ്മുടെ തണലാണവരെന്നും
നാഥൻ നൽകിയ റഹ്മത്ത്

സ്വിദ്ദീഖീങ്ങൾ ശുഹദാക്കൾ
സൽഗുണരാം പുണ്യാത്മാക്കൾ
അവരു മയങ്ങും മഖ്ബറകൾ
അഭയം തരുമാ സന്നിധികൾ

അവരെ തവസ്സുൽ ചെയ്തീടാം
അല്ലാഹുവിനോടിട തേടാം
അതിനാൽ പുണ്യം നേടീടാം
നല്ലവരായിത്തീർന്നീടാം

റബ്ബ് സഹായം നൽകുമ്പോൾ
അവരും നമ്മെ സഹായിക്കും
അവരുടെ മദദും പ്രാർത്ഥനയും
നമുക്കു വിജയം നൽകീടും

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally